No. 244

JUNE 2014

KERALA PRIVATE

# COLLEGE TEACHER

*a monthly journal of the all kerala private college teachers' association*



KERALA PRIVATE
# COLLEGE TEACHER

*a monthly journal of the all kerala private college teachers' association*

No. 244 JUNE 2014



EDITORIAL BOARD

*Chief Editor*

**Promod Vellachal**

*Managing Editor*

**Prof. R. Mohanakrishnan**

*Assistant Editor*

Dr. M.S.Vasanthakumar

*Members*

Dr. K. P. Sukumaran Nair

Dr. K. Sreevalsan

Dr. D.K. Babu

Prof. A.G. Oleena

Dr. Kusalakumari

Prof. T.K.Ramakrishnan

Dr. C. Unnikrishnan

Dr. Rakhi Rgahavan

Dr. K.Biju kumar

Dr. I.G. Shibi

Prof. A.C. Sreehari

Prof. N. Vipin Chandran

Dr. N.Gopa kumar

Dr. Ajith. G. Krishna

Dr. S. Soju

Prof. N. K. Sunilkumar

Prof. Sreejith



AKPCTA State Committee Office
Mathrubhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org





# 244

## inside


സ്മരണകളിരമ്പുന്ന പുന്നപ്ര വയലാറിന്റെ രണഭൂമിയിൽ

Higher Education Policy
Making in India: A Neo-liberal agenda
Dr. Saumen Chattopadhyay

ദേശീയ ശാസ്ത്രദിനവും ചില ചിന്തകളും
**പി.എം.സിദ്ധാർത്ഥൻ**

Culture, Art and Politcis of Engagement
**Sreekantan Nair**

വൈസ്ചാൻസലർമാർ ഉണ്ടാവുന്നതും ഉണ്ടാവേണ്ടതും

Democracy, Education and Governance: A Note
**Dr. A. Ashokan**

നല്ലഭാഷ പറഞ്ഞാൽ
**ഡോ.സി.ടി.ഫ്രാൻസിസ്**

**Ekalavya**
**S. K. Prathap**

സ്വർഗ്ഗവും ഭൂമിയും സല്ലപിക്കുന്നു
**ഡോ.എം.എസ്.വസന്തകുമാർ**

ദർബാർ: ആസക്തികളും വിലാപങ്ങളും
**എൻ. രേണുക**

ഉപയുക്തതയുടെ പ്രത്യയശാസ്ത്രം
ചില സമകാല പെൺകാഴ്ചകൾ
**എ.ജി.ഒലീന**

ഒരു ചോദ്യത്തിൽ ഉത്തരം നഷ്ടപ്പെട്ടുപോയ ജീവിതം
**ചീഫ് എഡിറ്റർ**

സ്ത്രീ കടന്നുവന്ന കനൽവഴികൾ
**ഡോ.അജി.സി.പണിക്കർ**

ദില്ലിയിലെ ചുമരുകളിൽ കാണുന്ന കാഴ്ചകൾ
**ഡോ. എൻ.എം.സണ്ണി**

**ടോപ് പെർഫോമർ**
**പത്മനാഭൻ കാവുമ്പായി**

അന്താരാഷ്ട്ര ക്രിസ്റ്റലോഗ്രഫി വർഷം - 2014
**ഡോ.എം.ആർ.സുദർശനകുമാർ**

Mandatory 2% CSR spend set to kick in from April 1
**Dr.P.S. Mohanakumar**



*Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.*

Chief Editor's Desk



# വറചട്ടിയിൽ നിന്നും എരി തീയിലേക്കോ....?

ഓർമ്മകളിൽ നിണമുണങ്ങാത്ത പുന്നപ്രവയലാർ സമരം. അനീതിക്കും അധികാര ഗർവ്വിനുമെതിരെ മനുഷ്യർ നടത്തിയ അതിജീവനകലാപം. എ.കെ. പി.സി.ടി.എ.യുടെ 56-ാം സംസ്ഥാന സമ്മേളനം ആലപ്പുഴയിൽ വച്ചു നടന്നപ്പോൾ നടന്നുപോയ വഴികളിലെ മൺതരികളിൽ നിറയെ സമരത്തിന്റെ ഊർജ്ജമുണ്ടായിരുന്നു. അധികാരമത്തിന്റെ ഭ്രാന്തിളകിയ മർദ്ദനോപകരണങ്ങൾക്കു മുന്നിൽ വാരിക്കുന്തവുമെടുത്ത് പൊരുതിയവർ പൊരുതിവീണവർ, പൊരുതിമരിച്ചവർ. എല്ലാവരും ഒരു പുതിയ മാനവനീതിക്കുവേണ്ടി ജീവിതം സമരമാക്കിയവരായിരുന്നു.

എ.കെ.പി.സി.ടി.എ. 56-ാം സംസ്ഥാന സമ്മേളനമുയർത്തിയ മുദ്രാവാക്യം 'ഉന്നതവിദ്യാഭ്യാസരംഗത്ത് ജനാധിപത്യം പുനഃസ്ഥാപിക്കുക' എന്നതായിരുന്നു (Restore Democracy in Higher Education). ടാഗോറിനെയും ഗാന്ധിജിയെയുമെല്ലാം തള്ളിത്താഴെയിട്ട് അംബാനിയും ബിർലയും സാംപിട്രോഡമാരും അലറിയെത്തുന്ന കാലത്ത് ഉന്നതവിദ്യാഭ്യാസം സംരക്ഷിക്കാനും അവിടെ ജനാധിപത്യ മൂല്യങ്ങൾ നിലനിർത്താനും ആഹ്വാനം ചെയ്തുകൊണ്ടാണ് ആലപ്പുഴ സമ്മേളനം അവസാനിച്ചത്.

ചരിത്രപരമായ ഒരു സന്ദർഭത്തിലാണ് ആലപ്പുഴ സമ്മേളനം നടന്നത്. ഉന്നതവിദ്യാഭ്യാസരംഗത്ത് ജനാധിപത്യം പുനഃസ്ഥാപിക്കാനുള്ള ആഹ്വാനവും മുദ്രാവാക്യവും സ്വീകാര്യമാക്കി മാറ്റേണ്ട നിർണ്ണായകമായ ഒരു മുഹൂർത്തമായിരുന്നു അത്. ഏപ്രിൽ 10-ാം തീയതി കേരളത്തിൽ പാർലമെന്റ് തെരഞ്ഞെടുപ്പ് നടന്നുകഴിഞ്ഞല്ലോ. ഉന്നത വിദ്യാഭ്യാസരംഗം ജനവിരുദ്ധമായ പരിഷ്കാരങ്ങൾ കൊണ്ടും നിയമങ്ങൾ കൊണ്ടും മലീമസമാക്കി മൂലധനതാല്പര്യം മാത്രം ലക്ഷ്യമാക്കി സ്വകാര്യവത്കരണത്തിനും വിദേശവൽക്കരണത്തിനും നിർദ്ദയം വിട്ടുകൊടുത്തവരുടെ നയപരമായ പാപ്പരത്തം വിചാരണചെയ്യപ്പെട്ടിരിക്കുന്നു. 2030 ഓടുകൂടി ഉന്നതവിദ്യാഭ്യാസരംഗം ഒരു ആഗോളഹബ് ആക്കിമാറ്റുമെന്ന് ആണയിട്ടുകൊണ്ടിരിക്കുകയായിരുന്നല്ലോ കേന്ദ്രവും കേരളവും. ഇനിയിപ്പോൾ എൻ ഡി എയുടെ കാലം. അല്ല ബിജെ പിയുടെ കാലം. മൃഗീയഭൂരിപക്ഷത്തോടെ വിജയിച്ച അവർക്ക് ആരുടെയും താങ്ങില്ലാതെ തന്നെ എന്തും നടപ്പാക്കാനുള്ള ഒരു മാൻഡെറ്റ് ആണ് ഇന്ത്യൻ ജനത അറിഞ്ഞോ അറിയാതെയോ നല്കിയിരിക്കുന്നത്.

രാജീവ്ഗാന്ധി തുടങ്ങിവെച്ച വിദ്യാഭ്യാസ മേഖലയിലെ പുത്തൻപരിഷ്കാരങ്ങളെ എൻ ഡി എ എങ്ങനെയാണ് മുന്നോട്ടുകൊണ്ടു പോയതെന്ന് ഓർക്കുന്നത് നന്നായിരിക്കും. ഉന്നതശീർഷനായ മുരളീമനോഹർ ജോഷി എൻഡിഎയുടെ മാനവവിഭവശേഷി വികസന മന്ത്രാലയത്തിൻെറ സിംഹാസനത്തിൽ അമർന്നിരുന്ന് പറഞ്ഞത്, ഗവൺമെൻറ് ഉന്നത വിദ്യാഭ്യാസരംഗത്ത് ചില പ്രതിജ്ഞാബദ്ധമായ (ആരോടുള്ള പ്രതിബദ്ധത?) പരിഷ്കാരങ്ങൾ കൊണ്ട് വരാൻ പോകുന്നുവെന്നാണ്. അതായത് സ്ഥാപനങ്ങൾ അവർക്ക് വേണ്ട ധന മൂലധനം സ്വകാര്യ നിക്ഷേപത്തിലൂടെയോ, മററ് സംഭാവനകളിലൂടെയോ അല്ലെങ്കിൽ ഭീമമായ ഫീസ് വർദ്ധനവിലൂടെയോ കണ്ടെത്തികൊള്ളണമെന്നാണ്. 1998 ഒക്ടോബർ 5 മുതൽ 9 വരെ നടന്ന യുണസ്കോ ലോക ഉന്നത വിദ്യാഭ്യാസ സെമിനാറിൽ Higher Education in India; Vision

and Action: Country Paper അവതരിപ്പിച്ചു കൊണ്ട് മുരളീമനോഹർ ജോഷി നടത്തിയ പ്രസംഗം ഒരു ചൂണ്ടുപലകയാണ്. ഉന്നത വിദ്യഭ്യാസരംഗത്തെ സ്വകാര്യവൽക്കരണത്തെ ന്യായീകരിക്കുന്ന നയമാണ് അവിടെ വ്യക്തമാക്കപ്പെട്ടത്. മാത്രമല്ല കഴിഞ്ഞ രണ്ടര പതിററാണ്ടായി ഇന്ത്യയിലെ പുരോഗമന വിദ്യാഭ്യാസപക്ഷം ഉന്നതവിദ്യാഭ്യാസരംഗത്തെ World Bank നീക്കങ്ങൾക്കെതിരെ നടത്തിയ പ്രതിരോധ പ്രതിഷേധങ്ങൾ എല്ലാം തൃണവൽഗണിച്ച് അവരുടെ നയങ്ങൾ നടപ്പാക്കാൻ ബി ജെ പി നയിക്കുന്ന എൻഡിഎ ഗവൺമെൻറ് കിണഞ്ഞ് ശ്രമിക്കുകയാണ്. Prime Minister's Council on Trade and Industry (PMCTI) എന്നൊരു പ്രത്യേക സബ്ജററ് ഗ്രൂപ്പ് ഉണ്ടാക്കി. (Special Subject Group on Policy Frame Work for Private Investment) in Education, Health & Rural Development പരമപ്രധാനമായ മൂന്ന് മേഖലകളായ വിദ്യാഭ്യാസം, ആരോഗ്യം ഗ്രാമവികസനം തുടങ്ങിയ മേഖലകളിൽ പുനരവലോകനം ഇല്ലാതെ സ്വാകാര്യവൽക്കരണം കൊണ്ട് വരാൻ ശ്രമിച്ചിരുന്നവർ ഇന്ത്യയിലെ വമ്പൻ വ്യവസായികളായ മുകേഷ് അമ്പാനി ചെയർമാനും കുമാരമംഗലം, ബിർളാ മെമ്പറുമായ ഒരു കമ്മിററിയാണ് ഇതിനായി അനുവദിച്ചത്. ഏപ്രിൽ 24, 2000ൽ അവർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു (A Policy frame Work for Reforms in Education ) വെറും ലാഭം മാത്രം കൊയ്യുന്ന വലിയ മാർക്കററാണ് അമ്പാനിയും ബിർലയും ലക്ഷ്യമിട്ടത്. ഇന്ത്യൻ ഉന്നത വിദ്യാഭ്യാസ രംഗത്തെ FDI (Forgin Direct Investment) പോലുള്ള ആഗോള അധിനിവേശ സമ്പ്രദായങ്ങൾക്ക് മുലയൂട്ടിയതും അവർ തന്നെ.

അങ്ങനെയുള്ളവർ ഇന്ത്യൻ പാർലമെൻറിൽ മൃഗീയ ഭൂരിപക്ഷമായി വന്നിരിക്കുന്ന പുതിയ ഇന്ത്യൻ കാലാവസ്ഥ വളരെയധികം ആശങ്കാജനകമാണ്. മുരളി മനോഹർ ജോഷിയിൽ നിന്നും സ്മൃതി ഇറാനിയിലേക്കുള്ള ദൂരം ശുഭകരമാകാൻ വഴിയില്ല.

ഓട്ടോണമസ് കോളജും,റൂസയും മററും ഉയർത്തിയിരിക്കുന്ന വെല്ലുവിളികൾ ഇനി ഏത് ദിശയിലേക്ക് ആകുമോ സഞ്ചരിക്കുക? ഏററവും നിന്ദ്യവും ജനാധിപത്യ വിരുദ്ധവുമായ ഒരു കാര്യം കൂടി അംബാനിയും ബിർളയും പടച്ചെഴുതിയിട്ടുണ്ട്. കാമ്പസുകളും സർവ്വകലാശാലകളും ഏതുതരം വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒരു തരത്തിലുള്ള രാഷ്ട്രീയ പ്രവർത്തനങ്ങളിലും ഏർപ്പെടുവാൻ പാടുള്ളതല്ല. കുറച്ചു കൂടി കടന്ന് പറഞ്ഞാൽ എല്ലാതരം ട്രെയിഡ് യൂണിയൻ പ്രവർത്തനങ്ങളെയും പടിയടച്ച് പിണ്ഡം വയ്ക്കണമെന്ന്.

ഭൂതകാലങ്ങളെ മായ്ച്ചെഴുതി ശൂന്യതയിൽ അസ്ഥിവാരമിടുന്ന ഭരണകൂടങ്ങൾക്ക് ചരിത്രത്തിൽ സ്ഥായി ആയി നിലനിൽക്കാൻ കഴിയില്ലെങ്കിലും ഒരു തലമുറയെ വറ ചട്ടിയിലിട്ട് വിളക്കുകൾ ഊതി കെടുത്തി നിലവിളിപ്പിക്കുവാൻ അവർക്ക് കഴിഞ്ഞേക്കും. അതുകൊണ്ട് തന്നെ വരും ദിനങ്ങളുടെ ഹൃദയ മിടിപ്പുകൾ ശ്രദ്ധയോടെ കാതോർക്കേണ്ടിയിരിക്കുന്നു.

പുതിയ അധ്യായനവർഷം നിർണ്ണായകമായ മുഹൂർത്തങ്ങളിലൂടെ കടന്നുപോകുമ്പോൾ എ.കെ.പി.സി.ടി.എയുടെ സംഘടനാശക്തി ആവുന്നത്ര വർദ്ധിപ്പിക്കുക എന്നതായിരിക്കട്ടേ ഓരോ പ്രവർത്തകന്റെ/ പ്രവർത്തകയുടെയും കടമ.

**പ്രമോദ് വെള്ളച്ചാൽ**
ചീഫ് എഡിററർ

ആദരാഞ്ജലികൾ



എ. കെ. പി. സി.ടി.എ
മുൻ സംസ്ഥാന പ്രസിഡന്റ്
**പ്രൊഫ. എസ്. വിശ്വനാഥന്റെ**
നിര്യാണത്തിൽ
എ. കെ. പി.സി.ടി.എ യുടെ
***ആദരാഞ്ജലികൾ.***



# സത്യത്തിൻെറയും നീതിയുടെയും ധർമ്മത്തിൻെറയും വിജയം



**ഡോ.കെ.ശ്രീവത്സൻ**
*ജനറൽ സെക്രട്ടറി*
*എ.കെ.പി.സി.ടി.എ*

സർവ്വീസിൽ നിന്നും അന്യായമായി പിരിച്ചുവിടപ്പെട്ട പ്രൊഫ. സെബാസ്ററ്യൻ കെ ആൻറണിയെ സെൻറ് ആൽബർട്ട്സ് കോളജ് മാനേജ്മെൻറിന് മേയ് 27-ാം തിയതി തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കേണ്ടി വന്നു. പ്രൊഫ. സെബാസ്ററ്യൻ കെ ആൻറണിയെ ഇനി ഒരിക്കലും സെൻറ് ആർബർട്ടിസ് കോളജിൻെറ പടിചവിട്ടാൻ അനുവദിക്കില്ല എന്ന മാനേജ്മെൻറിൻെറ പിടിവാശി ഇന്ത്യയിലെ പരമോന്നത നീതിപീഠം തച്ചുടയ്ക്കുകയാണ് ചെയ്തത്. ഒരു അദ്ധ്യാപകൻെറ ധാർമ്മികതയെയും മൂല്യബോധത്തെയും, സത്യസന്ധതയെയും, വ്യാജ ആരോപണങ്ങൾ കൊണ്ട് ഇല്ലാതാക്കാൻ പററില്ല എന്ന പാഠമാണ് ബഹു. സുപ്രീംകോടതിയുടെ 2014 മേയ് മാസം 12-ാം തിയതിയിലെ വിധി നൽകുന്നത്.

1969 ൽ നിലവിൽ വന്ന പരിഷ്ക്കരിച്ച കേരള സർവ്വകലാശാല ആക്ടിലാണ് സ്വകാര്യ കോളജ് അദ്ധ്യാപകരുടെ സേവന ഭദ്രതയ്ക്കു വേണ്ടിയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയത്. 1969 ലെ ആക്ടിലെ ചില വ്യവസ്ഥകൾ കോടതി റദ്ദാക്കിയതിനെ തുടർന്ന് 1974 ൽ കേരള സർവ്വകലാശാല ബിൽ നിയമസഭ പാസാക്കി. തുടർന്ന് സേവന ഭദ്രതയ്ക്കും സ്ഥലംമാററ മാനദണ്ഡത്തിനു വേണ്ടിയുമുള്ള അനവധി വകുപ്പുകൾ സർവ്വകലാശാല നിയമങ്ങളിൽ ഉൾപ്പെടുത്തി. ഇങ്ങനെ കാലാകാലം പരിഷ്ക്കരിച്ച സർവ്വകലാശാല ആക്ടിൻെറയും സ്ററാററ്യൂട്ടിൻെറയും, റഗുലേഷനുകളുടെയും പിൻ ബലത്തിലാണ് കേരളത്തിലെ എയ്ഡഡ് കോളജ് അദ്ധ്യാപകർ ഇന്ന് കോളജുകളിൽ നിലനിൽക്കുന്നത്. പ്രസ്തുത നിയമ നിർമ്മാണങ്ങൾ വരുന്നതിനു മുമ്പ് കേരളത്തിലെ സ്വകാര്യ കോളജ് മാനേജർമാർ അദ്ധ്യാപകരെ അടിമകളെപ്പോലെയാണ് കണ്ടിരുന്നത്. മാസാമാസം

ശമ്പളം ലഭിക്കുമായിരുന്നില്ല. മൂന്നോ നാലോ മാസം കൂടുമ്പോഴാണ് ശമ്പളം ലഭിച്ചിരുന്നത്. ലഭിക്കുന്ന ശമ്പളമോ വളരെ തുച്ഛം അതിനുവേണ്ടി മാനേജർ പറയുന്ന എല്ലാ അടിമപ്പണികളും ചെയ്യണമായിരുന്നു. അക്കാലത്ത് സ്വകാര്യ കോളജ് അദ്ധ്യാപകർക്ക് വീട്ടാവശ്യത്തിനുള്ള സാധനങ്ങൾ കടകളിൽ നിന്ന് കടമായി നൽകുമായിരുന്നില്ല. അത്രമാത്രം അപമാനം സഹിച്ച ഒരു വർഗമായിരുന്നു സ്വകാര്യ കോളജ് അദ്ധ്യാപകർ. തൃശ്ശൂർ സെന്റ് തോമസ് കോളജിലെ അധ്യാപകനായിരുന്ന പ്രൊഫ. എം. പി. പോളിനെ പിരിച്ചുവിടാൻ കോളജ് മാനേജ്മെന്റ് എടുത്ത നടപടികൾ പരിശോധിച്ചാൽ അക്കാലത്ത് സ്വകാര്യ കോളജുകളിൽ നടമാടിയിരുന്ന അനീതി മനസ്സിലാക്കാൻ കഴിയും. തനിക്ക് ലഭിച്ചുകൊണ്ടിരുന്ന ശമ്പളത്തിൽ വരുത്തിയ പത്ത് രൂപയുടെ കുറവിനെ അദ്ദേഹം ശക്തമായി എതിർത്തു. അതിനെത്തുടർന്ന് 1932 ൽ അദ്ദേഹത്തെ കോളജിൽ നിന്നും പിരിച്ചുവിട്ടു. പ്രസ്തുത വിവരങ്ങളെല്ലാം അദ്ദേഹത്തിന്റെ വിഖ്യാതമായ History of a cut' എന്ന കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1952 ൽ ചൈന സന്ദർശിച്ചു എന്ന കാരണം പറഞ്ഞ് പ്രൊഫ . ജോസഫ് മുണ്ടശ്ശേരിയെയും തൃശ്ശൂർ സെന്റ്തോമസ് കോളജിൽ നിന്നും പിരിച്ചുവിട്ടു. എസ് എൻ മാനേജ്മെൻറ് എ കെ പി സി ടി എയുടെ ജോയിൻറ് സെക്രട്ടറിയായിരുന്ന പ്രൊഫ. രാജശേഖരൻ നായരെ 1970 മാർച്ച് 4 ന് സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു. അന്യായമായി കൊല്ലം എസ്. എൻ കോളജിലെ അദ്ധ്യാപകരെ പിരിച്ചുവിട്ടതിനെതിരെ സംഘടന നടത്തിയ ഐതിഹാസികമായ സമരത്തിന് നേതൃത്വം നൽകിയതിനാണ് അദ്ദേഹത്തെ പിരിച്ചുവിട്ടത്. പ്രൊഫ. രാജശേഖരൻനായരുടെ പിരിച്ചുവിടലിനെ തുടർന്നാണ് അദ്ധ്യാപകർക്കെതിരെയുള്ള അച്ചടക്ക നടപടികളിൽ



തീർപ്പ് കൽപ്പിക്കാൻ സർവ്വകലാശാലാ തലത്തിൽ ട്രിബ്യൂണൽ വേണം എന്ന ആവശ്യം ശക്തിപ്പെട്ടത്. ഇങ്ങനെ കാലാനുഗതമായി സർവ്വകലാശാല നിയമങ്ങളിൽ വന്ന മാററങ്ങൾ സ്വകാര്യ കോളജ് അദ്ധ്യാപകരുടെ അന്തസ്സും ആത്മാഭിമാനവും ഉയർത്തി. സേവന വേതന ഭദ്രത ഉറപ്പു വരുത്തുകയും ചെയ്തു.

പ്രൊഫ. ടി ജെ ജോസഫ് സാറിനെതിരെ വ്യാജമായ ആരോപണങ്ങൾ കൊണ്ടു വന്ന് തൊടുപുഴ ന്യൂമാൻസ് കോളജിൽ നിന്നും പുറത്താക്കിയതിനോടനുബന്ധിച്ച് അദ്ദേഹത്തിനും കുടുംബത്തിനും വന്നു ചേർന്ന ദാരുണമായ സംഭവങ്ങൾ ഒഴിവാക്കാൻ വിവേക ബുദ്ധിയോടെ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നെങ്കിൽ പ്രസ്തുത മാനേജ്മെൻറിനു കഴിയുമായിരുന്നു. അവിടെയും വൈരനിര്യാതന ബുദ്ധിയോടെ പെരുമാറുന്ന ഇട



യന്മാർ, എല്ലാം സംഭവിച്ചിട്ട് മുഖം രക്ഷിക്കാൻ ശ്രമിക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. കേരളത്തിലെ ആബാലവൃദ്ധം ജനങ്ങൾ അപേക്ഷിച്ചിട്ടും, നിന്നെപ്പോലെനിൻെറ അയൽക്കാരനെയും സ്നേഹിക്കണമെന്നു പറഞ്ഞ ക്രിസ്തു ദേവൻെറ ശിഷ്യന്മാർ സമൂഹത്തോട് മുഖം തിരിഞ്ഞു നിൽക്കുകയായിരുന്നു.

വിദ്യാഭ്യാസത്തെ മുമ്പ് സമൂഹത്തിൻെറ ഉന്നതിയ്ക്കുവേണ്ടി ഉപയോഗിച്ച് സേവനം ചെയ്തിരുന്നവർ, ഇന്നത് ധനസമ്പാദനത്തിനും, അധികാര കേന്ദ്രീകരണത്തിനും വേണ്ടിയുള്ള ഒരു ഉപകരണമാക്കി മാററുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇന്നിവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നത് വിദ്യാഭ്യാസ മുതലാളിമാരായി. വിദ്യാഭ്യാസത്തെ കച്ചവടം ചെയ്യുന്ന വ്യാപാര സ്ഥാപനങ്ങളായി മാറിയിരിക്കുന്നു. ജാതി, മതഭേദമില്ലാതെയുള്ള കച്ചവടം ***ഒരുജാതി - പണം മാത്രം, ഒരു മതം - പണം മാത്രം, ഒരു ദൈവം, പണം മാത്രം*** എന്ന മുദ്രാവാക്യമായി മാറിയിരിക്കുന്നു.

ഇതാണ് വർത്തമാന യാഥാർത്ഥ്യം എന്ന തിരിച്ചറിവിൽ നിന്നുകൊണ്ടാവണം നമ്മൾ പ്രൊഫ. സെബാസ്ററ്യൻ കെ ആൻറണിയുടെ സർവ്വീസിലേക്കുള്ള പുനപ്രവേശനത്തെ വിലയിരുത്തേണ്ടത്. സെബാസ്ററ്യൻ കെ ആൻറണിഎന്ന ആത്മാർത്ഥത, സത്യസന്ധതയുള്ള. അദ്ധ്യാപകനെതിരെ കുടില തന്ത്രങ്ങൾ ഉപയോഗിച്ചും സഹപ്രവർത്തകരെപ്പോലും ഭീഷണിപ്പെടുത്തിയും നടത്തിയ പിരിച്ചുവിടൽ നടപടി ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിൽ റദ്ദാക്കുകയുണ്ടായി. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയത് ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ്. ഒരദ്ധ്യാപകനെ പുറത്താക്കാൻ മാനേജ്മെൻറ് നടത്തിയ അധമ പ്രവർത്തനങ്ങൾ ഒന്നൊന്നായി ബഹു. മാനപ്പെട്ട



കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് പുറത്തുകൊണ്ടു വരുകയുണ്ടായി. കുഞ്ഞാടുകളുടെ സംരക്ഷകരായി നിൽക്കേണ്ട ഇടയന്മാർ കുഞ്ഞാടുകളെ നിഷ്കരുണം ഒററികൊടുക്കുന്നവരും ടെർമിനേററ് ചെയ്യുന്നവരുമായി മാറിയ കാഴ്ചയാണ് നമ്മൾ കണ്ടത്. അദ്ധ്യാപകനെതിരെ കെട്ടിച്ചമച്ച ആരോപണങ്ങൾ എല്ലാം വ്യാജമാണെന്ന് അസന്നിഗ്ദ്ധമായി തെളിയിക്കപ്പെടുകയാണ് കോടതി വിധികളിലൂടെ ചെയ്തത്.പ്രൊഫ. സെബാസ്ററ്യൻ കെ ആൻറണിക്കെതിരായി ഉന്നയിച്ച ആരോപണങ്ങൾ എല്ലാം തെററാണെന്നും, അദ്ദേഹം സത്യസന്ധനും ഉത്തരവാദിത്ത്വമുള്ളവനുമായ ഒരദ്ധ്യാപകനാണെന്ന് തെളിയിക്കപ്പെടുകയും ചെയ്തു. സെൻറ് ആൽബർട്ട്സ് കോളജ് മാനേജ്മെൻറിന് പൊതുസമൂഹത്തിലുള്ള മാന്യതയ്ക്ക് കോട്ടം തട്ടുന്നതാണ് കോടതി വിധികൾ. ഹാജർ പുസ്തകത്തിൽ തിരുത്തൽവരുത്തിയെന്ന ആരോപണമുയർത്തികൊണ്ടാണ് പ്രൊഫ. സെബാസ്ററ്യൻ കെ ആൻറണിയെ സർവ്വീസിൽ നിന്നും സസ്പെൻറു ചെയ്തത്. തുടർന്ന് അന്വേഷണ കമ്മീഷനായി മാനേജ്മെൻറിൻെറ ഇഷ്ടക്കാരനെ വച്ച് അന്വേഷണം നടത്തി, പുറത്താക്കുകയും ചെയ്തു. അന്വേഷണ കമ്മീഷൻ പ്രൊഫ. സെബാസ്ററ്യൻ കെ ആൻറണി നൽകിയ രേഖകളെല്ലാ തിരസ്കരിച്ചു കൊണ്ടാണ് മാനേജ്മെൻറ് ആവശ്യപ്പെട്ടതനുസരിച്ച് റിപ്പോർട്ട് നൽകിയത്. പ്രസ്തുത റിപ്പോർട്ടിൻെറ ഒരു കോപ്പി പ്രൊഫ. സെബാസ്ററ്യൻ കെ ആൻറണിയ്ക്കു നൽകിയിട്ടു വേണമായിരുന്നു അദ്ദേഹത്തിനെതിരെ അനന്തര നടപടി സ്വീകരിക്കേണ്ടത്. സ്വാഭാവികമായും ഭരണഘടനാപരമായും ലഭിക്കേണ്ട നീതി അദ്ദേഹത്തിനു ലഭിച്ചില്ല എന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും ബഹു. സുപ്രീംകോടതിയും തങ്ങളുടെ വിധി ന്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. മാനേജ്മെൻറ് അദ്ദേഹത്തിനെതിരെ ഉന്നയിച്ച ആരോപണങ്ങൾ എല്ലാം വ്യാജമായിരുന്നെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നടത്തിയ കണ്ടെത്തലിലൂടെയാണ് പുറംലോകമറിഞ്ഞത്. ഒരു അധ്യാപകനെതിരെ അസത്യ പ്രചാരണങ്ങൾ നടത്തി പുറത്താക്കിയാലും കോടതിയിൽ പോയാൽ നീതി ലഭിക്കുമെന്നാണ് ഈ സംഭവത്തിൽ നിന്നും മനസ്സിലാകുന്നത്. പ്രൊഫ. സെബാസ്റ്റ്യൻ കെ ആന്റണി കേസ് കേരളത്തിലെ എയ്ഡഡ് കോളജ് അദ്ധ്യാപകരുടെ ജോലി സ്ഥിരത ഉറപ്പു വരുത്തുന്ന സർവ്വകലാശാലാ നിയമങ്ങളുടെ പ്രാധാന്യമാണ് ഒരിക്കൽ കൂടി തെളിയിക്കുന്നത്.

പ്രൊഫ. സെബാസ്ററ്യൻ കെ ആൻറണിയെ സർവ്വീസിൽ നിന്നും 2008 ഫെബ്രുവരിയിൽ സസ്പെൻറു ചെയ്തപ്പോൾത്തന്നെ എ കെ പി സി ടി എയുടെ നേതൃത്വത്തിൽ സമരപരിപാടികൾ ആരംഭിച്ചിരുന്നു. നമ്മൾ നടത്തിയ അനിശ്ചിതകാല സത്യാഗ്രഹം ഉൾപ്പെടെയുള്ള സമര പരിപാടികൾ നിർത്തേണ്ടി വന്നത് അദ്ദേഹത്തെ 2009 ൽ സർവ്വീസിൽ നിന്നും പുറത്താക്കിയതിനെ തുടർന്നാണ്. 99 ദിവസം നീണ്ടു നിന്ന എ കെ പി സി ടി എ യുടെ നേതൃത്വത്തിൽ നടത്തിയ ഐതിഹാസിക സമരം വളരെ ആലോചിച്ചിട്ടാണ് നമ്മൾ അന്ന് തത്ക്കാലം നിർത്തിവച്ചത്. അതിനു ശേഷം കഴിഞ്ഞ അഞ്ചു വർഷമായി അദ്ദേഹത്തിൻെറയും, കോടതികളിൽ നടന്ന കേസുകളുടെയും ചുമതല എ കെ പി സി ടി എ ഏറെറടുത്തു നടത്തിക്കൊണ്ടിരിക്കയാണ്. അതിൻെറ അന്തിമമായ വിധിയാണ് 2014 മേയ് 12 ന് ബഹു. സുപ്രീം കോടതിയിലുണ്ടായത്. പ്രസ്തുത വിധി സത്യത്തിനും, ധർമ്മത്തിനും നീതിയ്ക്കും വേണ്ടി പോരാടാൻ നമുക്കെല്ലാം വീണ്ടും ധൈര്യം നൽകുന്ന ഒന്നാണ്



**എ.കെ.പി.സി.ടി.എ 56-ാം സംസ്ഥാന സമ്മേളനം**
**2014 ഫെബ്രുവരി 28 - മാർച്ച് 1,2 | ആലപ്പുഴ**

# സ്മരണകളിരമ്പുന്ന പുന്നപ്ര വയലാറിന്റെ രണഭൂമിയിൽ

ധീരരക്തസാക്ഷികളുടെ ചോര വീണുചുവന്ന ആലപ്പുഴയുടെ പോരാട്ട ഭൂമിയിൽ 2014 ഫെബ്രുവരി 28, മാർച്ച് 1,2 തിയതികളിൽ എ കെ പി സി ടി എ 56-ാം സംസ്ഥാന സമ്മേളനം നടന്നു. ഐശ്വര്യ ഓഡിറ്റോറിയത്തിന്റെ പരിമിതമായ സൗകര്യങ്ങൾക്കുള്ളിലും സമ്മേളനത്തിന്റെ ആവേശം ചോരാതെ നിന്നു. തിരഞ്ഞെടുപ്പിന്റെ ഉഷ്ണത്തെ മറികടന്ന് ബഹുജന പ്രസ്ഥാനങ്ങളുടെ സഹകരണത്തോടെ സമ്മേളനം വിജയകരമായി നടത്തിക്കാൻ സ്വാഗത സംഘത്തിനു കഴിഞ്ഞു.

ഫെബ്രുവരി 28 നു രാവിലെ സമ്മേളനത്തിന് മുന്നോടിയായി പ്രവർത്തക സമിതി സംസ്ഥാന കമ്മിറ്റി എന്നിവ യോഗം ചേർന്നു. ഉച്ചയ്ക്ക് 1.30 ന് സമ്മേളനത്തിന്റെ പ്രമുഖ ഔദ്യോഗിക ഇനമായ സംസ്ഥാന കൗൺസിൽ യോഗം ആരംഭിച്ചു. സംസ്ഥാന പ്രസിഡന്റ് ഡോ. കെ പി സുകുമാരൻ നായരുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ജനറൽ സെക്രട്ടറി ഡോ. കെ ശ്രീവത്സൻ 2013-14 വർഷത്തെ പ്രവർത്തന റിപ്പോർട്ടും ട്രഷറർ പ്രൊഫ. ആർ മോഹനകൃഷ്ണൻ വരവു ചിലവ് കണക്കും അവതരിപ്പിച്ചു. വൈകിട്ട് 4 മണിക്ക് *നവലിബറൽ കാലഘട്ടവും ഉന്നത വിദ്യാഭ്യാസവും* എന്ന വിഷയത്തിൽ സെമിനാർ നടന്നു. സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. വി കെ വിജയൻ അധ്യക്ഷത വഹിച്ചു. സെമിനാർ ജവഹർലാൽ സർവ്വകലാശാല സക്കീർ ഹുസൈൻ സെന്ററിലെ ഡോ. സൗ




മൻ ചതോപാദ്ധ്യായ വിഷയം അവതരിപ്പിച്ചു കൊണ്ട് ഉദ്ഘാടനം ചെയ്തു. ഉന്നതവിദ്യാഭ്യാസ രംഗത്ത് റൂസ അടക്കമുള്ള പുതിയ പദ്ധതികൾ സർവ്വകലാശാലകളുടെ സ്വയം ഭരണാവകാശത്തിന്മേലുള്ള കടന്നു കയററമാണെന്ന് സെമിനാർ വിലയിരുത്തി. കോർപറേററ് സാമ്പത്തിക താൽപര്യങ്ങളുടെ നഗ്നമായ അധിനിവേശത്തിന് വിദ്യാഭ്യാസ രംഗത്തെ തുറന്നു കൊടുക്കുന്ന നയമാണ് യു പി എ സർക്കാർ കേന്ദ്രത്തിൽ നടപ്പിലാക്കുന്നത് റൂസ ഉന്നത വിദ്യ്യാസ രംഗത്ത് സർക്കാരിന്റെ പിടി മുറുക്കുന്ന തരത്തിലാണ് നടപ്പിലാക്കപ്പെടുന്നത്. ഇന്ത്യയിലെവിടെയും വിജയിച്ചിട്ടില്ലാത്ത സ്വയംഭരണ കോളജുകളും ഈദിശയിൽ തണയുള്ള പരീക്ഷണമാണ്. സാമ്പത്തികമായും സാമൂഹികമായും പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങൾക്ക് സൗജന്യമായി ഉന്നത വിദ്യാഭ്യാസം നൽകുന്നതിന് ഉതകിയിരുന്ന യു ജി സി ധനസഹായം അവസാനിപ്പിക്കുന്നതും കോർപ്പറേററുകൾക്കും സ്വകാര്യ വിദ്യാഭ്യാസ ഏജൻസികൾക്കും പ്രാമുഖ്യം നൽകുന്നതുമാണ് റൂസയുടെ പല നിർദ്ദേശങ്ങളും. വിദ്യാഭ്യാസ രംഗത്ത് സാമ്പത്തികാസൂത്രണം ഉൾപ്പെടെ നല്ല നിർദ്ദേശങ്ങൾ റൂസ മുന്നോട്ടു വച്ചിട്ടുണ്ട്. എന്നാൽ ഇതിനെയെല്ലാം ഉദ്യോഗസ്ഥ സംവിധാനത്തിന്റെ കാൽകീഴിലാക്കുന്ന തരത്തിലാണ് റൂസ രൂപീകരിക്കപ്പെട്ടിരിക്കുന്നത്. റൂസയും സ്വയംഭരണ കോളജുമുൾപ്പെടെയുള്ള സാമ്രാജ്യത്വത്തിന്റെ കടന്നുകയററ വഴികളെ പ്രതിരോധിക്കുന്നതിന് പ്രതിജ്ഞാബദ്ധമെന്ന് ആവർത്തിച്ച് ഉറപ്പിച്ചു കൊണ്ട് സെമിനാർ അവസാനിച്ചു. പ്രൊഫ. പി രഘുനാഥ് സ്വാഗതവും പ്രൊഫ. കെ എൽ വിവേകാനന്ദൻ നന്ദിയും പറഞ്ഞു.

രാത്രി 8 മണിയ്ക്ക് സർവ്വകലാശാലാ അടിസ്ഥാനത്തിൽ






റിപ്പോർട്ടിന്മേലുള്ള ചർച്ച നടന്നു.

മാർച്ച് 1-ാം തിയതി ശനിയാഴ്ച 10.30 ന് ആരംഭിച്ച ഉദ്ഘാടന സമ്മേളനത്തിൽ വിപ്ലവ ഗായിക പി കെ മേദിനിയുടെ നേതൃത്വത്തിൽ എസ് ഡി കോളജിലെ വിദ്യാർത്ഥികൾ ഉൾപ്പെട്ട ഗായക സംഘം സ്വാഗത ഗാനം ആലപിച്ചു. കേരളത്തിലെ അധ്യാപക, പരമ്പരയുടെ തിളങ്ങുന്ന താരമായ പ്രൊഫ. എം കെ സാനു സമ്മേളനം ഉദ്ഘാടനം ചെയ്തു. ഗുരുനാഥന്മാരുടെ ഒരു ശക്തമായ നിരയാണ് കേരളം ഇന്നു കാണുന്ന തരത്തിലുള്ള സമൂഹത്തെ വാർത്തെടുത്തത്. അധ്യാപകരെ ആദരിക്കുന്ന ഒരു സമൂഹം സംസ്കാരത്തിൽ നിന്നു ദുരേയ്ക്കാണ് സഞ്ചരിക്കുന്നത് അതേ പോലെ തന്നെ സമൂഹത്തിൻെറ വികസനത്തിനു വേണ്ടി വിജ്ഞാന വ്യാപനം ന
















ടത്തുക എന്ന കടമ നിറവേററാൻ അധ്യാപകരും പരിശ്രമിക്കേണ്ടതുണ്ട് എന്ന് സാനുമാഷ് ഓർമ്മിപ്പിച്ചു.

എ കെ പി സി ടി എ പ്രസിഡൻറ് പ്രൊഫ. ഡോ. കെ പി സുകുമാരൻ നായർ അധ്യക്ഷത വഹിച്ചു. സ്വാഗതസംഘം ചെയർ പേഴ്സൺ അഡ്വ. പ്രതിഭാഹരി സ്വാഗതം ആശംസിച്ചു. പ്രൊഫ. സി കെ ബാബു രക്തസാക്ഷിപ്രമേയവും പ്രൊഫ. ആർ ഇസ്മയിൽ അനുശോചനം പ്രമേയവും അവതരിപ്പിച്ചു.

കേരള എൻ ജി ഒ യൂണിയൻ ജനറൽ സെക്രട്ടറി എ ശ്രീകുമാർ, കെ എസ് ടി എ സംസ്ഥാന സെക്രട്ടറി പി ഡി ശ്രീദേവി, കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവ. എംപ്ലോയീസ് ജനറൽ സെക്രട്ടറി എം കൃഷ്ണൻ, എ കെ ജി സി ടി അക്കാദമിക് കമ്മിററി ചെയർമാൻ സതീഷ് കുമാർ, കെ ജി ഒ എ പ്രസിഡൻറ് ടി കെ സുബാഷ്, കേരള സെക്രട്ടറിയേററ് എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി കെ ഉമ്മൻ, കെ എം ഡി എസ് യു സെക്രട്ടറി കെ കെ ശശികുമാർ, പി എസ് സി എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി വി ബി മനുകുമാർ എന്നിവർ അഭിവാദ്യം ചെയ്തു. ജനറൽ സെക്രട്ടറി ഡോ. കെ ശ്രീവത്സൻ നന്ദി പറഞ്ഞു.

ട്രേഡ് യൂണിയൻ വിദ്യാഭ്യാസ വനിതാ സമ്മേളനവും ആർ ആർ



സി അനുസ്മരണ പ്രഭാഷണവും

ട്രേഡ് യൂണിയൻ- വിദ്യാഭ്യാസ-വനിതാ സമ്മേളനം സി പി ഐ (എം) സംസ്ഥാന കമ്മിറ്റിയംഗം സ. ബേബി ജോൺ ഉദ്ഘാടനം ചെയ്തു. ദേശീയ രാഷ്ട്രീയ പരിതസ്ഥിതിയിൽ ഒരു മൂന്നാം ബദൽ വളർന്നു വരേണ്ടതിന്റെ ആവശ്യം അദ്ദേഹം ഊന്നിപ്പറഞ്ഞു. യു പി എയുടെയും എൻ ഡി എയുടെയും സാമ്പത്തിക അജണ്ട സാധാരണക്കാരന്റെ ജീവിതത്തിനെപ്പററി പരിഗണനയുള്ളതല്ലെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ഡോ. ടി എൻ സീമ എം പി ആർ ആർ സി അനുസ്മരണ പ്രഭാഷണം നടത്തി. ഉന്നത വിദ്യാഭ്യാസത്തിൽ കേന്ദ്ര സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങൾ പ്രതിലോമകരമാണെന്ന് സീമ പ്രസ്താവിച്ചു. റൂസയും വിദേശസർവ്വകലാശാലകൾക്ക് അനുവാദം നല്കുന്ന നിയമനിർമ്മാണവുമെല്ലാം സാമ്രാജ്യത്വത്തിന് ഈ മേഖലയിലേക്ക് കടന്നു കയറാനുള്ള അവസരം ഒരുക്കുന്നതാണ്. മൊലോയശ്രീ ഹാശ്മി വനിതാ സമ്മേളനത്തിൽ പ്രഭാഷണം നടത്തി. സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ. പി എസ് ഗീതാകുമാരി അധ്യക്ഷത വഹിച്ചു. യോഗത്തിൽ സി കെ ബാബുസ്വാഗതവും സി പത്മനാഭൻ നന്ദിയും പറഞ്ഞു.



### പൊതുസമ്മേളനം

വൈകുന്നേരം പ്രകടനവും പൊതു സമ്മേളനവും നടന്നു. പ്രകടനം സമ്മേളന നഗരിയായ ഐശ്വര്യ ഓഡിറേറാറിയത്തിൽ നിന്നാരംഭിച്ച് മുല്ലയ്ക്കൽ വഴി ടൗൺഹാളിനു മുന്നിലുള്ള പൊതു സമ്മേളന വേദിയിൽ അവസാനിച്ചു. സ: ജി സുധാകരൻ എം എൽ എ സമ്മേളനം ഉദ്ഘാടനം ചെ.യ്തു. യു ഡി എഫ് സർക്കാരിന്റെ വികലമായ വിദ്യാഭ്യാസ നയം ഉന്നത വിദ്യാഭ്യാസ രംഗമാകെ പ്രതിസന്ധിയിലാക്കിയതായി അദ്ദേഹം പറഞ്ഞു. സമൂഹത്തോടും ജനങ്ങളോടും പ്രസിസന്ധിയില്ലാത്ത രാഷ്ട്രീയ വാദം ന്യൂ ജനറേഷൻ എന്നു വിളിക്കപ്പെടുന്ന പുതു തലമുറയെ ബാധിക്കുന്നു ഇതിൽ നിന്ന് അവരെ കൃത്യമായ രാഷ്ട്രീയ ബോധം നല്കി വളർത്തിയെടുക്കാനുള്ള ഉത്തരവാദിത്വം അധ്യാപക ലോകം ഏറെറടുക്കണം. സമ്മേളനത്തിൽ സി പി ഐ സംസ്ഥാന അസിസ്റ്റൻറ് സെക്രട്ടറി സി എൻ ചന്ദ്രൻപിള്ള, മുൻ ഗതാഗത വകുപ്പു മന്ത്രി മാത്യു ടി തോമസ് തുടങ്ങിയവർ സംസാരിച്ചു. സംസ്ഥാന പ്രസിഡൻറ് ഡോ. കെ പി സുകുമാരൻ നായർ അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ഡോ. കെ ശ്രീവത്സൻ സ്വാഗതവും സംസ്ഥാന സെക്രട്ടറി പ്രൊഫ. ടോമിച്ചൻ ജോസഫ് നന്ദിയും പറഞ്ഞു.



രാത്രി 8 മണി മുതൽ ചെട്ടികുളങ്ങര നിന്നുള്ള സംഘം അവതരിപ്പിച്ചു കുത്തിയോട്ടവും വള്ളപ്പാട്ടും ഉണ്ടായിരുന്നു.

### യാത്രയയപ്പ് സമ്മേളനം

മാർച്ച് 2-ാം തിയതി ഞായറാഴ്ച രാവിലെ യൂണിവേഴ്സിററിതല ചർച്ചയുടെ റിപ്പോർട്ടിംഗും തുടർന്ന് 11 മണിക്ക് യാത്രയയപ്പ് സമ്മേളനവും നടന്നു. സമ്മേളനം സി പി നാരായണൻ എം പി ഉൽഘാടനം ചെ




യ്തു. എ കെ പി സി ടി എ എന്ന
പ്രസ്ഥാനം അതിൻെറ പ്രാരംഭ ദി
ശയിൽ തന്നെ വിദ്യാഭ്യാസ നയ രൂ
പീകരണത്തിൽ കാര്യമായ സ്വാധീ
നം ചെലുത്തിയിരുന്നതായി സ. സി
പി ഓർത്തു ആദ്യകാല നേതൃത്വം
പൊതു രാഷ്ട്രീയ രംഗത്തിന് വി
ദ്യാഭ്യാസ കാര്യങ്ങളിൽ മാർഗ്ഗദർശ
നം നല്കാൻ കഴിയുന്ന തരത്തിൽ
പ്രാമുഖ്യം ഉള്ളതായിരുന്നു. ഇതിൽ
കുറവുണ്ടായതായി തോന്നുന്നു
വെന്ന് സി. പി അഭിപ്രായപ്പെട്ടു.
വിരമിക്കുന്ന അധ്യാപകരുടെ
നീണ്ടനിര കാണുമ്പോൾ ഇവ
രെല്ലാം നാളെ പൊതുമണ്ഡലത്തി
ലെ പ്രവർത്തകരാകേണ്ടവരാണ്
എന്ന യാഥാർത്ഥ്യം അദ്ദേഹം
ഓർമ്മിപ്പിച്ചു. സമ്മേളനത്തിൽ മുൻ
സംസ്ഥാന നേതാക്കളായ പ്രൊഫ
. പി മമ്മദ്, ഡോ. വി രാജേന്ദ്രൻ
നായർ, പ്രൊഫ. ടി കെ ജി നായർ
തുടങ്ങിയവർ സംസാരിച്ചു. 56 അ
ധ്യാപകരാണ് യാത്രയയപ്പ് യോ
ഗത്തിൽ പങ്കെടുത്തത്. സംസ്ഥാ









ന പ്രസിഡൻറ് കെ പി സുകുമാരൻ നായർ അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന ട്രഷറർ ആർ മോഹന കൃഷ്ണൻ സ്വാഗതവും പ്രൊഫ. ആർ ഇന്ദുലാൽ നന്ദിയും പറഞ്ഞു.

**അനുബന്ധ സെമിനാറുകൾ**

ഫെബ്രുവരി 20-ാം തിയതി ചെങ്ങന്നൂർ വൈ. എം സി എ ഹാളിൽ ഗാഡ്ഗിൽ കസ്തൂരി രംഗൻ കമ്മിററി റിപ്പോർട്ട് വസ്തുതകളും ആശങ്കകളും എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. രാജു എബ്രഹാം എം എൽ എ ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി പ്രശ്നങ്ങളിൽ വളരെ ശ്രദ്ധയോടെയുള്ള നിലപാടുകൾ സ്വീകരിക്കേണ്ടതുണ്ടെന്ന് അദ്ദേഹം സൂചിപ്പിച്ചു. വികസനത്തിൻെറ പേരിൽ പരിസ്ഥിതിയെ തകർക്കുന്ന നിലപാടുകൾ അനുവദനീയമല്ല. അതുപോലെ തന്നെ പരിസ്ഥിതിയുടെ പേരിൽ മനുഷ്യ ജീവിതം മറക്കാനുമാവില്ല. വളർന്നു വരുന്ന പരിസ്ഥിതി ഭീകരവാദം ചെറുക്കപ്പെടേണ്ടതാണ്. വിഷയം അവതരിപ്പിച്ചു കൊണ്ട് ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കപ്പെടേണ്ടതാണെന്ന് പരിസ്ഥിതി പ്രവർത്തകർ ഡോ. ടി വി സജീവ് അഭിപ്രായപ്പെട്ടു. ശ്രീ ജോസഫ് നെടുമ്പ്രം സംസാരിച്ചു. കേരള സർവ്വകലാശാല സിഡിക്കേറ്റംഗം പി രഘുനാഥ് അധ്യക്ഷത വഹിച്ചു. എം എച്ച് റഷീദ് സ്വാഗതവും ബിജി എബ്രഹാം നന്ദിയും പറഞ്ഞു.

രണ്ടാമത്തെ സെമിനാർ **ഉന്നത വിദ്യാഭ്യാസ രംഗത്തെ ഓട്ടോണമി** എന്ന വിഷയത്തിലർ ചേർത്തലയിൽ നടന്നു.

മൂന്നാമത്തെ സെമിനാർ വിഷൻ 2030, വിദ്യാഭ്യാസം വില്പനച്ചരക്കാക്കുന്നു എന്ന വിഷയത്തിൽ എസ്. ഡി. കോള് ആലപ്പുഴയിൽ നടന്നു.

യു ഡി എഫ് സർക്കാരിൻെറ വിഷൻ 2030 എന്ന വികസന രേഖ വിദ്യാഭ്യാസത്തെ മുതലാളിത്ത കമ്പോള വ്യവസ്ഥയ്ക്കുള്ളിൽ വില്പനച്ചരക്കാക്കി മാററാനുദ്ദേശിച്ചുള്ളതാണെന്ന് ഡോ. ററി എ തോമസ് ഐസക്ക് അഭിപ്രായപ്പെട്ടു. എ കെ സി പി സിടി എ 56-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് എസ് ഡി കോളജിൽ ഉന്നത വിദ്യാഭ്യാസം യു ഡി എഫ് പരിപ്രേക്ഷ്യം എന്ന വിഷയത്തിൽ നടന്ന സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മ-ഗ പരിപാലനം പോലുള്ള വിഷയങ്ങളിൽ കമ്പനികളുടെ ബ്രോഷറിൽ നിന്നു പോലും പകർത്തിയ വാചകങ്ങൾ കൊണ്ടു നിറച്ചിരിക്കുകയാണ്. പത്തു ശതമാനം വരുമാന വളർച്ച പ്രതീക്ഷിക്കുന്ന വിപണന മേഖലയായി വിദ്യാഭ്യാസക്കെ കണക്കാക്കുന്ന അസംബന്ധമാണ് യു ഡി എഫിൻെറ വിദ്യാഭ്യാസ നയമെന്ന് അദ്ദേഹം പ്രസ്താവിച്ചു.

കേരള സർവ്വകലാശാല








സിൻഡിക്കേററംഗം പ്രൊഫ. പി രഘുനാഥ് അധ്യക്ഷത വഹിച്ചു. എ കെ ജി സി ടി സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. എസ് സുധാകരൻ പിള്ള, എസ് എഫ് ഐ സംസ്ഥാന പ്രസിഡൻറ് ശ്രീ. ഷിജുഖാൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. പ്രൊഫ. ആർ ഇന്ദുലാൽ സ്വാഗതവും ഡോ. പി സുനിൽകുമാർ കൃതജ്ഞതയും പറഞ്ഞു.

നാലാമത്തെ സെമിനാർ 2014 ഫെബ്രുവരി 24-ാം തിയതി *ഭരണകൂടവും സ്ത്രീ വിരുദ്ധ നിലപാടുകളും* എന്ന വിഷയത്തെ ആസ്പദമാക്കി കായംകുളം എം എസ് എം കോളജിൽ വച്ചു നടന്നു. പ്രസിദ്ധ നടിയും നാടക പ്രവർത്തകയുമായ നിലമ്പൂർ ആയിഷ ഉദ്ഘാടനം ചെയ്തു. സാമുദായികമായ തടസ്സങ്ങളും സ്ത്രീ എന്ന നിലയിലുള്ള അടിച്ചമർത്തലുകളും തകർത്ത് നാടക രംഗത്ത് നിൽക്കാനായത് പിതാവ് ഉൾപ്പെടെയുള്ളവരുടെ പിന്തുണയുള്ളതുകൊണ്ട് കൂടിയാണെന്ന് അവർ പറഞ്ഞു. രാഷ്ട്രീയ രംഗത്തുൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ സ്ത്രീ എന്ന നിലയിലുള്ള നിയന്ത്രണങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ധൈര്യത്തോടെ പ്രവർത്തന രംഗത്തിറങ്ങുന്നവർക്ക് പ്രതിബന്ധങ്ങളെ തരണം ചെയ്യാനാകുമെന്ന് വിപ്ലവ ഗായിക പി കെ മേദിനി ഓർമ്മിപ്പിച്ചു. പ്രൊഫ. എ ജി ഒലീന വിഷയമവതരിപ്പിച്ച് സംസാരിച്ചു. സിൻഡിക്കേററംഗം പി രഘുനാഥ്, എ കെ പി സി ടി എ പ്രവർത്തക സമിതിയംഗം സുകുമാര ബാബു എന്നിവർ സംസാരിച്ചു. സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ. പി എസ് ഗീതാകുമാരി അധ്യക്ഷത വഹിച്ചു. ഡോ. എസ് ആമിന സ്വാഗതവും ഡോ. കെ ഗീതാകുമാരി നന്ദിയും പറഞ്ഞു.







# സംസ്ഥാന ഭാരവാഹികൾ
## 2014-2015



ഡോ.കെ.പി.സുകുമാരൻനായർ
പ്രസിഡൻറ്



ഡോ. കെ. ശ്രീവത്സൻ
ജനറൽ സെക്രട്ടറി



ഡോ. ഡി.കെ.ബാബു
വൈസ് പ്രസിഡൻറ്



പ്രൊഫ. എ.ജി. ഒലീന
വൈസ് പ്രസിഡൻറ്



പ്രൊഫ. ആർ. മോഹനകൃഷ്ണൻ
ട്രഷറർ

## സംസ്ഥാന സെക്രട്ടറിമാർ



പ്രൊഫ. വി. കുട്ടിയാൻ
കണ്ണൂർ സർവ്വകലാശാല



ഡോ. സി. അബ്ദുൾ മജീദ്
കാലിക്കട്ട് സർവ്വകലാശാല



പ്രൊഫ. ടോമിച്ചൻ ജോസഫ്
എം.ജി. സർവ്വകലാശാല



ഡോ. കെ.എൽ.വിവേകാനന്ദൻ
കേരള സർവ്വകലാശാല

# AKPCTA
## Office Bearers 2014-2015

### STATE OFFICE BEARERS

**PRESIDENT**
**Dr. K. P. Sukumaran Nair**
SD College,Kanjirapally
Ph: 04828-228141
Mob: 9447134637

**VICE PRESIDENTS**
**Dr.D.K.Babu**
Guruvayoorappan College
Kozhikode
Ph: 0495-2430533
Mob: 9447424714

**Prof. A.G. Oleena**
M.G. College,
Thiruvananthapuram
Mob: 9495392456

**GENERAL SECRETARY**
**Dr. K. Sreevalsan**
SN College, Kollam
Ph: 0474-2746536
Mob: 9447280806

**TREASURER**
**Prof. R. Mohanakrishnan**
MG College,
Thiruvananthapuram
Ph: 0471-2369533
Mob: 9497592458

**SECRETARIES**

*Kannur University*
**Prof. V. Kuttiyan**
NAS College,
Kanjangad,
Mob: 9446312285

*Calicut University*
**Dr. C. Abdul Majeed**
Unity Womens College
Manjeri
Mob: 9446244359

*MG University*
**Prof. Tomichan Joseph**
KE College,
Mannanam, Kottayam
Phone: 0481-2320034
Mob: 9449571690

*Kerala University*
**Dr. K.L. Vivekanandan**
S N. College,
Chempazhanthy
Ph: 0471-2440239
Ph:9447019722

### DISTRICT OFFICE BEARERS

**KANNUR - KASARGOD**
*President*
**Prof. Pramod Vellachal**
MG College
Irytti, Kannur
Mob: 9447384054

*Secretary*
**Prof. Nishanth.A**
Payyannur College,
Payyannur
Ph : 9447690687

**KOZHIKODE**
*President*
**Prof. K. K. Abdulla**
Frook College,
Kozhikode

*Secretary*
**Dr. Hemanth kumar**
SNG College, Chellanoor
9447247327

**WAYANAD**
*President*
**Prof. K. Rajagopalan**
Pazhassy Raja College
Pulpalli, Wayanad

*Secretary*
**Dr. Thomas Monoth**
Mary Matha College,
Manathavadi
Phone: 9400759752

**MALAPPURAM**
*President*
**Prof. Hamsa A.M.P**
MES College, Vallancherry
Malappuram

*Secretary*
**Dr. K. Balakrishnan**
NSS College , Manjeri
Mob: 9446731484

**PALAKKAD**
*President*
**Prof. K. Vasudevan Pillai**
NSS College,
Nenmmara, Palakkad

*Secretary*
**Prof. R.K. Jayaprakash**
NSS Training College,
Ottappalam
Ph: 9447889122

**THRISSUR**
*President*
**Prof. M.V. Madhu**
SKV College,
Thrissur
Phone: 9495401010

*Secretary*
**Prof. Gopinathan**
Sree krishna College
Guruvayoor
Thrissur,
Ph: 9447234368

**ERNAKULAM**
*President*
**Prof. Bakshi Paul**
St. Peters College,
Kolancherry

*Secretary*
**Dr.Krishnadas**
Sree Sankara College,
Kalady
Ph: 9446306732

**KOTTAYAM-IDUKKI**
*President*
**Prof. Joji Alex**
St. Thomas College,
Pala, Kottayam

*Secretary*
**Dr. P.K. Padmakumar**
NSS Hindu College
Changanassery,
Ph: 9495163725

**ALAPPUZHA**
*President*
**Prof. P. Devanand**
DB College,
Eramallikkara

*Secretary*
**Prof. R. Indulal**
SD College,
Alappuzha
Mob: 9847983209

**PATHANAMTHITTA**
*President*
**Dr. P.J. James**
St. Thomas College
Kozhencherry

*Secretary*
**Dr. P.N. Harikumar**
DB College, Parumala
Ph: 9446396947

**KOLLAM**
*President*
**Dr. Vijayan Pillai**
N.S.S. College , Nilamel
*Secretary*
**Prof. R. Premkumar**
SN College, Kollam
Ph: 9495077056

**THIRUVANANTHAPURAM**
*President*
**Prof. Abdul Ayub. A**
Iqbal College,
Peringammala

*Secretary*
**Dr. K.C. Ajith Prasad**
M.G.College ,
Thiruvananthapuram
Ph: 9447247997

## STATE COMMITTEE MEMBERS

(State Working Committee Members, District Presidents and Elected Members)

### State Committee Elected Members

**Dr. K. Vijayakumari**
SN College for Women,
Kollam

**Dr. P.N. Dileep**
TKM College of
Engg.Kollam

**Prof.V.I. Johnson**
Bishopmoor college,
Mavelikkara

**Dr. I. G. Shibi**
SN College
Chempazhanthy

**Dr. Vineetha Mohan**
N.S.S. College,
Neeramankara
Thiruvananthapuram

**Prof.Harikrishnan**
NSS College,
Rajakumari, Idukki

**Prof. Sreejith.CM**
SNM College, Maliankara

**Prof. Praveen Kumar. V.S**
SAS SNDP Yogam College
Konni

**Prof. N.V. Joshi**
St. Paul's College,
Kalamassery

**Prof. Johnson joseph**
Devamatha College
Kuravilangad

**Dr.K.E. Georgie**
Marthoma College,
Chungathara

**Prof. Haridas**
V.T.B College,
Palakkad

**Prof. Sreejith C.S**
St. Mary's College,
Sulthanbathery

**Dr. K. Rajan**
NAS College, Kanjangad

**Dr. N.Sajan**
S.N. College, Kannur.

## STATE WORKING COMMITTEE

**State Office Bearers, District Secretaries, Nominated Working Committee Members and Invitees**

### WORKING COMMITTEE NOMINATIONS

**Dr. T. K. Sreedharan**
MES College, Mambad
Mob: 9446280137

**Prof. V.K. Sudhakaran**
NSS College, Ottappalam
Palakkad, Ph: 9447943003

**Dr. P. Thomas Mathew**
UC College, Aluva
Ernakulam
Mob: 9446479124

### Working Committee Invitees

1. Service Cell :
   **Dr. P.S. Feroze**
   **S.N. College, Nattika**
   Mob: 9446092632

2. Academic Com mittee:
**Prof. C. Padmanabhan**
**P. R. N.S.S. College, Mattannur**
Mob: 9567135779
3. Vanitha Committee:
**Dr. P.K. Kusalakumari**
**S.N. College, Nattika**
Mob: 9447615304
4. Chief Editor
Prof. Pramod Vellachal
M.G. College, Iritty
Mob: 9447384054

5. Medical University
Dr. Harikrishna Pillai
Padiyar Homeo College
Mob: 9447046020

## സംസ്ഥാന വനിത കമ്മിറ്റി

**പ്രൊഫ. എ. ജി ഒലീന**
(ചെയർ പേഴ്സൺ)
എം. ജി. കോളജ്, തിരുവനന്തപുരം
**ഡോ. കെ പി കുശലകുമാരി**
(കൺവീനർ)
എസ്. എൻ. കോളജ്, നാട്ടിക
**ഡോ. സുജ ഈപ്പൻ**
മാർ ഇവാനിയോസ് കോളജ്, തിരുവനന്തപുരം
**പ്രൊഫ. ഷാജിത**
ടി. കെ. എം. കോളജ്, കൊല്ലം
**പ്രൊഫ. സുമ ബിനോയ് തോമസ്**
ബസേലിയസ് കോളജ്, കോട്ടയം
**പ്രൊഫ. ഷീന ഈപ്പൻ**
സെന്റ് തോമസ് കോളജ്, കോഴഞ്ചേരി
**ഡോ. സജി കെ എസ്**
വി പി സി കോളജ് പിറവം
**ഡോ. അജിത**
എസ്. എൻ. കോളജ്, നാട്ടിക
**പ്രൊഫ. ജ്യോതി**
എൻ. എസ്. എസ്. കോളജ്, നെന്മാറ
**പ്രൊഫ. സി രമണി**
പ്രൊവിഡൻസ് വിമൻസ് കോളജ്, കോഴിക്കോട്
**ഡോ. ടി.പി. നഫീസാബേബി**
സർ സെയ്യദ് കോളജ്, തളിപ്പറമ്പ്

**ഡോ. എസ്. ആമിന**
എം.എസ്.എം.കോളജ്, കായംകുളം

## അക്കാദമിക് കമ്മിറ്റി

**ഡോ. ഡി. കെ. ബാബു**
(ചെയർമാൻ)
**പ്രൊഫ. സി. പത്മനാഭൻ**
(കൺവീനർ)
**ഡോ. ശ്രീകണ്ഠൻ നായർ**
വി. ടി. എം. എൻ. എസ്. എസ്. കോളജ്, ധനുവച്ചപുരം
**ഡോ. എ ഹാഷിമുദീൻ**
ടി. കെ. എം. ആർട്സ് & സയൻസ് കോളജ്, കൊല്ലം
**ഫാദർ മാത്യൂസ് വാഴകുന്നേൽ**
സെന്റ് തോമസ് കോളജ്, റാന്നി
**പ്രൊഫ. പോൾ വി കാരന്താനം**
സെന്റ് തോമസ് കോളജ്, പാല
**പ്രൊഫ. അജു നാരായണൻ**
യു. സി. കോളജ്, ആലുവ
**പ്രൊഫ. റജി വി. എസ്.**
എസ്. എൻ. കോളജ്, നാട്ടിക
**ഡോ. എൻ. ഈ. രാജീവ്**
ഗുരുവായൂരപ്പൻ കോളജ്, കോഴിക്കോട്
**ഡോ. ജോർജ്ജ് മാത്യു**
സെന്റ് മേരീസ് കോളജ്, സുൽത്താൻബത്തേരി
**ഡോ. കെ എം പ്രസീദ്**
സർ സെയ്യദ് കോളജ്, തളിപ്പറമ്പ
**ഡോ. പി. ഹരിദാസ്**
വി. ടി. ബി. കോളജ്, ശ്രീകൃഷ്ണപുരം
**പ്രൊഫ. എം. പ്രീത്**
ടി.കെ.എം കോളജ്, നങ്ങ്യാർകുളങ്ങര

## സർവ്വീസ് സെൽ

**ഡോ. പി എസ്. ഫിറോസ്**
(കൺവീനർ)
എസ്. എൻ കോളജ്, നാട്ടിക
**പ്രൊഫ. ജോജി അലക്സ്**
(ജോ. കൺവീനർ)
സെന്റ് തോമസ് കോളജ്,പാല
**ഡോ. കെ പി വിനോദ്കുമാർ**
(ജോ. കൺവീനർ)
എം. ഇ. എസ്. കോളജ്, മമ്പാട്
**പ്രൊഫ. എം ശ്രീകുമാർ**
(ജോ. കൺവീനർ)
എം. എം. എൻ. എസ്. എസ് കോളജ്, കൊട്ടിയം

**ഡോ. പ്രകാശ്**
ഡി. ബി. കോളജ്, പരുമല
**ഡോ. ശ്രീനിവാസൻ**
യു. സി. കോളജ്, ആലുവ
**ഡോ. പി. സുനിൽകുമാർ**
എസ്.ഡി.കോളജ്, ആലപ്പുഴ
**ഡോ. സി എൽ ജോഷി**
സെന്റ് തോമസ് കോളജ്, തൃശ്ശൂർ
**പ്രൊഫ. മുഹമ്മദ് സലിം**
ഫറൂഖ് ട്രെയിനിംഗ് കോളജ്, കോഴിക്കോട്
**ഡോ. ഹരികൃഷ്ണൻ**
എൻ. എസ്. എസ്. എഞ്ചിനീയറിംഗ് കോളജ്, പാലക്കാട്
**ഡോ. ആർ രമേശ് കുമാർ**
എൻ. എ. എസ് കോളജ്, കാഞ്ഞങ്ങാട്

## ലെയ്സൺ ഓഫീസേഴ്സ്

സെക്രട്ടറിയറ്റ്.
**പ്രൊഫ. എൻ വിപിൻ ചന്ദ്രൻ**
മാർ ഇവാനിയോസ് കോളജ്, തിരുവനന്തപുരം
**ഡോ. കെ സി അജിത് പ്രസാദ്**
എം ജി കോളജ് ,തിരുവനന്തപുരം

**കോളജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**പ്രൊഫ. കെ രാധാകൃഷ്ണൻ നായർ**
എം ജി കോളജ്, തിരുവനന്തപുരം
**ഡോ. വി ആനന്ദ് കുമാർ**
എം ജി കോളജ്, തിരുവനന്തപുരം

## ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ

**കൊല്ലം.**
**ഡോ. എസ് മനോജ്**
എഫ് എം എൻ കോളജ്, കൊല്ലം
**ഡോ. പി കെ സോമരാജൻ**
എസ് എൻ കോളജ് കൊല്ലം
**ഡോ. കിഷോർ റാം**
എം എം എൻ എസ് എസ് കോളജ്, കൊട്ടിയം

**കോട്ടയം.**
**ഡോ. റ്റി. പി വിനു**
എൻ എസ് എസ് കോളജ്, ചങ്ങനാശ്ശേരി
**ഡോ. എബ്രഹാം കെ സാമുവൽ**
സി എം എസ് കോളജ്, കോട്ടയം,

# വർക്കിംഗ് കമ്മിററി തീരുമാനങ്ങൾ

- ട്രെയിനംഗ് കോളജിൻെറ ചുമതല. ഡോ. തോമസ് മാത്യുറിനും
- എഞ്ചിനീയറിംഗ് കോളജിന്റെ ചുമതല ഡോ. വി. കെ. സുധാകരനും
- ആയുർവേദ കോളജിന്റെ ചുമതല ഡോ.ടി. കെ. ശ്രീധരനും നൽകുവാൻ തീരുമാനിച്ചു.
- അക്കാദമിക് കമ്മിററി ജൂൺ മാസം 14 നു ശനിയാഴ്ച രാവിലെ 10.30 ന് തിരുവനന്തപുരം എ.കെ.പി.സി.ടി.എ ഓഫീസിൽ കൂടാൻ തീരുമാനിച്ചു.
- സംസ്ഥാന വനിതാ കമ്മിററിയുടെ ഈ വർഷത്തെ ആദ്യയോഗം ജൂൺ മാസം 14 ന് ശനിയാഴ്ച രാവിലെ 10.30 തിരുവനന്തപുരത്ത് എ.കെ.പി.സി.ടി.എ ഓഫീസിൽ വച്ച് കൂടാൻ തീരുമാനിച്ചു.
- എ കെ പി സി ടി എ സംസ്ഥാന കമ്മിററി ഓഫീസിൻെറ ചുമതല ഡോ. കെ സി അജിത് പ്രസാദിന് നൽകാൻ യോഗം തീരുമാനിച്ചു.
- ആട്ടോണമസ് കോളജുകൾക്കെതിരെയുള്ള സമരം ശക്തമാക്കുന്നതിൽ സർവ്വകലാശാലാ വിദ്യാഭ്യാസ സംരക്ഷണ സമിതിയുടെ യോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ചു.
- പ്ലേസ്മെൻറ്, പ്രമോഷൻ ഉൾപ്പെടെയുള്ള സർവ്വീസ് കാര്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടി നമ്മുടെ സഹോദര സംഘടനകളുമായി ആലോചിച്ച് സമരപരിപാടികൾ ആസൂത്രണം ചെയ്യാൻ തീരുമാനിച്ചു.

**ഡോ. ബിജു തോമസ്**
ബസലിയോസ് കോളജ്, കോട്ടയം
**ഡോ. റിനി പി. വർഗ്ഗീസ്**
കാലിക്കട്ട് കോളജ്, പത്തനംതിട്ട
**എറണാകുളം**
**ഡോ. എൻ വി ജോഷി**
സെന്റ് പോൾസ് കോളജ്, കളമശ്ശേരി
**ഡോ. സി എം. ശ്രീജിത്ത്**
എസ് എൻ എം കോളജ്, മാല്യങ്കര
**തൃശ്ശൂർ**
**ഡോ. ബാബുജോസഫ്**
സെന്റ് തോമസ് കോളജ്, തൃശ്ശൂർ
**ഡോ. ററി.കെരാമകൃഷ്ണൻ,**
എസ് കെ വി കോളജ്, തൃശൂർ
**കോഴിക്കോട്.**
**ഡോ. ഗോഡ്വിൻ സാംരാജ്**
മലബാർ ക്രിസ്ത്യൻ കോളജ്, കോഴിക്കോട്
**ഡോ. ജോബി കെ ജോസ്**
ദേവഗിരി കോളജ് കോഴിക്കോട്
**പ്രൊഫ. എം നന്ദകുമാർ**
എൻ എ എം കോളജ്, കല്ലികണ്ടി
**പ്രൊഫ. കെ സി അബ്ദുൾ മജീദ്,**
ഫാറൂക്ക് കോളജ്, കോഴിക്കോട്

## സർവ്വകലാശാലകൾ

**കേരള.**
**ഡോ. ജെ എസ് സുധീർ**
ഇക്ബാൽ കോളജ്, പെരിങ്ങമല
**പ്രൊഫ. മനോജ്**
എം ജി കോളജ്, തിരുവനന്തപുരം
**എം ജി സർവ്വകലാശാല**
**ജോൺസൺ ജോസഫ്**
ദേവമാതാ കോളജ്, കുറവിലങ്ങാട്
**പ്രൊഫ. എൻ ഹരി**
സി എം എസ് കോളജ് കോട്ടയം
**ഡോ. സജിലാൽ എസ്.**
ഡി ബി കോളജ്, തലയോലമ്പറമ്പ്,
**കോഴിക്കോട്**
**പ്രൊഫ. നൗഫൽ**
പി.എസ്. എം. ഓ കോളജ്, തിരൂരങ്ങാടി
**ഡോ. വി. കെ. സുധാകരൻ**
എൻ. എസ്. എസ്. കോളജ്, ഒറ്റപ്പാലം
**ഡോ. ടി. കെ. ശ്രീധരൻ**
എം.ഇ. എസ്. കോളജ്, പൊന്നാനി
**കണ്ണൂർ**
**ഡോ. പി. സി. സുരേഷ്**
എസ്. എൻ. കോളജ്, കണ്ണൂർ
**ഡോ. ഇ. ഹരികൃഷ്ണൻ**
പയ്യന്നൂർ കോളജ്, പയ്യന്നൂർ
**ഡോ. രാഖി രാഘവൻ**
പി. ആർ. എൻ. എസ്. എസ് കോളജ്, മട്ടന്നൂർ

## വെൽഫെയർ ട്രസ്റ്റ്

**സംസ്ഥാന ഭാരവാഹികൾ**

## ബിൽഡിംഗ് കമ്മിററി

**ഡോ. കെ പി സുകുമാരൻ നായർ**
**ഡോ. കെ. ശ്രീവത്സൻ**
**പ്രൊഫ. ആർ മോഹനകൃഷ്ണൻ**
**ഡോ. കെ എൽ വിവേകാനന്ദൻ**
**ഡോ. കെ സി അജിത്പ്രസാദ്**

## ലീഗൽസെൽ

**ഡോ കെ കൃഷ്ണദാസ്**
(കൺവീനർ)
ശ്രീശങ്കര കോളജ്, കാലടി
**ഡോ. തോമസ് മാത്യു**
യു സി കോളജ് ആലുവ
**ഡോ. ഹരികൃഷ്ണപിള്ള**
പടിയാർ ഹോമിയോ കോളജ്
**പ്രൊഫ. എൻ എം സണ്ണി**
മലബാർ ക്രിസ്ത്യൻ കോളജ്
**പ്രൊഫ. വി കുട്ടിയാൻ**
എൻ എ എസ് കാഞ്ഞങ്ങാട്

## എ കെ പി സി ടി എ വെബ്സൈററ്

**ഡോ. കെ സി അജിത്പ്രസാദ്**
**പ്രൊഫ. രവി കൃഷ്ണൻ**
എസ് കെ വി കോളജ്, തൃശൂർ
**പ്രൊഫ. തോമസ് മോണോത്ത്**
മേരിമാതാ കോളജ്, മാനന്തവാടി
**ഡോ. ഐ.ജി. ഷിബി**
എസ് എൻ കോളജ്, ചെമ്പഴന്തി




# Higher Education Policy Making in India: A Neo-liberal agenda



Dr. Saumen Chattopadhyay
*Zakir Hussain Centre*
*JNU, Delhi*

The higher education landscape in India has been witnessing rapid changes during the last decade. Rising demand, increasing private initiatives to invest and policy measures in the form of Bills and regulations, mooted and being implemented by the government have all contributed to the emerging scenario. We would like to make an attempt in this paper to understand critically the rationale being put forth behind these policy changes and what these policies have in store for the stakeholders in higher education and the higher education institutions. Though principles of economics (mainstream) are apparently being invoked to inform policy making in the education sector, it is time that we introspect and assess whether these policy changes are just and appropriate for the country and the education sector in general and whether we could think of an alternative to the policy approach being advocated by the government.

**Context**

Gross Enrollment Ratio (GER) in higher education has now risen to more than 19 percent (RUSA: p. XIV) which is still lower than the world average. The target is to achieve 25 percent by the end of the Twelfth Five Year Plan. Though there has been a rapid rise in the number of higher education institutions, regional disparities have got accentuated because of the rising participation of the private institutions in the sector. There exist significant differences in funding amongst the central government funding institutions and the state government funded ones. Also, there are differences amongst the states with average spending being about 0.5 percent of gross state domestic product (GSDP) on higher education. Though cast and gender wise disparities have declined over the years, we need to reduce the gaps further.

These developments need to be looked at from the perspective of rising private investment in higher education. Students studying in government funded institutions only constitute about 48 percent of total enrollments, and the remaining 52 percent are enrolled in private institutions including aided and unaided (RUSA: p.XIV). Of the students

studying in public institutions, only 6 percent (0.5 million) are enrolled in the centrally funded public institutions while the state controlled public institutions cater to about 94 percent (7.9 million) (ibid). Nearly 80 percent of the professional institutions mostly owned by the private sector are concentrated in few states mostly the southern states. The major concern as argued in RUSA is the UGC's inability to fund 33 percent of the universities and 51 percent of the colleges in the country as UGC is allowed to fund only the institutions that are Section 12B and 2(f) (UGC Act) compliant. In the policy circles, it has been mentioned time and again that the Indian universities do not feature in the ranking of the world universities and low employability indicate that we indeed need to worry about the quality of higher education in India.

### Diagnosis of the malaise

In comparison with the central institutions, the state higher education system receives disproportionately smaller amounts of grants. Instead of receiving block grants that facilitate better utilization of funds, institutions receive item-wise allocations that make it cumbersome to use all the funds, it is argued. It is also felt that the state institutions do not have the capacity to absorb funds as well as the cumbersome processes for the transfer and utilization of funds further hinder the process. It is estimated that nearly 26 million seats have to be created in the next decade to meet the rising demand which entails huge quantum of resources. During the Twelfth Five Year Plan, nearly 10 million seats have to be created out which more than two-third will be created in the private education segment (RUSA: p. 19). The Twelfth Five Year Plan notes that the Government must find innovative avenues for funding, promoting research and upgrading quality. It is also noted that the existing government funded institutions, are unable to deliver and a majority of them are non- accredited institutions. Poor infrastructure and faculty shortages continue to impede the delivery of good quality education. Even though state universities are a primary responsibility of the state governments, RUSA notes that the development of students in both state and central institutions is a national responsibility and hence, there cannot be any discrimination between the two.

But, macro-economic issues like growth, its composition and the growth drivers are also important. We are experiencing a jobless growth driven mainly by the growth of technology intensive sectors. There exists a mismatch between sector specific demand for skills and supply of it.

### Framing Policies

There are three major objectives guiding higher education policy making since the formulation of the Eleventh Five Year Plan: expansion, inclusion (equity), and excellence. The fourth one is now being talked about is employability, which in a way is linked to excellence or quality of education. Along with this is our penchant to participate in the global knowledge economy and to foster global competitiveness. Realisation of all these objectives will help, arguably, in reaping the benefits of demographic dividend and in the process the problems of unemployment, inequity in the distribution of income and rising discontentment among the youths could be effectively tackled.

The first set of policies is in the form of bills the government contemplated and some of the bills were tabled in the parliament and passed. Some of the major bills are, the National Commission of Higher Education and Research Bill, 2010 (NCHER), Foreign Educational Institutions (Regulation of Entry and Operations) Bill, Maintenance of Quality and Prevention of Commercialisation) Bill, 2010, National Accreditation Regulatory Authority for Higher Educational Institutions Bill, 2010, Educational Tribunals Bill 2010, Prohibition of Unfair Practices in Technical, Medical Educational Institutions and University Bill, 2010[1].

Higher Education Apex Coordination Committee (HEACC) is being formed which is an overarching body through an administrative order to resolve issues arising out of "*varying and sometimes conflicting regulatory provisions*" mandated by the regulatory bodies and professional councils. In contrast, NCHER was envisaged as a super-regulator by dismantling UGC and AICTE and other bodies. The Committee will be a six member body headed by the HRD Minister including UGC and AICTE chairpersons. Therefore, HEACC will essentially constitute a coordinating mechanism (The Hindu, 14 Nov, 2013). This is in place of NCHER which was faced a lot opposition by the state governments as it interfered with their autonomy and jurisdiction in higher education. These bills essentially seek to construct a quasi-market for higher education in line with the neo-liberal approach to education reform.

The second set of initiatives seek to reform the government funded institutions by forging partnership with the private sector through Public-Private Partnerships (PPP) and University Governance Reforms (UGC Regulations) meant essentially for the teachers who are now made to accountable to the system in an objective manner. This is an outcome MHRD-UGC initiative which has been implemented in the form of Gazette Notifications. The

Twelfth Five Year Plan on higher education gives an account of the various policy initiatives the government intends to undertake. The most important aspect is the continued focus on the need to legitimate profit making in higher education. Some of the policies find place in RUSA.

To create base for policy making, the central government has constituted from time to time committees to diagnose the problems and prescribe solutions. We had Ambani-Birla Committee (2000), the National Knowledge Commission (NKC), the Yash Pal Committee and now the Narayan Murthy Committee (NMC). The recommendations of the NMC make it evidently clear that private sector investment in higher education has now become an imperative and the NMC chalks out a strategy to encourage private investment through free land, financial and tax concessions as these are similar to investment in infrastructure sector. This has to be looked at against the backdrop of making corporate social responsibility (CSR) mandatory as per the amendment in the new Companies Act.

Rashtriya Uchachtar Shiksha Abhiyan (RUSA) which is an 'Umbrella mission mode project' seeks to take into consideration the challenges the higher education system faces today on the basis of their diagnosis. RUSA seeks to be comprehensive and competitive by changing not only the mode of funding but also making it possible to fund even the private sector initiatives other than the institutions hitherto uncovered by the UGC funding. State Higher Education Councils are now required to present a comprehensive plan by taking into consideration the private investment in the state but also supporting their plans with the help of central funds. States are now required to pitch in with their shares to support the expansion of higher education. Profit making is now allowed (under Section 25 of the Companies Act 1956). Private initiatives are to be recognised as infrastructure and would become eligible for various financial and tax treatments. The states or the institutions will now be required to look for options like philanthropic, donations/ companies/ trusts/ NRIs/ Chairs/ public-private partnership (PPP).

States will make a pre-defined matching contribution to the centre's share. Centre to other states will be in the ratio of 65:35, for private it is 50:50 for the private sector[2]. RUSA proposes norm based funding. Mode of funding should change from demand driven grants and input based budgeting to normative and entitlement based grants to outcome based budgeting.

**Neoliberal Policy framework**

Higher education is a quasi-public good which implies that government has a role to play[3]. But the extent of privateness and publicness depends on the socio-economic context, legal provisions and the willingness of the policy makers to enhance publicness by addressing the concern for achieving inclusive expansion.

There are two major realms of policy intervention in the neoliberal framework, the institution and the sphere of interface between the institutions and the students, what the neoliberals identify as market. The neoliberals argue that adoption of corporate like management principles will improve efficiency in the use of resources at the institutional level and delivery of quality education. A business firm is argued to be efficient as a typical firm has an objective function, i.e., profit maximization and cater to the market demand. Since the government funded institutions are not-for-profit and under no compulsion to cater to the market associated with a reward structure being externally determined, the institutions are argued to be suffering from 'government failure'. Hence a part of the reform agenda is to improve the governance structure through the institutionalization of corporate like governance structure where performance management techniques, contracting out of services and forms of privatization are installed, called New Public Management (NPM). With this, the government funded institutions will now be expected to face the challenges in the market along with the private sector.

Resource constraint faced by the government and faith in the private sector to deliver entail promotion of private sector investment in education of course with adequate safeguard for preventing commercialization. But the question is why should the private sector be interested in investment if they are not allowed to make profit which is synonymous with profit maximisation. However, given the high cost of education and the fact that education should remain a state subject, there is a 'third way out', and that is through forging partnership between public and private. There could be different models of public-private collaborations with varying financial implications and delivery of education. But the question regarding what is the objective behind private sector investment in education remains and whether PPP models amount to privatization of education eventually.

Both these sets of policies will help achieve allocational efficiency in the quasi-market for higher education. It is believed in the neoliberal framework that competition in the sphere of market leads to efficiency and quality.

Economic agents are motivated to give their best only under competitive scenario and so the

Neoliberal approach is to create "manipulatable man". In the case of education, the teachers and students are being made to be so as the teachers are now workers whose performance can now be measured and accountable to the students and the students are now the consumers. The introduction of the Academic Performance Indicator (API) based system to uphold the performativity principle is a clear enough indication.

**Two major assumptions**

Education brings the academia together to engage in generally conceived moral preferences. These moral preferences or values determine the nature and pattern of decision- making process and the governance system. That is, reflection plays a part in making every-day moral choices and helps increasing our relative awareness of factors that influence governance. Since there are normative elements in educational governance, it is significant that the benefits of decision theory are widely recognized and utilized by educational administrators. The decision-making process is determined by social, psychological, cultural, intuitional, legal, political and economic factors. That is why the rational choice theory states that conscious decision makers perform efficiently. Values are conceptualized as accepted standards of behaviour which improve the quality of decision-making, standard of governance and ultimately internal consistency of the system. The internal strengths and intrinsic values of each are central to democracy, education and the system of governance. Values such as tolerance, liberty, and reciprocal respect are culture specific and cultural disharmony distorts educational and democratic values creating deeper in-roads in the governance system. Democracy provides citizens an opportunity to learn from one another, and helps society to form its objectives, thereby, fulfilling them according to priorities.

Accountability reveals our dedication and commitment to the system of governance. It is nothing but a standard of professionalism dedicated to assessing continuous improvement of every detail of the services we provide. Human relations and culture which are internal to the individual reveal truthfulness and sincerity of all interactions. It is disturbing that instances of inefficient and corrupt practices in public governance are not infrequent. That is why it is said that a faithful person is loyal to himself, and thereby, to an organization where he works. The members of the system of governance should treat co-workers as professionals deserving courtesy, respect and dignity. However, without courage, it is inefficient to live by one's own values. The strength to sustain other values multiplies one's own ability. To quote Shakespeare: "Cowards die many times before their deaths. The valiant never taste death but only once". As committed public servants, we should respond to and react with equal enthusiasm, commitment and professionalism at the end of

In a country where more than 25 percent of the people are illiterate and higher education gross enrolment ratio is less than 16 percent, radical measures are essential to transform the system. Governance in multiple aspects includes the capacity of the government to formulate sound public policy, proper management of resources, efficient provision of services and appropriate prioritization of objectives. In fact, government effectiveness is assessed in terms of quality and effective public policy formulation and its implementation. No system can sustain in the long run, if it fails to control the social evil of corruption through legislation and its effective implementation with people's support and co-operation.

the day, as we do at the beginning of the day. That is, public governance is meaningless without effective involvement. Effective involvement by the members of the academic, administrative and governing bodies can liberally contribute towards strengthening the system of university governance. What makes our higher education system dynamic and challenging is the continuous administrative and managerial engagement to improve the forces working within the system. It reminds us that circumstances and constraints must carefully be considered, as well as avenues through which the public servant responds to the needs of stakeholders. Thus, participatory and interactive decision making at different levels (intra-administrative), and between administrators and academia (inter-administrative) including the public, ought to be contextualized for shared support within a group or between groups for quality governance. Creative and innovative governance mechanisms through democratic participation help expedite the decision making process. Ultimately, communication is the core of our effective service mission.

In a country where more than 25 percent of the people are illiterate and higher education gross enrolment ratio is less than 16 percent, radical measures are essential to transform the system. Governance in multiple aspects includes the capacity of the government to formulate sound public policy, proper management of resources, efficient provision of services and appropriate prioritization of objectives. In fact, government effectiveness is assessed in terms of quality and effective public policy formulation and its implementation. No system can sustain in the long run, if it fails to control the social evil of corruption through legislation and its effective implementation with people's support and co-operation.

The basic philosophy behind this argument owes much to the concept of democratic governance, developed through socially inclusive democratic discourse. It is necessary to discuss the relevance of inter-institutional, institutional or intra-institutional divisions of power through democratic means while retaining academic, administrative and financial autonomies across governance hierarchies. Restricted freedom and structural inflexibility, lead to many problems in governance. That is why it is argued that democracy, transparency and accountability can re-orient educational governance based on the spirit of fraternity. What is disturbing is that self-images or internal identities of the employees are, in general, influenced not by truth or realism, but by their self-interests. Unfortunately, in many higher educational institutions, governance decisions are discriminatory, partial and biased which distorts and pull down the quality and efficiency of the system.

The universities in Kerala are no exception to this phenomenon. Appointments to the key posts of Vice-Chancellors have to be through a standard search committee but instead are made primarily by considering their political affiliation or some other interests, rather than academic and governance credentials! This is one reason why the quality of higher education and research in the country leaves much to be desired. Thus, one major problem of Indian university governance is that it is influenced by highly politicized, discriminatory and undemocratic decision making process. Let us recall Dr. Upendra Baxi, Emeritus Professor of Law at University of Warwick and who had the privilege of becoming the Vice-Chancellor of two leading Indian Universities: "Indian education system almost always consistently failed to guide students, teachers, and university administrators towards a culture that accords dignity of discourse to the principle, design and politics of respect towards different others". In other words, it calls for upholding the procedural virtues such as transparency, accountability, objectivity, honesty, civic responsibility, pluralism, efficiency and equity.

## 3. Conclusion

Democracy strengthens education and education reinforces and integrates democratic values. Responsible human resource management, meaningful institutional co-operation, standard policy statements and shared governance through democratic discourse can sustain the system. Thus, to improve governance, the most appropriate and effective option is democratization of the academic, administrative and governing bodies across Indian higher education institutions or universities.

# നല്ലഭാഷ പറഞ്ഞാൽ



ഡോ.സി.ടി.ഫ്രാൻസീസ്
*സെന്റ് തോമസ് കോളേജ്, പാല.*

ഇംഗ്ലീഷ് ഭാഷയിൽ തെറ്റുവരുത്തുന്നത് ഒരപരാധവും മലയാളം തെറ്റിക്കുന്നത് ആഢ്യത്വത്തിന്റെ ലക്ഷണവുമാണെന്നാണ് ഇന്ന് ശരാശരി മലയാളിയുടെ ധാരണ. ഇംഗ്ലീഷിലെ തെറ്റുകൾ തിരുത്തുവാൻ കഠിനമായി ശ്രമിക്കുന്നവർ മലയാളംതെറ്റുകൾ ചൂണ്ടിക്കാണിക്കുന്നവരെ പുച്ഛിച്ചുതള്ളുന്നു. മലയാളം ശ്രേഷ്ഠഭാഷയും ഭരണഭാഷയുമായംഗീകരിക്കപ്പെട്ടിട്ടുള്ള ഈ സന്ദർഭത്തിലെങ്കിലും ഈ മനോഭാവത്തിന്ന് മാറ്റം വന്നിരിക്കുമെന്ന ധാരണയിലാണിതു കുറിക്കുന്നത്. ഇന്നു നാം ഭാഷയിൽ വരുത്തുന്ന തെറ്റുകളിൽ ചിലതു ചൂണ്ടിക്കാണിക്കുവാനുള്ള ഒരു ഉദ്യമമാണിവിടെ.

സമൂഹജീവിതത്തിന്റെ എല്ലാതുറകളിലും സ്ത്രീകൾ കടന്നുവന്നതോടുകൂടി പുരുഷന്റെ കുത്തകയായിരുന്ന പല സ്ഥാനങ്ങളിലും സ്ത്രീകളെത്തിച്ചേർന്നു. അതോടെ പല പദങ്ങൾക്കും സ്ത്രീലിംഗരൂപങ്ങൾ ആവശ്യമായിവന്നു. സ്ത്രീലിംഗരൂപങ്ങളുാക്കുന്നതിന്ന് വ്യക്തമായ വ്യാകരണനിയമങ്ങളുണ്ടായിരുന്നിട്ടും നാം പല പദങ്ങളും വികൃതമാക്കി, സ്ത്രീലിംഗാഭാസങ്ങളാക്കി പ്രയോഗിക്കുകയാണ് ചെയ്യുന്നത്. അദ്ധ്യാപകൻ, നായകൻ, സേവകൻ, ലേഖകൻ, പരിവ്രാജകൻ മുതലായ ശബ്ദങ്ങളുടെ സ്ത്രീലിംഗരൂപങ്ങളായ അദ്ധ്യാപിക, നായിക, സേവിക, ലേഖിക, പരിവ്രാജിക മുതലായ പദങ്ങൾ നമുക്കു സുപരിചിതങ്ങളാണ്. മലയാളത്തിലെ വിഭക്തികളുടെ പേരുകളായ നിർദേശിക, പ്രതിഗ്രാഹിക, സംയോജിക, ഉദ്ദേശിക, പ്രയോജിക, സംബന്ധിക, ആധാരിക എന്നീ പദങ്ങളും ഇതേ വിധത്തിലുള്ള സ്ത്രീലിംഗരൂപങ്ങളാണ്. ഒരു പ്രവൃത്തി ചെയ്യുന്നയാളെന്ന അർത്ഥത്തിൽ 'ക'പ്രത്യയം ചേർത്തുള്ള പദങ്ങളുടെ സ്ത്രീലിംഗരൂപം കണ്ടെത്തുവാൻ ഈ പദങ്ങൾ മാർഗനിർദേശകങ്ങളാണ്. ഇതനുസരിച്ച് അഭിഭാഷകൻ, ഉദ്ഘാടകൻ, നിരൂപകൻ മുതലായപദങ്ങൾക്ക് അഭിഭാഷിക, ഉദ്ഘാടിക, നിരൂപിക മുതലായവയാണ് സ്ത്രീലിംഗരൂപങ്ങളെന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. സാലഭഞ്ജിക, അഭിസാരിക മുതലായ സ്ത്രീലിംഗശബ്ദങ്ങൾക്ക് ആവശ്യമെങ്കിൽ സാലഭഞ്ജകൻ (വിഗ്രഹഭഞ്ജകൻ പോലെ), അഭിസാരകൻ മുതലായ പുംലിംഗരൂപങ്ങളും കണ്ടെത്താവുന്നതേയുള്ളൂ. ഇപ്രകാരം തന്നെയാണ് നിർദേശിക, പ്രതിഗ്രാഹിക മുതലായപദങ്ങൾക്ക് നിർദേശകൻ, പ്രതിഗ്രാഹകൻ മുതലായ പദങ്ങളും. ഇവയിലെല്ലാം ക എന്ന പ്രത്യയത്തിന്നു മുൻപുള്ള അകാരത്തിന്റെ സ്ഥാനത്ത് ഇകാരം വരികയും കകാരത്തിന്നു പിന്നിൽ അകാരം ദീർഘിക്കുകയും ചെയ്യുന്നു. അതിനാൽ അദ്ധ്യാപികാ, നായികാ എന്നിങ്ങനെ ആകാരത്തിലാണ് ഈ പദങ്ങളെല്ലാം അവസാനിക്കുന്നത്. മലയാളത്തിൽ നാം അവസാനത്തെ അകാരം ദീർഘിപ്പിക്കാറില്ലെന്നു മാത്രം. നായകി, യാചകി എന്നിങ്ങനെ ചില സ്ത്രീലിംഗശബ്ദങ്ങൾ നമുക്കു പരിചിതങ്ങളാണ്. എന്നാൽ ഈ പദങ്ങൾ

യഥാക്രമം നായകന്റെയും യാചകന്റെയും പത്നിമാരെ സൂചിപ്പിക്കുന്നു. പുംലിംഗശബ്ദം സൂചിപ്പിക്കുന്നതുപോലെ അവർ നയിക്കുന്നവരോ യാചിക്കുന്നവരോ ആയിരിക്കണമെന്നില്ല. ആചാര്യന്റെ പത്നി ആചാര്യാനിയും ആചാര്യവൃത്തി ചെയ്യുന്ന സ്ത്രീ ആചാര്യയുമായിരിക്കുന്നതുപോലെയാണിത്. അവതാരകൻ എന്ന പദത്തിന്റെ സ്ത്രീലിംഗം അവതാരിക എന്നാണ്; അവതാരക എന്നല്ല. ഗ്രന്ഥങ്ങളിലെ അവതാരണക്കുറിപ്പിന് അവതാരിക എന്നു പേര് വന്നത് ഈയർഥത്തിൽത്തന്നെയാണ്. ഗ്രന്ഥത്തെ വായനക്കാരുടെ മുൻപിലവതരിപ്പിക്കുന്ന ഉക്തികളായതിനാലാണവ അവതാരികകളായത്. അപ്പോൾ വിഷയാവതരണം നടത്തുന്ന സ്ത്രീ അവതാരിക തന്നെ. അവതാരകാ, അഭിഭാഷകാ മുതലായ പദങ്ങൾ അവതാരകൻ, അഭിഭാഷകൻ മുതലായ പദങ്ങളുടെ സംബോധനാരൂപങ്ങളാണ്.

ഇപ്രകാരംതന്നെ മറ്റു പല ശബ്ദങ്ങളുടെയും സ്ത്രീലിംഗരൂപങ്ങൾ നാം പ്രയോഗിക്കുന്നത് തെറ്റായിട്ടാണ്. ഭർത്താവെന്ന പദത്തിന്റെ സ്ത്രീലിംഗരൂപം ഭാര്യ എന്നു തന്നെയോ എന്നു ചിന്തിക്കേണ്ടതു്. ഭർത്താവ് എന്ന പദത്തിന്നർത്ഥം ഭരിക്കുന്ന പുരുഷൻ എന്നാണ്; ഭാര്യ എന്ന പദത്തിന്നാകട്ടെ ഭരിക്കപ്പെടുന്ന സ്ത്രീ എന്നും. ഭരിക്കുന്ന പുരുഷൻ എന്നർത്ഥം വരുന്ന പദത്തിന്റെ സ്ത്രീലിംഗരൂപത്തിന്ന് ഭരിക്കുന്ന സ്ത്രീ എന്നായിരിക്കണമർത്ഥം. അതിനാൽ കർത്താവിന്റെ സ്ത്രീലിംഗം കർത്രീ എന്നായിരിക്കുന്നതുപോലെ ഭർത്താവെന്ന പദത്തിന്റെ സ്ത്രീലിംഗരൂപം ഭർത്രീ എന്നാണ്. പുരുഷൻ ഭരണം നടത്തുകയും സ്ത്രീ ഭരിക്കപ്പെടുകയും ചെയ്യുന്നിടത്ത് അവർ ഭാര്യാഭർത്താക്കൻമാരാണ്; മറിച്ചാണെങ്കിൽ അവർ ഭർത്രീഭാര്യൻമാരുമാണ്. ഭരിക്കുകയെന്നാൽ നിറയ്ക്കുക അഥവാ നിറവേറ്റുക എന്നാണർത്ഥം,അടക്കിവാഴുക എന്നല്ല. ഭരണി, ജലസംഭരണി മുതലായവയിലെ ഭരിച്ചുവയ്ക്കൽ നമുക്കു സുപരിചിതമാണല്ലോ! അപ്പോൾ കുടുംബത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നയാളാണ് ആ കുടുംബത്തിന്റെ ഭർത്താവോ ഭർത്രിയോ ആയിരിക്കുന്നത്.

വളരെ ആശയക്കുഴപ്പമുണ്ടാക്കിയിട്ടുള്ള മറ്റൊരു പദമാണ് കവി. ഇതിന്റെ സ്ത്രീലിംഗം കവി എന്നു തന്നെയാണ്. ഇത് ശബ്ദതാരാവലിയും വ്യക്തമാക്കുന്നു്. കവയിത്രിയെന്നത് കവയിതാവ് എന്നതിന്റെ സ്ത്രീലിംഗരൂപമാണ്. ജനയിതാവ്-ജനയിത്രി, ജനിതാവ്-ജനിത്രി; പാലയിതാവ്-പാലയിത്രി, രക്ഷിതാവ്-രക്ഷിത്രി എന്നിങ്ങനെ ഉദാഹരണങ്ങൾ സുലഭം.

ഒന്നല്ലാത്ത ഒന്നിനെ അതാക്കിത്തീർക്കുക എന്നയർത്ഥത്തിലുള്ള "ഈകരണം" പ്രയോഗിക്കുന്നിടത്തും ചില തെറ്റുകൾ കാണാം. ശാക്തീകരണം എന്നപദത്തിലാണിത് ഏറ്റവും തെറ്റായരീതിയിലുപയോഗിച്ചുകാണുന്നത്. ശക്തമല്ലാത്തതിനെ ശക്തമാക്കുന്ന പ്രക്രിയ ശക്തീകരണമാണ്. നവമല്ലാത്തതിനെ നവമാക്കൽ = നവീകരണം; നാവീകരണമല്ല. നാവീകരണമെന്നായാൽ തോണിയല്ലാത്തതിനെ തോണിയാക്കുക എന്നായിപ്പോകുമർത്ഥം. സ്പഷ്ടമല്ലാത്തതിനെ സ്പഷ്ടമാക്കൽ = സ്പഷ്ടീകരണം ; സ്പാഷ്ടീകരണമല്ല. വ്യക്തമല്ലാത്തതിനെ വ്യക്തമാക്കൽ വ്യക്തീകരണമാണ്; വ്യാക്തീകരണമല്ല. അതിനാൽ ശക്തമല്ലാത്തതിനെ ശക്തമാക്കുന്ന പ്രക്രിയ ശക്തീകരണം തന്നെയാണ്; ശാക്തീകരണമല്ല. ശാക്തീകരണമെന്നാൽ ശാക്തരല്ലാത്തവരെ ശാക്തരാക്കലാണ്. ശാക്തർ ശാക്തമതാനുയായികളാണ് - ശക്ത്യാരാധന നടത്തുന്നവർ. അതിനാൽ ഈ ശാക്തീകരണമെന്ന പദം ഇനിയും നാം ഇങ്ങനെത്തന്നെ കൊണ്ടുനടക്കേണ്ടതുണ്ടോയെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

കൂട്ടത്തിൽ നാം പതിവായുപയോഗിക്കുന്ന അന്തർസർവകലാശാല എന്നപദവും ഒരു പുനർവിചിന്തനത്തിന്നു വിധേയമാക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. ര, ശ, ഷ, സ എന്നീ വർണ്ണങ്ങളിലാരംഭിക്കുന്ന ഒരു പദത്തിന്നും മുൻപിൽ ർ എന്നവസാനിക്കുന്ന പദങ്ങളോ ഉപസർഗങ്ങളോ(ദ്രുലളശഃ) മാറ്റമില്ലാതെ നിൽക്കുകയില്ല. ഉദാ:- അന്തർ + രാഷ്ട്ര = അന്താരാഷ്ട്ര; നിർ + രവം = നീരവം; നിർ + രന്ധ്രം = നീരന്ധ്രം. 'ർ' എന്ന വർണ്ണത്തിന് രേഫം എന്നാണ് വ്യാകരണസംജ്ഞ. രേഫത്തിൽനിന്നു പരമായി രേഫം തന്നെ വരുന്ന പക്ഷം ആദ്യരേഫം ലോപിക്കുകയും അതിന്നു മുമ്പിലുള്ള സ്വരം ദീർഘിക്കുകയും ചെയ്യുമെന്നതാണിവിടെ നാം കാണുന്ന നിയമം. രേഫത്തെ തുടർന്നു ശ,ഷ,സ എന്നീ വർണ്ണങ്ങൾ വരുന്ന പക്ഷം ആ രേഫം വിസർഗമോ തനിയ്ക്കു പിന്നിലുള്ള വർണ്ണംതന്നെയോ ആയി മാറുമെന്ന് ഇനി പറയുന്ന ഉദാഹരണങ്ങളിൽനിന്നു വ്യക്തമാകും. അന്തർ + ശല്യം = അന്തഃശല്യം അഥവാ അന്തശ്ശല്യം; ദുർ + ശാഠ്യം = ദുഃശാഠ്യം അഥവാ ദുശ്ശാഠ്യം. ചതുർ + ശാല = ചതുഃശാല അഥവാ ചതുശ്ശാല. അന്തർ + ഷട്കം = അന്തഃഷട്കം അഥവാ അന്തഷ്ഷട്കം; അന്തർ + സത്ത = അന്തഃസത്ത അഥവാ അന്തസ്സത്ത; അന്തർ + സാരം = അന്തഃസാരം അഥവാ അന്തസ്സാരം. നിർ + സാരം = നിഃസാരം അഥവാ നിസ്സാരം. ഇവിടെയെല്ലാം സന്ധികാര്യം ഇപ്രകാരമാണെന്നതിനാൽ അന്തർസർവകലാശാല, അന്തർസംസ്ഥാനം മുതലായപദങ്ങൾ ഒഴിവാക്കുന്നതായിരിക്കും ഭാഷാപരമായി കൂടുതൽ സാധുവായിരിക്കുക. അന്തർസാരവും അന്തർസത്തയും മറ്റും കേട്ടുകേൾവി പോലുമില്ലാത്തവയല്ലേ?

ക,ഖ, പ,ഫ എന്നീ വർണ്ണങ്ങൾക്കു മുമ്പിൽ രേഫം വിസർഗം മാത്രമായേ വരൂ.. ഉദാ:- അന്തർ + കരണം = അന്തഃകരണം ; അന്തർ + പുരം അന്തഃപുരം. അന്തക്കരണം, അന്തപ്പുരം എന്നീ പ്രയോഗങ്ങൾ ശരിയല്ല. തപഃഫലം , ധനുഃഖണ്ഡം മുതലായ സ്ഥലങ്ങളിൽ തപസ്, ധനുസ് എന്നിവയിലെ സകാരം രേഫമായി മാറിയതിന്നു ശേഷം വിസർഗമാവുകയാണ് ചെയ്യുന്നത്.

മലയാളഭാഷയുടെ പ്രയോഗത്തിൽ നാം വരുത്തുന്ന തെറ്റുകൾ നിരവധിയാണ്. നമ്മുടെ മാതൃഭാഷയോടു നമുക്കുള്ള സ്നേഹത്തിന്റെയും ആദരവിന്റെയും ആഴം കൂടിയാണ് നമ്മുടെ ഭാഷാപ്രയോഗത്തിലുള്ള നിഷ്കർഷയിലൂടെ അഭിവ്യഞ്ജിക്കുന്നത്. നല്ല ഭാഷ പറയുവാനും എഴുതുവാനുമുള്ള ശ്രമം നമ്മുടെ ഭാഷാസംബന്ധമായ അറിവ് സ്വച്ഛവും അഗാധവുമാക്കിത്തീർക്കുകതന്നെ ചെയ്യും.



# Ekalavya

**S. K. Prathap**
*Sree Narayana College, Kollam*

Ekalavya my little fellow
the way you fire with that double barrel
rusting at the roots
reminds me of fake encounters
stabbings from behind
and reward-winning deceptions.
I see on my inner sky
worms battening on a deserted corpse.
How does it, I wonder, that its
open mouthed wreckage resemble
the sniper-sharp genius of yours!
*(Mao mao – who is crying in the bush?)*

Where did you pick up that stance?
Who taught you the secret of holding your breath
while the needle of your aim passes
through the aperture of death.
The exactness of your fell shot
lynches my brahmin wisdom.
I who have been the master of pedigree killers
suffer in the dreams of my dark edifications
sufferings of shame to see my lessons
duped in anonymity by your penchant to kill.
*(Mao mao – who is wailing in the bush?)*

And you only fourteen
with just a downy shade
above your lips to show off your balls.
I see my faded black and white
in a leaflet printed in the seventies,
me raising the gun and calling for the eradication
of the class foe – the lords, their apple women
and their ripe and juicy children –
hasting to usher in the golden age of the
underdogs.
You say my image guides you through
the darkness of derision and low born shame!
*(Mao mao – who is moaning in the bush?)*

After forty years my ghost mocks me
from beneath your admiring eyes.
A churning in my bowels passes me
signals of danger in letting you grow
with your fatal skills of kill;
across the field and upon the target
you take aim I read my endangered destiny.
Ekalavya, my child, you should know
that the tradition we flout in the name of
revolution
is the loving mother whom the henpecked son
disowns.
My higher wisdom seasoned by years
in forests, fortresses and mansions of power
and flavoured with the company of victors
has taught me to embrace it with a full mind.
Know that which sustains my hoary survival
is the clutching at the roots
that I hide underneath our biting-red flag.
(Mao mao – who is hooting in the bush?)

Little master with a torn photo as your teacher
don't earn the curse of sin
which will burden your journey down
after you gave away precious life for the cause
by denying me, your absent teacher,
my rightful due of your mastery.
Give me your right thumb
blackened by your inferior birth –
the one that helps hold the gun
balanced like a ballerina with held breath
arabesque to the exactness of a hair's breadth
before the pull the hit and the kill
of the farmer, the peasant, and the soldier
all hurdles in the pathway of change.
Give me my fee my *dakshina*
let not history not repeat itself.
Thumbs up son, my dear, my dearest.

With best compliments from
A.K.P.C.T.A BRANCH

K.E. COLLEGE
MANNANAM

St' Thomas College
PALA



# സ്വർഗ്ഗവും ഭൂമിയും സല്ലപിക്കുന്നു

ഡോ.എം.എസ്.വസന്തകുമാർ
*എസ്.എൻ.കോളജ്, കൊല്ലം*



കാളിദാസന്റെ വിക്രമോർവശീയം അപൂർവപ്രാതിനിധ്യമുള്ള പ്രണയികളുടെ കഥ ഇതിവൃത്തമാക്കിയ നാടകമാണ്. സ്വർഗ്ഗത്തുകാരി ഉർവ്വശിയും ഭൂമിയിലെ വിക്രമക്രിയകൾക്ക് പേരുകേട്ട പുരൂരവസ്സുമാണ് കമിത്രീകമിതാക്കൾ.

ദാനവനായ അസുരരാജാവ് കേശി, ഉർവ്വശിയെയും ചിത്രലേഖയെയും തട്ടിക്കൊണ്ടുപോയി. ഹിരണ്യപുരിയിൽ വച്ചായിരുന്നു സംഭവം. അപ്സരസ്സുകൾ അളകാപുരിയിൽ നിന്ന് മടങ്ങുമ്പോഴായിരുന്നു കേശിയുടെ ഈ സാഹസം. രക്ഷപെട്ട മറ്റ് അപ്സരസ്സുകളായ രംഭ, മേനക, സഹജന്യ എന്നിവർ ഹേമകൂടത്തിലെ പ്രതിഷ്ഠാനഗരിയിലെ നായകൻ പുരൂരവസ്സിനെ കണ്ട് കരഞ്ഞ് സങ്കടം പറഞ്ഞു. പുരുരവസ്സ് കേശിക്ക് പിന്നാലെ കുതിച്ചു പാഞ്ഞുചെന്ന് ഉർവശിയെയും ചിത്രലേഖയെയും രക്ഷപ്പെടുത്തി.

ഉർവശി ഭയപ്പെട്ട് സമനില നഷ്ടപ്പെട്ടിരുന്നു. പുരുരവസ്സിന്റെ തേരിൽ അവർ ഹേമകൂടത്തിലെത്തി. ആ യാത്രയ്ക്കിടിയിൽ പുരൂവസ്സിന്റെയും ഉർവശിയുടെയും കണ്ണുകൾ പ്രേമപൂർവ്വം ഇടഞ്ഞുപോയി. ഉടൻ സ്വർഗ്ഗത്തിലേക്ക് ഉർവശിയെയും ചിത്രലേഖയെയും മടക്കിക്കൊണ്ടു ചെല്ലാൻ ചിത്രരഥൻ എന്ന ഗന്ധർവ്വരാജൻ എത്തി. ഉർവശിയെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുമ്പോഴേക്കും പുരൂരവസ്സും ഉർവശിയും പ്രണയബദ്ധരായി കഴിഞ്ഞിരുന്നു. അതുകൊണ്ട് പ്രണയാതുരയായി വീണ്ടും ഭൂമിയിലേക്ക് മടങ്ങിയെത്തി, ഉർവശി പുരുരവസ്സിന് ഒരു ഭൂർജപത്രത്തിൽ പ്രണയലേഖനം നൽകി. വൈകിയില്ല, സ്വർഗ്ഗത്തിലെ നർത്തനവേദിയിലേക്ക് അവളെത്തുവാൻ ഇന്ദ്രൻ കൽപ്പിച്ചു. അവൾ അനുസരിച്ചു. പക്ഷെ നർത്തനവേദിയിൽ വച്ച് അവൾക്ക് പിഴവ് സംഭവിച്ചു. അതിന് അവളുടെ ഗുരു അവളെ ശപിച്ചു. സ്വർഗ്ഗത്തിൽ അവൾക്ക് ഇരിക്കാൻ കഴിയാതാവട്ടെ എന്നതായിരുന്നു ശാപം. പക്ഷെ ദേവേന്ദ്രൻ ഈ ശിക്ഷ ഒന്നു സമരസപ്പെടുത്തി അവളെ ഭൂമി

യിലേക്ക് പറഞ്ഞുവിട്ടു. പുരൂരവസ്സിന് പ്രീതിയുണ്ടാവാൻ വേണ്ടിയായിരുന്നു അത്. ഒരു വ്യവസ്ഥ കൂടി ദേവേന്ദ്രൻ ഇക്കാര്യവുമായി ബന്ധപ്പെട്ട് ഉർവശിയെ ധരിപ്പിച്ചു - പുരൂരവസ്സിൽ നിന്ന് അവൾക്ക് ജനിക്കുന്ന പുത്രനെ പുരൂരവസ്സ് കാണും വരെ മാത്രം അവൾക്ക് ഭൂമിയിൽ കഴിയാം. അത് കഴിഞ്ഞ് മടങ്ങി സ്വർഗ്ഗത്തിലെത്തണം.

ഭൂമിയിൽ പുരൂരവസ്സുമൊത്ത് അവൾ മതിമറന്ന് ജീവിച്ചു. ഒരിക്കൽ അദ്ദേഹവുമായി പിണങ്ങിപ്പോയി കുമാരവനത്തിലെ അകലുഷം എന്ന പ്രദേശത്ത് ചെന്നുകയറി. കുമാരവനത്തിൽ സുബ്രഹ്മണ്യൻ തപസ് ചെയ്തതിനാൽ, അവിടെ പ്രവേശിക്കുന്ന സ്ത്രീകൾ കാട്ടുവള്ളിയായിത്തീരുമത്രെ. അങ്ങനെയവൾ കാട്ടുവള്ളിയായി മാറി. പിന്നെ സംഗമനീയം എന്ന മണി ധരിച്ചത് കൊണ്ട് പുരൂരവസ്സിന് അവളെ പൂർവ്വരൂപത്തിൽ വീണ്ടും ലഭിച്ചു.

സംഗമീനയം എന്ന മണി ഒരിക്കൽ ഒരു കഴുകൻ പുരൂരവസ്സിന്റെ കൈയിൽ നിന്നും കൊത്തിക്കൊണ്ടുപോയി. ആ പക്ഷിയെ ഒരു ആശ്രമകുമാരനായ ബാലൻ അമ്പെയ്ത് വീഴ്ത്തി. ആശ്രമവിരുദ്ധമായ ഈ പ്രവൃത്തിക്ക് അവൻ അവൻ ആശ്രമത്തിൽ നിന്ന് പുറത്താക്കപ്പെട്ടു.

ഉർവശിക്ക് പുരൂരവസ്സിൽ നിന്ന് ഉണ്ടായ മകനാണ് ആയുസ്സ്. അവനാണ് കഴുകനെ അമ്പെയ്ത് വീഴ്ത്തിയത്. അവനെ അവന്റെ അച്ഛനെ കാണിക്കാതെ ച്യവനാശ്രമത്തിൽ ഏൽപ്പിച്ചിരുന്നു. അവനെ അവന്റെ അച്ഛനായ പുരൂരവസ്സ് കണ്ടാൽ അമ്മയായ ഉർവശി പുരൂരവസ്സിനെ പിരിഞ്ഞ് സ്വർഗ്ഗത്തിലേക്ക് മടങ്ങണ്ടേ ! ആശ്രമവിരുദ്ധമായി പക്ഷിഹത്യ നടത്തിയതിന് ച്യവനാശ്രമത്തിൽ നിന്ന് അവൻ പുറത്താക്കപ്പെട്ടു. പുറത്തായ അവനെ അവിടുത്തെ ഒരു താപസി അവന്റെ അച്ഛനായ പുരൂരവസ്സിന്റെ മുന്നിലെത്തിച്ചു. അങ്ങനെ അച്ഛൻ അവനെ കണ്ടു. അതിനാൽ ഉർവശിക്ക് സ്വർഗ്ഗത്തിലേക്ക് മടങ്ങേണ്ട അവസ്ഥ വന്നു.

പക്ഷെ ആസന്നമായ ദേവാസുര യുദ്ധത്തിൽ പുരൂരവസ്സിന്റെ പിന്തുണ ഇന്ദ്രന് വേണ്ടിയിരുന്നു. അതിന് പുരൂരവസ്സിനെ പ്രീതിപ്പെടുത്താൻ ഉർവശിയെ ഇന്ദ്രൻ സ്വർഗ്ഗത്തിലേക്ക് മടങ്ങാൻ നിർബന്ധിച്ചില്ല. പുരൂരവസ്സ് ജീവിച്ചിരിക്കുന്ന കാലമത്രയും ഭൂമിയിൽ കഴിയാൻ അനുവദിച്ചു. തുടർന്ന് ആയുസ്സ് എന്ന പുത്രന്റെ യൗവരാജ്യാഭിഷേകം നടന്നു. അങ്ങനെ സ്വർഗ്ഗവും ഭൂമിയും ഒന്നാകുന്ന രംഗമൂർദ്ധന്യത്തിൽ വിക്രമോർവശീയം സമാപ്തമാകുന്നു.



## സ്വർഗ്ഗത്തിലെ ആജ്ഞകളും ഭൂമിയിലെ സ്നേഹവും

ഹിമാവാന്റെയും മേരു പർവതത്തിന്റെയും ഇടയ്ക്ക് നിൽക്കുന്ന ഹേമകൂടമാണ് കഥയുടെ പശ്ചാത്തലം. ഉയർന്ന പർവതശിഖരങ്ങളിൽ മേരുവിന്റെ നേരേ മുകളിലത്രെ സ്വർഗ്ഗം. അവിടെ അഭൗമമായ ആനന്ദവും ശാന്തിയും വിതറിക്കൊണ്ട് സ്വർഗ്ഗവും ഭൂമിയും സല്ലപിക്കുന്നു.

സ്വർഗ്ഗനാഥനായ ദേവേന്ദ്രന്റെ അധികാരം നിലനിർത്താൻ തപസ് മുടക്കിയും സ്വർഗ്ഗസദസ്സിലെ സൗന്ദര്യദാഹശമനത്തിന് ഇന്ദ്രന്റെ ആജ്ഞാനുവർത്തികളായും കഴിഞ്ഞുകൂടുന്ന അപസരസ്സുകളിൽ ഏറ്റവും സൗന്ദര്യവതിയാണ് ഉർവശി. സ്വർഗ്ഗത്തിൽ നിന്നും അവൾക്ക് ലഭിച്ചത് ആജ്ഞകൾ മാത്രം, മറിച്ച് ഭൂമിയിൽ നിന്ന് ലഭിച്ചത് പുരൂരവസ്സിന്റെ സ്നേഹവും പ്രണയവും സഹാനുഭൂതിയും! ആ സ്നേഹം നുകരാനുള്ള നിശബ്ദമായ നിതാന്ത തപസ്സാണ് ഉർവശിയുടെ അന്തരംഗത്തിൽ. ആ തപസ്സിന്റെ ഫലമാണ് ഒടുവിൽ അവൾക്ക് ലഭിക്കുന്ന പുരൂരവസ്സുമൊത്തുള്ള ദാമ്പത്യം.

## കാളിദാസകൃതി കഥാപ്രസംഗവേദിയിൽ

രാജസദസുകളിൽ കാളിദാസന്റെ തൂലികാവിഭവങ്ങൾ തിരുത്തലുകളുടെയും ഭരണപരിഷ്കാരത്തിന്റെയും ശബ്ദങ്ങളായിരുന്നു. അത് ഭരണത്തെ സൽസ്വാധീനം ചെയ്തു. ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നുവെന്ന് കരുതപ്പെടുന്ന കാളിദാസന്റെ കാലം വിദേശികളുടെ കടന്നുകയറ്റം തളർത്തിയ സംസ്കൃതസാഹിത്യത്തിന്റെയും സംസ്കൃതിയുടെയും പുനരുജ്ജീവനഘട്ടമായിരുന്നു.

സ്വർഗ്ഗ-ഭൂമികളുടെ സംഗമമെന്ന സങ്കല്പനം ഗാഢമായ ഒരു പ്രണയബന്ധത്തിലൂടെ ആവിഷ്കരിക്കുന്ന കാളിദാസൻ ഭാരതസംസ്കാരത്തിന്റെ സ്ഥാവരപ്രതീകമാണ്. ഇതര കാളിദാസനാടകങ്ങളെയോ മഹാകാവ്യങ്ങളെയോ പോലെ ചർച്ചാവിഷയമായിട്ടില്ല വിക്രമോർവശീയം. എങ്കിലും സൗമ്യമധുരമായ ഒരു കഥാതന്തുവിന്റെ സ്പന്ദം തുടിക്കുന്ന പൗരസ്ത്യസാഹിത്യസൃഷ്ടിയാണത്.

കഥാകഥനത്തിന്റെ ഏറ്റവും ശക്തമായ സമ്പ്രദായമായ കഥാപ്രസംഗരൂപത്തിൽ അത് ഉർവശി എന്ന പേരിൽ ആവിഷ്കരിക്കാനും അതിന് ചേർന്ന ഗാനങ്ങളെഴുതി ഈണം പകരുവാനും ഗ്രാമാന്തരങ്ങളിലെ സദസ്സുകളിൽ അത് അവതരിപ്പിക്കുവാനും കഴിയുന്നത് ഈ ലേഖകന്റെ അഭിമാനമാർന്ന ഭാഗ്യമായി കരുതട്ടെ.



# ദർബാർ: ആസക്തികളും വിലാപങ്ങളും



എൻ. രേണുക
എൻ.എസ്.എസ് കോളജ്, ചേർത്തല

""I dream I am at the Ghat of the Only world
A night of Ghazals comes to an end.
The singer departs through her chosen mirror,
her one diamond cut on her countless necks"

മങ്ങിത്തുടങ്ങിയ ഒരു കാലത്തിന്റെ ഓർമയിൽ നിന്നുമാണ് ഗസലുകളുടെ രാജ്ഞി വീണ്ടും ഉണർന്നത്. സിരകളിൽ ഇടിമിന്നൽ പൂക്കുകയും വിചിത്രവനങ്ങൾ തെളിയുകയും ചെയ്യുന്ന ലഹരിദായകമായ അനുഭവങ്ങളിലൂടെ കടന്നുപോയത്. അപകടകരമായ ആക്കാലം ജീവിതം മുഴുവൻ അവരെ വേട്ടയാടിയിരുന്നിരിക്കണം. സംഗീതം നിറംപിടിപ്പിച്ച ജീവിതമായിരുന്നു ബീഗം അക്തറുടേത്. ഹിന്ദുസ്ഥാനി സംഗീതലോകത്തെ ഏറ്റവും ജനപ്രിയമായി തീർന്ന 'ബീഗം അക്തർ' എന്ന ഗായിക പലപ്പോഴും അവരുടെ ജീവിതം കൊണ്ട് ആസ്വാദകരെ കരയിച്ചു. അമൂർത്തവും വിസ്തൃതവുമായ ആലാപുകൾ പോലെ അനിയന്ത്രിതമായി ജീവിതവും പറഞ്ഞുകൊണ്ടിരുന്നു. കനത്ത ലഹരിയ്ക്കും വിഷാദരോഗത്തിനുമടിപ്പെട്ട് മരിക്കുന്നതുവരെ. ഹിന്ദുസ്ഥാനി സംഗീതജ്ഞരുടെ ലോകത്ത് ബീഗം അക്തറുടെ അനുഭവങ്ങൾ ഒറ്റപ്പെട്ടുനിൽക്കുന്നില്ല. ഭൂരിപക്ഷം സംഗീതജ്ഞരുടെയും ജീവിതത്തിൽ ആൺ-പെൺ ഭേദമില്ലാതെ ദുരന്തങ്ങൾ പതിയിരുന്നതായി അവരുടെ ആത്മകഥകളും ജീവചരിത്രങ്ങളും സാക്ഷ്യപ്പെടുത്തുന്നുണ്ട്. കലയും കാമനകളും ഉന്മാദങ്ങളും ഇടകലർന്ന അവരുടെ ജീവിതം ദുരന്തമായി പരണിമിച്ചതെന്തുകൊണ്ട്? അനേകം തലമുറകളുടെ മൂഡുകളെ സമീകരിച്ചുകൊണ്ടുള്ള സംഗീതത്തിൽ സ്വന്തം ജീവിതം കടഞ്ഞെടുത്ത കണ്ണീരിന്റെ ഉപ്പുപടർന്നിരുന്നു എന്ന് അവർ മാത്രം തിരിച്ചറിഞ്ഞ യാഥാർത്ഥ്യമായിരുന്നിരിക്കണം. ഇബ്സൻ 'മാസ്റ്റർ ബിൽഡറിൽ' സൂചിപ്പിക്കുന്നതുപോലെ വ്യക്തിയും കലാകാരനും ഒരുമിച്ചു ജയിക്കില്ല. കലാകാരൻ വിജയിക്കുന്നിടത്ത് 'വ്യക്തി'യ്ക്ക് പരാജയപ്പെട്ടേ മതിയാവൂ. ഒരാളിൽ തന്നെ ഒരിക്കലും പൊരുത്തപ്പെടാത്ത രണ്ടുജീവിതം ജീവിക്കുവാൻ



ആർക്കാണു സാധിക്കുക? വ്യക്തിപരമായ ദുരന്തങ്ങൾ എങ്ങനെ ശബ്ദത്തിൽ നിറഭേദങ്ങളായി വിന്യസിക്കപ്പെടുന്നുവെന്ന് തെളിയിച്ച ഗായികയാണ് ബീഗം അക്തർ.

അനേകം ഓർമ്മക്കുറിപ്പുകളും പഠനങ്ങളും ബീഗം അക്തറിനെക്കുറിച്ചു വന്നിട്ടുണ്ടെങ്കിലും ഏറ്റവും ഹൃദയഭേദകമായ ഗ്രന്ഥം പ്രിയശിഷ്യയായ റീത്ത ഗാംഗുലി എഴുതിയ 'Ae mohabbat... Reminiscing Begum Akhthar; her taseer' (Soulful sound)' എന്ന ജീവചരിത്രമാണ്. ബീഗം അക്തർ മരിച്ച് 34 വർഷങ്ങൾക്കുശേഷമാണ് ഈ ഗ്രന്ഥം പുറത്തുവരുന്നത്. വേദനാപൂർണ്ണമായ ഒരു ജീവിതകഥ പറയുവാൻ മാനസികമായി ധൈര്യം ആർജ്ജിക്കുകയായിരുന്നു എന്ന് റീത്താ ഗാംഗുലി പറയുന്നുണ്ട്. ഏകാന്തതയുടെയും വേദനകളുടെയും നിശ്ശബ്ദതകളുടെയും പുസ്തകമാണിത്. തന്റെ ഗുരുവിന്റെ കഥ പറയപ്പെടേണ്ടതും തിരിച്ചറിയപ്പെടേണ്ടതുമാണെന്ന ബോധ്യത്തോടെയാണ് ബീഗം അക്തറുടെ ജീവിതം അനാവൃതമാക്കുന്നത്. ബീബി - അക്താരി ബായ് ഫൈസാബാദി - ബീഗം അക്തർ എന്ന പരിണാമം കേവലം പേരിൽ സംഭവിച്ച മാറ്റമല്ല. ബാല്യം - കൗമാരം - യൗവ്വനം എന്നീ തുടർച്ചകൾക്കൊപ്പം നിഗൂഢമായ ഒരു കലാചരിത്രം വികസിക്കുന്നുണ്ട്. ഹിന്ദുസ്ഥാനി സംഗീതചരിത്രത്തിന്റെ അന്തരാളങ്ങളിലൂടെയാണ് ബീഗം അക്തർ എന്ന ഗായികയുടെ ജീവിതകഥ മുന്നേറുന്നത്. ദർബാർ സംസ്കാരവും പ്രായമേറി ഉസ്താദുമാരും കഠിന ശിക്ഷാമുറകളും സ്നേഹവും ലൈംഗികാരാജകത്വങ്ങളും ലഹരികളും ഉന്മാദങ്ങളും ശൈലീഭേദങ്ങളും ഗുരു-ശിഷ്യ ബന്ധത്തിലെ അധീശത്വങ്ങളും നിറഞ്ഞ അതിസങ്കീർണ്ണമായ കാലം. ആ കാലത്തിന്റെ ഓർമ്മകളാണ് ബീഗം അക്തറിൽ നിഴലിക്കുന്നത്.

പ്രണയിച്ചു വിവാഹം കഴിച്ചുവെങ്കിലും ഉത്തർപ്രദേശിലെ ഒരു വക്കീലായിരുന്ന അസ്ഗർ ഹുസൈൻ തന്റെ ഭാര്യയേയും രണ്ടു കുട്ടികളെയും മറന്നുകളയുകയാണ് ചെയ്തത്. അങ്ങനെ ബീഗം അക്തർ വളർന്നത് അമ്മയ്ക്കും സഹോദരിക്കുമൊപ്പമായിരുന്നു. പകർച്ചവ്യാധിവന്ന് കുട്ടിക്കാലത്തുതന്നെ സഹോദരി മരിക്കുന്നതുവരെ. പിന്നീടുള്ള അവരുടെ ജീവിതം ദാരിദ്ര്യം കൊണ്ടും ഒറ്റപ്പെടൽ കൊണ്ടും അരക്ഷിതമായിരുന്നു. അമ്മയുമായുള്ള തീവ്രമായ ആത്മബന്ധത്തിന്റെ ചിത്രങ്ങൾ ബീഗത്തിന്റെ ജീവിതത്തിൽ വന്നുപോകുന്നുണ്ട്. വിദ്യാഭ്യാസത്തെക്കാൾ സംഗീതജീവിതത്തിനാണ് ബീബി പ്രാധാന്യം നൽകിയത്. സംഗീതം ലഹരിപോലെ അവരിൽ ആവേശിച്ചു. ആകാശത്ത് അലഞ്ഞുതളർന്നൊരു പക്ഷി വനാന്തരങ്ങളിലെവിടെയോ ഉള്ള സ്വന്തം കൂട് കണ്ടെത്തുംപോലെയായിരുന്നു ബിബിയുടെ സംഗീതജീവിതം. ഭാവാത്മക ശബ്ദങ്ങൾ കേൾക്കുന്നതും അഭ്യസിക്കുവാനുമുള്ള ഒടുങ്ങാത്ത ആഗ്രഹമാണ് ബീഗം അക്തറിനെ ഹിന്ദുസ്ഥാനി സംഗീതത്തിലെ ഗസൽ, ഠുമ്രി, ദാദ്ര തുടങ്ങിയ അനേകം ശൈലികളുടെ അധിപതിയായി മാറ്റിയത്. ഫ്യൂഡൽ സംസ്കാരത്തിന്റെ ബാക്കിപത്രമെന്നോണം നിലനിന്ന 'tawaif' രീതികൾ നൃത്തസംഗീതാദിരൂപങ്ങളെ ഉയർന്ന വർഗത്തിന്റെ ജീവിതചര്യകളുമായി ബന്ധിച്ചുനിർത്തി. രാഗകേന്ദ്രിതമായി തുടർന്ന ആ സംഗീതശൈലികളിൽ നിലനിൽക്കണമെങ്കിൽ ശാസ്ത്രീയമായ സംഗീതപഠനം അനിവാര്യമായിത്തീർന്നു. ബിബി സംഗീതം അഭ്യസിച്ച കാലത്തിന്റെ സ്വഭാവം ഇതായിരുന്നു. ഉസ്താദ് ഇംദത് ഖാൻ ആയിരുന്നു ആദ്യ ഗുരു. തുടർന്ന് പാട്യാലഘരാനയിലെ ഉസ്താദ് അത്ത മുഹമ്മദ് ഖാൻ, വഹീദ് ഖാൻ സാഹിബ് എന്നിവരിലൂടെയാണ് ബിബിയുടെ പരിശീലനം തുടർന്നത്. അത്തമു

ഹമ്മദ്ഖാന്റെ കീഴിലുള്ള ശിക്ഷണത്തിൽ നിന്നുമാണ് ബിബി ഒരു സ്വതന്ത്ര സംഗീതജ്ഞയായി വികസിക്കുന്നത്. കഠിനമായ ശിക്ഷണരീതികളിലൂടെയും അർപ്പണബോധത്തിലൂടെയും സ്വന്തം ശബ്ദത്തിൽ ഭാവനകൾ തളിർക്കുന്നതും മനോധർമ്മങ്ങൾ ഉണരുന്നതും സ്വയം ദർശിച്ചുതുടങ്ങിയ കാലം. ആകസ്മികമായി സ്റ്റേജ് പെർഫോർമർ ആയി ഉയരുകയും കലാജീവിതം അപ്രതീക്ഷിതമായ വഴികളിലൂടെ വളരുകയും ചെയ്തു. ഇതൊരു ലളിത ചരിത്രമല്ല. ഇതിനിടയിലൂടെ ബീഗം അക്തറെന്ന വ്യക്തി നിരന്തരം പരാജയപ്പെട്ടുകൊണ്ടിരുന്നു. ശരീരത്തിനും ആത്മാവിനും മുകളിൽ അനിയന്ത്രിതമായ സ്വാതന്ത്ര്യം അനുഭവിക്കുന്ന ആത്മവിസ്മൃതികളിലൂടെ കടന്നുപോകുന്ന, സർഗ്ഗാത്മകതയുള്ള പെൺകുട്ടികൾ നേരിടാനിടയുള്ള എല്ലാവിധ പ്രശ്നങ്ങളിലൂടെയും ബിബി കടന്നുപോയി. അസഹ്യമായ വിധത്തിൽ സ്വന്തം ഗുരുവിൽ നിന്നുള്ള ലൈംഗികപീഡനം മുതൽ ദർബാറുകൾ വരെ അതു തുടർന്നു. ബിഹാറിലെ ഒരു കൊട്ടാരത്തിൽ അമ്മയോടൊപ്പം സംഗീതമവതരിപ്പിക്കാൻ പോയ കൗമാരക്കാരിയായ ബിബി അമ്മയുടെ കൺവെട്ടത്തുനിന്ന് പെട്ടെന്ന് മറഞ്ഞു. കൊട്ടാരത്തിലെ ഒരു പ്രഭുവിനാൽ ക്രൂരമായി ബലാത്സംഗം ചെയ്യപ്പെടുകയും അകാലത്തിൽ ഒരു പെൺകുട്ടിയുടെ അമ്മയാകേണ്ടിവരികയും ചെയ്ത സ്ത്രീയാണ് ബീഗം അക്തർ. ആ പെൺകുട്ടി സ്വന്തം സഹോദരിയാണെന്ന വ്യാജേന ബീഗത്തിന്റെ ജീവിതത്തിൽ നിന്നും എന്നും അകന്നുനിന്നു. അഹമ്മദ് അബ്ബാസി എന്ന വക്കീലുമായുള്ള വിവാഹം രണ്ടുരീതിയിൽ ബീഗത്തെ സ്വാധീനിക്കുന്നുണ്ട്. യാഥാസ്ഥിതികമായ കുടുംബസാഹചര്യത്തിൽ നിന്നുള്ള അബ്ബാസി ആദ്യകാലങ്ങളിൽ ബീഗത്തെ സംഗീതപരിപാടികളിൽ പങ്കെടുക്കാൻ അനുവദിച്ചിരുന്നില്ല. ഈ വിലക്കുകൾ ബീഗത്തെ വിഷാദവതിയാക്കിത്തീർത്തു. ഇത്തരം പ്രതിസന്ധികളിൽ നിന്നുമാണ് ബീഗം അക്തറുടെ സംഗീതജീവിതം വീണ്ടും ആരംഭിക്കുന്നത്.



പണ്ടു പാടിയ പാട്ടുകളെല്ലാം ഒരിക്കൽ കൂടി പാടിയപ്പോൾ അവയെല്ലാം ഈണങ്ങളിൽ പഴകുകയും ശബ്ദത്തിൽ നവീകരിക്കപ്പെടുകയും ചെയ്യുന്നതായി അനുഭവപ്പെട്ടു. ഗാഢവും തീവ്രവും മന്ദ്രവുമായ ശബ്ദത്തിലേക്ക് ജീവിതയാതനകളിലൂടെ അവർ ഇഴഞ്ഞെത്തുകയായിരുന്നു. അതിനുശേഷം ഗാലിബ്, മീർ തുടങ്ങിയ കവികളുടെ രചനകളുമായുള്ള പരിചയത്തിലൂടെ ഗസലുകൾ നാടകീയമായി പരിണമിച്ചു. സംഗീതാത്മകമായ ആത്മകഥ തന്നെയാണ് ബീഗം അക്തറിന്റെ ഗസലുകൾ. പതിനെട്ട് - പത്തൊൻപത് നൂറ്റാണ്ടുകളിൽ ദർബാറുകളിൽ പതിഞ്ഞുകേട്ട വിസ്തൃതവും പുരാതനവുമായ ശൈലികളുടെ അനുരഞ്ജനങ്ങൾ ആ ഗസലുകളിൽ നിറഞ്ഞു. അജ്ഞാതരായ മനുഷ്യരുടെ ഹൃദയഭാഷകളോട് സംവദിച്ചുപോകുന്ന ബീഗത്തിന്റെ സംഗീതഗുരുവചനത്തെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. 'സംഗീതം ഹൃദയമുഖിയായിരിക്കണം' എന്നതായിരുന്നു ആ വചനം.

ബീഗം 'അക്തറിന്റെ സംഗീതത്തിൽ പടർന്ന വിഷാദത്തിന്റെ കാരണം എന്തായിരിക്കും? ഒരു കലയുടെയും സൗന്ദര്യശാസ്ത്രം ശൂന്യതയിൽ നിന്ന് ഉണ്ടാകുന്നില്ല. സൗന്ദര്യശാസ്ത്രത്തെ സുഖകരമായ ഒരനുഭൂതിയായി കൊണ്ടുനടക്കുവാൻ സാധ്യവുമല്ല. അത്തരം ധാരണകൾ പരക്കെയുണ്ടെങ്കിലും. ബീഗം അക്തറുടെ സംഗീതത്തിൽ ഉൾച്ചേർന്നിരുന്ന വിഷാദധ്വനികളെക്കുറിച്ച് ക്ലിനിക്കൽ സൈക്കോളജിയുടെ പശ്ചാത്തലത്തിൽ പഠനങ്ങൾ നടന്നിട്ടുണ്ട്. ജിജ്ഞാസ ഒരു മനോരോഗമായി, ഭയമായി ബീഗം അക്തറിൽ വികസിക്കുകയായിരുന്നു. "ya Allah, ab kya hoga?" (Oh! god, What next?)' എന്ന് നിരന്തരം അവർ പറഞ്ഞിരുന്നതായി സൂചനകളുണ്ട്.

ലഹരികൾക്കും ഉന്മാദത്തിനും വിഷാദരോഗത്തിനും അടിപ്പെട്ടുപോയ ഒരു ഗായിക. സംഭവബഹുലമായ ഒരു നാടകം കാണുന്ന കാണിയുടെ ഹൃദയസ്തോഭത്തോടുകൂടി മാത്രമേ ബീഗം അക്തറിന്റെ ജീവചരിത്രം വായിക്കാനാകൂ. ഹിന്ദുസ്ഥാനി സംഗീതത്തിലെ പരമ്പരാഗത സങ്കല്പങ്ങളിൽ നിന്നു വഴിമാറി നടന്ന ബീഗത്തിന്റെ അവ്യക്തമായ ഓർമ്മകളിൽ നിറയെ സംഗീതമായിരുന്നു. അത് പാണ്ഡിത്യത്തിന്റേതായിരുന്നില്ല. വെളുപ്പാൻകാലങ്ങളിൽ ഒരു സംഗീതോപകരണവുമായി ദാദ്ര പാടി നടന്നിരുന്ന അജ്ഞാതമായ ഒരു പുരുഷശബ്ദം തെരുവീഥികളിൽ അലഞ്ഞുനടന്ന സംഗീതജ്ഞയായ ഒരു സന്യാസിനിയുടെയും ശബ്ദം. അതായിരുന്നു ബീഗം അക്തറിന്റെ ഉള്ളിലെ പ്രലോഭനം.... അകാരണമായി അലച്ചിലുകൾക്കു വഴിപ്പെടുന്ന മനുഷ്യരുടെ ശബ്ദം..... ബീഗം അക്തറിന്റെ ഗസലുകൾ നിറയെ അലച്ചിലും വിഷാദവുമായിരുന്നു....ഉന്മാദത്തിന്റെ തിരകളിൽ പെട്ട് ആനന്ദത്തിലേക്കടുക്കുവാൻ ശ്രമിച്ചുവെങ്കിലും തീരം തകർത്തു വന്ന ഒരു തിരയിൽ ജീവിതം നഷ്ടപ്പെട്ട ഒരുവളുടെ ശബ്ദമായി ബീഗം അക്തർ അടിഞ്ഞുചേരുകയായിരുന്നു.



# ഉപയുക്തതയുടെ പ്രത്യയശാസ്ത്രം ചില സമകാല പെൺകാഴ്ചകൾ




എ.ജി.ഒലീന

*വൈസ് പ്രസിഡന്റ്*
*എ.കെ.പി.സി.ടി.എ*


ലോക്സഭാ തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചതു മുതൽ ചാനൽകാഴ്ചകളിലെ സ്ഥിരം താരങ്ങൾ പലരും അപ്രത്യക്ഷരാവുകയും പുതിയ മുഖങ്ങൾ പലതും രംഗപ്രവേശം ചെയ്യുകയും ചെയ്തു. അതോടെ നാടിനെ നടുക്കിയ വമ്പൻ അഴിമതി വാർത്തകൾ ബോധപൂർവമോ അബോധപൂർവമോ തമസ്ക്കരിക്കപ്പെടുകയും ചെയ്തു. ജനാധിപത്യത്തിൻെറ നെടുംതൂണുകളിലൊന്നായ മാധ്യമങ്ങൾ പ്രധാന ജനാധിപത്യ പ്രക്രിയയായ തെരഞ്ഞെടുമായി ബന്ധപ്പെട്ട ചർച്ചകളിലേക്ക് അവരുടെ ശ്രദ്ധ തിരിച്ചു വിടുകയും ചെയ്തിരുന്നു. പക്ഷേ കഴിഞ്ഞ കുറെ ദിവസങ്ങൾ സോളാർ കുംഭകോണവുമായി ബന്ധപ്പെട്ട ചർച്ചകളും പ്രതിരോധങ്ങളുമായിട്ടായിരുന്നു കേരളം പുലർന്നിരുന്നതെന്ന യാഥാർത്ഥ്യം അത്രവേഗം മറക്കാനായിട്ടില്ല. ഒപ്പം സർവവിധ സദാചാര മര്യാദകളെയും കാററിൽ പറത്തി വിലസുന്ന ചില രാഷ്ട്രീയ പ്രവർത്തകരുടെ മുഖംമൂടി ഒന്നൊന്നായി അഴിഞ്ഞു വീണതും നൂറുകണക്കിനാളുകൾ പങ്കാളികളായിട്ടുള്ള അഴിമതി പരമ്പരയുടെ എപ്പിസോഡുതിരിച്ചുള്ള കെട്ടുകാഴ്ചകൾ കണ്ട് ജനാധിപത്യബോധ്യമുള്ള മലയാളിയുടെ മസ്തിഷ്കം മരവിച്ചു പോയാലും അത്ഭുതപ്പെടാനില്ല. അതിനിടയിൽ ഈ കാഴ്ചകൾക്ക് ഒക്കെ മാസ്മരിക ഭംഗി പകർന്നുകൊണ്ടുള്ള രണ്ടുപെൺചിത്രങ്ങൾ, നമുക്കു പോലും, അവഗണിക്കാനാവാത്ത സ്വയം സംസാരിക്കുന്ന തെളിവുകളായി മുന്നിൽ നില്ക്കുകയാണ്.

കുപ്രസിദ്ധമായ സൗരോർജ്ജ കുംഭകോണത്തിന് ചാടും ചരടും വലിക്കുന്നത് രണ്ടു സ്ത്രീകൾ. സരിത എസ് നായരും, ശാലു മേനോനും ഈ മട്ടിൽ അഴിമതിക്കഥയുടെ താക്കോൽ സ്ഥാനത്തു തന്നെയാണ് രണ്ടാളും. അതുകൊണ്ടു ത

ന്നെ മനുഷ്യർ കൂടുന്ന ഇടങ്ങളിലൊക്കെയും ചർച്ചാവിഷയം സ്വാഭാവികമായും ഇവർ തന്നെയാകുന്നു. ജയിൽ മുറിയിൽ പോലും സംരക്ഷിക്കപ്പെട്ട ഗ്ലാമർ മുതൽ അസാമാന്യമായ സ്ട്രച്ചർ വരെയുള്ള പരാമർശങ്ങൾ കൊണ്ട് രണ്ടാളും നമ്മുടെയൊക്കെ ഓർമയിൽ സ്ഥിരമായി സ്ഥാനം പിടിക്കുന്നു. പക്ഷേ ഈ തൊലിപ്പുറത്തെ കിന്നാരങ്ങൾ എന്തൊക്കെ സാമൂഹ്യ യാഥാർഥ്യങ്ങളാണ് അട്ടിമറിക്കുന്നതെന്ന് മിക്കപ്പോഴും പ്രത്യക്ഷത്തിൽ തിരിച്ചറിയപ്പെടാതെ പോകുന്നു. ഈ അഴിമതിക്കഥയിൽ മാത്രമല്ല, ഒട്ടേറെ കേസുകളിൽ ഉപജാപങ്ങളിൽ നേതൃനിരയിൽത്തന്നെ ധാരാളം സ്ത്രീകൾ ക്രിമിനൽ പശ്ചാത്തലത്തോടു കൂടി കടന്നുവരുന്നുവെന്നത് വിശദമായ പഠനവും ചർച്ചയും ആവശ്യപ്പെടുന്നു.

അഴിമതിയുടെയും അക്രമണത്തിന്റെയും രംഗങ്ങളിൽ സ്ത്രീകളുടെ സാന്നിധ്യം മുൻപൊക്കെ വിരളമായിരുന്നുവെങ്കിൽ ഇപ്പോഴത് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട് എന്ന് പരക്കെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. മറ്റെല്ലാ ഇടങ്ങളിലും സ്ത്രീകളുടെ ദൃശ്യത കൂടിവരുന്നതു പോലെ ഇവിടെയും എന്നു ലാഘവമായി സമീകരിച്ചു തൃപ്തിയടയുകയുമാണ് പതിവ്. എന്നാൽ അതിനപ്പുറമുള്ള ചില യാഥാർത്ഥ്യങ്ങൾ നമ്മുടെ ശ്രദ്ധയിൽപ്പെടാറില്ല. അഴിമതിയും അക്രമത്തിനും അനീതിക്കുമെതിരെയുള്ള പ്രതിരോധം സ്ത്രീ സമൂഹത്തിന്റെ സഹജസ്വഭാവമാണ്. ജനിതകപരം കൂടിയാണ്. അനന്തരതലമുറയ്ക്ക് ജന്മം നൽകി, പരിപാലിച്ചു പോററി വളർത്തിയെടുക്കുക എന്ന കർത്തവ്യം നിറവേറാൻ ബാധ്യസ്ഥയായ സ്ത്രീക്ക് അവളുടെ ധർമപരിപാലനത്തിന്. നിലവിലുള്ള ഘടനയുടെ സുതാര്യവും കാര്യക്ഷമവുമായ ഗതി വളരെ അനിവാര്യമാണ് സാമൂഹ്യഘടനയിലോ ഭരണകൂടസംവിധാനത്തിലോ ഉണ്ടാകുന്ന വിള്ളലുകൾ അവളുടെ സഹജവും നൈസർഗികവുമായ ധർമനിർവ്വഹണത്തിന് തടസ്സമാകുമെന്നതിനാൽ ജൈവികമായ ഒരു ചെറുത്തു നില്പ് അവളെ സംബന്ധിച്ച് അനിവാര്യവുമാണ്. അതുകൊണ്ടു കൂടിയാണ് അഴിമതിക്കെതിരെയുള്ള സമരമുഖങ്ങളിലും പ്രകൃതിയെ ചൂഷണം ചെയ്യുന്നിടത്തും അവളുടെ ശബ്ദം വർദ്ധിതവീര്യത്തോടെ ഉയരുന്നത്. അഴിമതിക്കും അനീതിക്കുമെതിരെയുള്ള ഈ സഹജവാസനയ്ക്കൊപ്പം അപകടങ്ങളെ തിരിച്ചറിയാനുള്ള ചൂഷണങ്ങളെ വേഗം ബോധ്യപ്പെടുന്ന ഒരു ആന്തരബോധവും സ്ത്രീക്ക് സഹജമായുണ്ട്. കായികബലത്തിൽ പിന്നാക്കമാകുമ്പോഴും തിരിച്ചറിവിന്റെ സഹജവും ബൗദ്ധികവുമായ ഒരംശം സ്ത്രീയെ സംബന്ധിച്ച ഒരു അധിക സൗകര്യമാണ്. വാസ്തവത്തിൽ സ്ത്രീയുടെ ഈ വാസനവിലാസം പോലും ഇന്നു കമ്പോളം അതിന്റെ ലാഭവേട്ടയ്ക്കുപയുക്തമാക്കുന്നതിന്റെ കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കന്നത് അൽപം ക്രിമിനൽ വാസനയുള്ള സ്ത്രീയുടെ സാന്നിധ്യത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു പ്രത്യയശാസ്ത്രം കമ്പോള മുതലാളിത്തം കൃത്യമായി ഉപയുക്തമാക്കുന്നതിന്റെ രണ്ടു ചിത്രങ്ങളാണ് സരിതാ നായരും ശാലുമേനോനും. സ്ത്രീയെ ഉപയോഗിക്കുക എന്ന പ്രയോഗം അതിന്റെ എല്ലാ മര്യാദാസീമകളും ലംഘിക്കുന്നതിന്റെ പുതിയ അവതാരങ്ങളായി രണ്ടു സ്ത്രീകളെ മുൻനിർത്തിയാണെന്ന കമ്പോളതന്ത്രത്തിന്റെ മറുപുറം കൂടി തിരിച്ചറിയേണ്ടതുണ്ട്. അതീവ ഗൗരവമുള്ള ഒരു അഴിമതിക്കേസിന്റെ സകലഗൗരവവും ചോർത്തിക്കളയും മട്ടിൽ. ഓ ഇതു മറെറാരു പെണ്ണുകേസ് എന്ന രീതിയിലുള്ള ചർച്ചകളും വിവാദങ്ങളും മാധ്യമങ്ങൾ ഏറെറടുക്കുന്നതിനു പിന്നിലെ പ്രത്യയശാസ്ത്ര പ്രവർത്തനം ബോധപൂർവ്വം തന്നെയാണ്.

ഏതു സാഹചര്യത്തിലാണ് സ്ത്രീയെന്ന സംവർഗത്തെ സ്ഥാനപ്പെടുത്തുന്നത് എന്നിടത്താണ് കാതലായ രാഷ്ട്രീയമുള്ളത് ചില്ലറ വർഷങ്ങൾക്കു മുൻപുള്ള കേരളത്തിന്റെ സാമൂഹ്യരംഗങ്ങളിലേക്ക് ശ്രദ്ധ തിരിക്കുന്ന ആർക്കും മറക്കാനാവാത്ത ചില ചിത്രങ്ങളുണ്ട്. അധികാരം ജനങ്ങളിലേയ്ക്കും, താഴ്ത്തട്ടിലേക്കും വ്യാപിപ്പിച്ചുകൊണ്ടുള്ള നയപരിപാടികളുടെ കാലഘട്ടം ഗ്രാമസഭകളിലേക്കും അയൽക്കൂട്ടങ്ങളിലേക്കും കൂട്ടംകൂട്ടമായി സ്ത്രീകൾ കടന്നുവന്ന ഒരു കാലഘട്ടം പഞ്ചായത്ത് ബ്ലോക്ക് - ജില്ലാതല പദ്ധതി നടത്തിപ്പിൽ പോലും സാധാരണക്കാരായ സ്ത്രീകൾക്ക് ഇടപെടാനുള്ള അവസരം തുറന്നു കിട്ടിയ സാഹചര്യം അവിടെ നിരന്തരമായ സ്ത്രീസാന്നിധ്യം നമ്മൾ തിരിച്ചറിഞ്ഞതാണ്. പ്രാദേശിക ഭരണരംഗത്ത് സ്ത്രീയുടെ സാന്നിധ്യം അഴിമതിരഹിതവും സുതാര്യവുമായ ഒരു ഭരണസംവിധാനത്തിനു തന്നെ തുടക്കം കുറിക്കുകയായിരുന്നു. അത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി മാറിയതിന്റെ വ്യക്തിപരമായ ഒട്ടേറെ അനുഭവങ്ങൾ ഇപ്പോഴും എന്നെപ്പോലെ നിരവധി സ്ത്രീകൾക്ക് കരുത്തും ഊർജ്ജവും പകരുന്നുമുണ്ട്. ആ പ്രക്രിയയുടെ തുടർച്ച പിന്നീട് നമ്മൾ കഴിഞ്ഞ എൽ.ഡി.എഫ് മന്ത്രിസഭ എടുത്ത ഒരു തീരുമാനത്തിന്റെ ഫലമായി അനുഭവിക്കുകയുണ്ടായി. 50% സംവരണം ത്രിതലപഞ്ചായത്തു സംവിധാനത്തിൽ സ്ത്രീകൾക്കു നൽകുകവഴി പ്രഗത്ഭരായ ഒരുപിടി ഭരണകർത്താക്കൾ രൂപംകൊള്ളുകയായിരുന്നു ഇനി പഞ്ചായത്തിന്റെ കാര്യം നോക്കണ്ട എന്ന മട്ടിൽ കുററവിചാരണകൾ അൽപായുസ്സു മാത്രമായിരുന്നുവെന്നത് അനുഭവസാക്ഷ്യം . കുടുംബശ്രീ സംവിധാനത്തിലൂടെ സാമ്പത്തിക പ്രവർത്തനങ്ങളിൽ കൂടി സ്ത്രീകൾ പങ്കാളികളായതിന്റെ അനുഭവവും നമുക്ക് മുന്നിലുണ്ട് അതുകൊണ്ടു തന്നെയാണല്ലോ ചിലർക്ക് കുടുംബശ്രീയെ ഭയവും അത്തരത്തിൽ അധികാര- സാമ്പത്തിക- രാഷ്ട്രീയ പ്രക്രിയകളിലേക്ക് സ്ത്രീ പ്രവേശിക്കുന്നതിന്റെ പടിപടിയായ വളർച്ചയും വികാസവും കേരള സമൂഹം ലോകത്തിനുമാതൃകയാകും മട്ടിൽ സാക്ഷ്യപ്പെടുത്തി കൊണ്ടിരിക്കുന്ന ഒരു ചരിത്രസന്ധിയായിരുന്നു മുൻവർഷങ്ങളെങ്കിൽ ഇപ്പോൾ സ്ത്രീയെ സ്ഥാനപ്പെടുത്തുന്നതെവിടെയെന്നതിന്റെ നേർചിത്രമാണ് സരിതയും ശാലുമേനോനും.

ഒരു സരിതയും ശാലുമേനോനും മാത്രമേ നമ്മുടെ മുന്നിലെത്തിയുള്ളൂ. ചൂഷണത്തിന്റെ യ



ഗാർഹമുഖം ഇതിലും എത്രയോ ഭീകരമായിരിക്കും. നിസ്സഹായരായ നിഷ്കളങ്കരായ നിരാലംബരായ കുറെയെങ്കിലും പെൺകുട്ടികൾ തിരശ്ശീലക്കു പിന്നിലുണ്ടാവും തീർച്ച. അതീവ ഗുരുതരമായ അഴിമതിയുടെ ഭീകരത ന്യൂനീകരിക്കപ്പെടുന്നതു പോലെ ഒട്ടേറെ നിസ്സഹായ നിലവിളികളും നിശബ്ദമാക്കപ്പെടുന്നുണ്ടാവും. കമ്പോള ഭീകരതയ്ക്കു സ്തുതിപാടുന്ന ഏത് ഭരണകൂടത്തിനും സ്ത്രീയെ കൊണ്ടുള്ള ഉപയോഗം ഇങ്ങനെയല്ലാതെ മറ്റെന്താവാൻ? കോൾ സെന്ററുകളിൽ പ്രലോഭനമായി പെൺശബ്ദം സ്വീകരിക്കുമ്പോഴും ഷോപ്പുകളിലും കമ്പനികളും ഓഫീസ് മുറികളിലും സ്വീകരിക്കാൻ പെൺകുട്ടികൾ തന്നെ നല്ലതെന്ന തീർപ്പിലെത്തുമ്പോഴും ഒരു പക്ഷേ ഇപ്പോഴത്തെ അപകട സാധ്യത നമ്മൾ പോലും തിരിച്ചറിഞ്ഞിരുന്നില്ല. യന്ത്രവത്ക്കരണത്തിൻെറയും ആധുനിക മുതലാളിത്തത്തിൻെറയും ജനനത്തോടെ. മൂലധനത്തിൻെറ കടന്നു കയററം സംഭവിക്കുന്നതിനെക്കുറിച്ച് മാർക്സ് മൂലധനം ഒന്നാം വോള്യത്തിൽ ഇങ്ങനെ പറയുന്നുണ്ട്. പ്രവചനസ്വരത്തിൽ യാന്ത്രിക മൂലധനത്തിന്റെ കടന്നുകയറ്റത്തോടെ, പ്രകൃതിയും ധർമസംഹിതകളും പ്രായവും ലിംഗവ്യത്യാസവും പകലും രാത്രിയും സൃഷ്ടിക്കുന്ന എല്ലാ അതിർവരമ്പുകളും അതിനു മുന്നിൽ തകർന്നടിഞ്ഞു. മൂലധനം അതിൻെറ മദിരോത്സവങ്ങൾ ആഘോഷിച്ചു. അതേ മൂലധനം അതിൻെറ മദിരോത്സവങ്ങളിലാണ് . അത് ദൃശ്യമായും വാർത്തയായും നമ്മുടെ മുന്നിൽ അനുനിമിഷം എത്തിക്കൊണ്ടിരിക്കുന്നു. കണ്ണുചിമ്മാൻ പോലും ഒരു പഴുതുമില്ല.

ആഗോളീകരണ പ്രക്രിയയുടെ ഉപോൽപ്പന്നമാണ് അഴിമതിയെന്നും ആ അഴിമതി സാധ്യമാക്കാനുള്ള ഉപാധികളായി സ്ത്രീകളെയും അവരുടെ സഹജവാസനകളും ബുദ്ധിപരതയും ഉപയുക്തമാക്കുന്നതാണ് വർത്തമാനസാഹചര്യം. ഭരണകൂടത്തിൻെറ ഒത്താശയോടെ ഇത്തരം പ്രക്രിയകൾ നടക്കുന്നത്. ഒരു ഭാഗത്ത് ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന ഭരണകൂടം മറുഭാഗത്ത് ഷീ ടാക്സിയും ഷീ ഓട്ടോയും നടപ്പിലാക്കി സ്ത്രീ സംരക്ഷണത്തിൻെറ കാവൽ മാലാഖമാരായി സ്വയം അവരോധിക്കുകയും ചെയ്യുന്നു. ഇരുട്ടുകൊണ്ടു ഓട്ടയടയ്ക്കുന്ന ഇത്തരം സംവിധാനങ്ങൾ സ്ത്രീ സമൂഹത്തിൻെറ പുരോഗതിയല്ല, ലക്ഷ്യമാക്കുന്നത്. വീണ്ടും സ്ത്രീകളെ പതിററാണ്ടുകൾക്ക് പിന്നിലേക്കായിരിക്കും നയിക്കുക

With best compliments from
A.K.P.C.T.A BRANCH

N.S.S. Hindu College
Changanassery





# ഒരു ചോദ്യത്തിൽ ഉത്തരം നഷ്ടപ്പെട്ടുപോയ ജീവിതം

ചീഫ് എഡിറ്റർ

വർഗീയമായ അസഹിഷ്ണുതയുടെ കനൽപ്പുറങ്ങളിൽ ചവിട്ടിയാണ് കേരളീയരായ നമ്മൾ നടക്കുന്നതെന്ന വസ്തുത സാക്ഷരതയിൽ മുന്നിൽ നിൽക്കുന്ന ഒരു സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അത്യന്തം ആപത്കരമായ ഒരു അവസ്ഥയാണ്. തങ്ങൾക്ക് ഇഷ്ടമില്ലാത്തതൊന്നും നിങ്ങൾ പറയുകയോ പ്രവർത്തിക്കുകയോ ചെയ്യരുതെന്ന ഫാസിസ്റ്റ് അഹന്തയുടെ ആയുധങ്ങൾക്ക് മൂർച്ച കൂടിവന്നാൽ, മതേതരമായ നമ്മുടെ നിലനില്പ് തന്നെ പ്രതിസന്ധിയിലാവും. ഇത്തരമൊരു ദുരവസ്ഥ നേരിടേണ്ടിവന്ന തൊടുപുഴ ന്യൂമാൻസ് കോളേജ് അധ്യാപകൻ ടി.ജെ. ജോസഫ് സാറിന്റെ അനുഭവങ്ങൾ ഇതാണ് വിളിച്ചുപറയുന്നത്.

ചോദ്യപേപ്പറിൽ ഉൾപ്പെടുത്തിയ ഒരു ചോദ്യത്തിന്റെ പേരിൽ വർഗീയവാദികൾ പതിയിരുന്ന് മാഷിന്റെ കൈപ്പത്തി വെട്ടിമാറ്റിയപ്പോൾ കേരളം ഗുരുനിന്ദയുടെ പൈശാചികതയ്ക്ക് മുന്നിൽ പകച്ചുനിന്നുപോയി. ഒരുപക്ഷേ, അതിനെക്കാളും വലിയ പാതകമാണ് ദൈവസ്പർശമില്ലാത്ത തീരുമാനത്തിലൂടെ ന്യൂമാൻസ് കോളേജ് അധികൃതർ ചെയ്തത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ജോസഫ് മാഷ് കുറ്റക്കാരനല്ല എന്ന് വ്യക്തമാക്കിയിട്ടും മാഷെ തിരിച്ചെടുക്കാനുള്ള ജനകീയ കേരളത്തിന്റെ മുറവിളിക്ക് മുൻപിൽ അവർ ചെവികൾ കൊട്ടിയടക്കുകയായിരുന്നു. 2014 മാർച്ച് 31ന് മാഷ് വിരമിക്കുന്നതിന് മുന്നേ കോളേജിൽ തിരികെ പ്രവേശിക്കാനാവും എന്ന ആത്മവിശ്വാസത്തിന്റെ മെഴുകുതിരിവെട്ടംആരോ ഊതിക്കെടുത്തിയപ്പോൾ ജോസഫ് മാഷിന്റെ പത്നി സലോമി ഒരു ദുർബല നിമിഷത്തിൽ ആത്മഹത്യ ചെയ്തു. വൈകാരികമായ ഈയൊരു സന്ദർഭത്തിൽ മാനേജ്മെന്റിന്റെ മൗനം വീണ്ടും ചോദ്യം ചെയ്യപ്പെട്ടു. ഒളിഞ്ഞും തെളിഞ്ഞും മാനേജ്മെന്റുമായി എ.കെ.പി.സി.ടി.എ. നേതൃത്വമടക്കം നടത്തിയ ചർച്ചകളുടെ ഫലമായാണ് മാഷെ തിരിച്ചെടുക്കാനുള്ള 'മഹാമനസ്കത' കാട്ടാൻ അവർ തയ്യാറായത്. നഷ്ടങ്ങളും ഫലനീഭവിച്ച വേദനകളും ചേർത്തുപിടിച്ച് ജോസഫ് മാഷ് പടിയിറങ്ങുമ്പോൾ സാംസ്കാരിക കേരളത്തിന്റെ നെഞ്ചിൽ അവശേഷിക്കുന്ന ഒരു ചോദ്യമുണ്ട്. 'ഇങ്ങനെ ഒരു ചോദ്യത്തിൽ ഉത്തരം നഷ്ടപ്പെടേണ്ടതാണോ നമ്മുടെ ജീവിതം?' അല്ലേ അല്ല. അറിവിന്റെ നീലാകാശങ്ങളിൽ ചിറകുവിടർത്തുന്ന ബോധം സങ്കുചിതമായ വർഗീയ കാലുഷ്യങ്ങളെ ചെറുക്കുക തന്നെ വേണം. ജീവിതത്തിൽ നരകം വിതയ്ക്കുമ്പോഴല്ല, വാക്കിലും നോക്കിലും പ്രവൃത്തിയിലും നന്മയുടെ പൊൻകതിർ വിരിയിക്കുമ്പോഴാണ് മനുഷ്യത്വത്തിന്റെ വൻഗോപുരങ്ങൾ സൃഷ്ടിക്കപ്പെടുക എന്ന് പാതകികൾ മനസ്സിലാക്കട്ടെ.

# സ്ത്രീ കടന്നുവന്ന കനൽവഴികൾ






**ഡോ.അജി.സി.പണിക്കർ**
മാർ അത്തനേഷ്യസ് കോളേജ്,
കോതമംഗലം

ഭാരതീയ സംസ്ക്കാരം സ്ത്രീയെ സർവ്വംസഹയായ മാതാവായി വാഴ്ത്തുന്നു, അബലയും ചപലയുമായി ഒരു ഭാഗത്ത് മുദ്ര കുത്തുന്നു. കർണ്ണപുടങ്ങളിൽ പ്രതിധ്വനികളുയർത്തുന്ന പെണ്ണിന്റെ കണ്ണീരിന്റെ അലയടികൾ ഈ സമൂഹമനസാക്ഷിയുടെ മുന്നിൽ ചോദ്യശരങ്ങളുയർത്തുന്നു. സ്ത്രീസമൂഹം പോർമുഖങ്ങൾ താണ്ടി കടന്നെത്തിയത് ഈ ഒടുങ്ങാത്ത നിലവിളിയിലേയ്ക്കാണോ? ഈ കണ്ണുനീരിനറുതി വരുത്തുവാൻ ആധുനീക ജനാധിപത്യമതേതരസമൂഹത്തിന് ബാദ്ധ്യതയില്ലേ? ഉത്തരം തേടുന്ന ചോദ്യങ്ങളാണിവ.

ഏതൊരു സമൂഹത്തിന്റേയും സാംസ്കാരിക വളർച്ചയുടെ സ്വാഭാവിക പ്രതിഫലനമാണ് സമൂഹം സ്ത്രീയ്ക്ക് നൽകുന്ന പദവി. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ വരെയുള്ള കേരളീയ സമൂഹത്തിൽ സ്ത്രീകളുടെ സാമൂഹിക പദവി വളരെ പരിതാപകരമായിരുന്നു. സവർണ്ണ-അവർണ്ണഭേദമില്ലാതെ സ്ത്രീകൾ കൊടിയ യാതനകൾക്കും അനാചാരങ്ങൾക്കും വിധേയരായിരുന്നു. ഈ വ്യവസ്ഥിതിക്ക് മാറ്റമുണ്ടായത് നവോത്ഥാന പ്രസ്ഥാനങ്ങൾ ശക്തിയാർജ്ജിച്ചതോടെയാണ്. നമ്മുടെ നവോത്ഥാന നായകന്മാരെല്ലാം അതിനു ചുക്കാൻ പിടിച്ചവരായിരുന്നു. സ്ത്രീ വിദ്യാഭ്യാസം 1910 ൽ പ്രാബല്യത്തിൽ വന്നു . വി.ടി. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് 'എന്ന നാടകവും ചന്തുമേനോന്റെ 'ഇന്ദുലേഖ'യും കുമാരനാശാന്റെ സാഹിത്യസൃഷ്ടികളും ഒക്കെ സാഹിത്യത്തിലൂടെ നവോത്ഥാന മുന്നേറ്റത്തിന് പിന്തുണനൽകി. നമ്പൂതിരി സമുദായത്തിൽ നിലനിന്നിരുന്ന അയിത്താതീണ്ടൽ തുടങ്ങിയ അനാചാരങ്ങൾ ഇല്ലാതാക്കുക, വിധവാ വിവാഹം നടപ്പാക്കുക , ബാല്യ വിവാഹം നിർത്തലാക്കുക, സഹോദരങ്ങൾക്കെല്ലാം സ്വത്തിൽ തുല്യാവകാശം നടപ്പാക്കുക, സ്ത്രീകൾ മറക്കുടയും ഓട്ടുവളകളും ഉപേക്ഷിക്കുക, വിദ്യാഭ്യാസം വ്യാപകമാക്കുക, സ്ത്രീ സ്വാതന്ത്ര്യം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങൾ നമ്പൂതിരി സമുദായത്തിനുള്ളിൽ വളർത്തിയെടുത്തത് വി.ടി ഭട്ടതിരിപ്പാടാണ്.

1908 ൽ സ്ഥാപിതമായ യോഗക്ഷേമ സഭയും, 1728 ൽ രജിസ്റ്റർ ചെയ്യപ്പെട്ട നമ്പൂതിരി യുവജനസംഘവുമാണ് നമ്പൂതിരി സമുദായത്തിലെ വിപ്ലവകരമായ മാറ്റങ്ങൾക്ക് മുൻകൈ എടുത്തത്. സ്വജാതീയ വിവാഹം, സ്ത്രീ വിദ്യാഭ്യാസം, ഘോഷാ ബഹിഷ്കരണം, നമ്പൂതിരിസ്ത്രീകൾ പുതപ്പും കുടയും കൊണ്ട് ശരീരവും വ്യക്തിത്വവും മറച്ച് മറ്റുള്ളവരിൽ നിന്നും ഒഴിഞ്ഞുമാറിയിരുന്നതുൾപ്പെടെയുള്ള ആചാരബന്ധനങ്ങളിൽ കുരുങ്ങി നമ്പൂതിരി സ്ത്രീകൾ മഹാനരകത്തിലായിരുന്നു. യുവജനസംഘത്തിന്റെ നേതൃത്വത്തിലേക്കും വി.ടി. ഭട്ടതിരിപ്പാട് കടന്നുവന്നതോടെ നമ്പൂതിരി സ്ത്രീവിമോചന പോരാട്ടങ്ങൾക്ക് മൂർത്തമായ രൂപം കൈവന്നു. സ്ത്രീ സ്വാതന്ത്ര്യം പ്രധാനമായെടുത്ത് അതിനോടനുബന്ധമായി മറ്റു പല പ്രശ്നങ്ങളും കൂട്ടിച്ചേർത്ത് വി.ടി.യുടെ നേതൃത്വത്തിൽ ആരംഭിച്ച നമ്പൂതിരി സ്ത്രീകളുടെ വിമോചന പോരാട്ടം കേരളീയ നവോത്ഥാനചരിത്രത്തിലെ വിപ്ലവകരമായ പ്രസ്ഥാനമായി മാറി. സ്ത്രീ സ്വാത

ന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ വി.ടി യുടെ 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്' എന്ന നാടകം കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ മഹത്തായൊരു സംഭവമായിരുന്നു. നമ്പൂതിരി സ്ത്രീകൾക്കിടയിൽ വലിയ മാറ്റത്തിന് ഈ നാടകം വഴിയൊരുക്കി. ബഹുഭാര്യാത്വം, വൃദ്ധവിവാഹം മുതലായവയ്ക്ക് എതിരായും പ്രേമവിവാഹത്തിനനുകൂലമായും ഉള്ള ആശയങ്ങൾ നമ്പൂതിരി സ്ത്രീകളിലും പുരുഷന്മാരിലും കൊണ്ടെത്തിക്കുവാൻ വി.ടിയ്ക്കു കഴിഞ്ഞു. സ്ത്രീ വിമോചനം ലക്ഷ്യമാക്കിക്കൊണ്ട് ആനുകാലിക സാമൂഹിക വിഷയങ്ങളെ പ്രമേയമാക്കി കേരളത്തിലരങ്ങേറിയ ആദ്യത്തെ സാ



മൂഹിക നാടകമായിരുന്നു അത്. അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും കേന്ദ്രങ്ങളായിരുന്ന ഇല്ലങ്ങളിൽ പൊതുജീവിതത്തിൽ നിന്നും കൊട്ടിയടക്കപ്പെട്ട് വച്ചുവിളമ്പാനും പ്രസവിക്കാനും ഭർത്താവിന്റെ എച്ചിലിലയിൽ ഉണ്ണാനും വിധിക്കപ്പെട്ട അന്തർജ്ജനങ്ങളെ ഒരു സമാന്തര ശക്തിയായി ഉണർത്തിയത് വി.ടി യുടെ നേതൃത്ത്വത്തിൽ നടന്ന പ്രവർത്തനങ്ങളായിരുന്നു. അങ്ങിനെ രൂപം കൊണ്ട അന്തർജ്ജനസമാജത്തിന്റെ നേതൃത്ത്വത്തിലേക്ക് വന്ന പാർവ്വതി നെന്മിനിമംഗലം, ഉമ നെന്മിനിമംഗലം, ആര്യ പള്ളം, പാർവ്വതി നിലയത്തോട് തുടങ്ങിയവർ ശ്രദ്ധേയരാണ്.

ജാതിയുടേയും മതത്തിന്റേയും പേരിൽ മനുഷ്യനെ വേർതിരിച്ചുകണ്ടിരുന്ന കാലത്ത് മനുഷ്യസമുദായം മുഴുവൻ ഒന്നാണെന്നു വിളംബരം ചെയ്ത വി.ടി. യുടെ നവോത്ഥാന വിപ്ലവ ചിന്തതന്നെ നമ്പൂതിരിയെ മനുഷ്യനാക്കി. അതോടെ ജാതീയമായ ആചാരബന്ധങ്ങളിൽ കുരുങ്ങിക്കിടന്ന നമ്പൂതിരി സ്ത്രീ സമൂഹവും യാഥാസ്ഥിതിക അടിത്തറയ്ക്ക് ഇളക്കം സൃഷ്ടിച്ചതിൽ ദേഷ്യം കൊണ്ട നമ്പൂതിരി സമുദായവും വി.ടി.യ്ക്ക് ഭ്രഷ്ട് കൽപ്പിച്ചു. ഒപ്പം അണിനിരന്ന വനിതകളേയും അവർ വെറുതെ വിട്ടില്ല. യാചനായാത്രയിലും ഘോഷാബഹിഷ്കരണത്തിലും അയിത്തോച്ചാടനം മിശ്രഭോജനം എന്നിവയിൽ പങ്കെടുത്ത കാ



ളി അന്തർജ്ജനത്തിന്റെ കുടുംബം മുഴുവൻ ബഹിഷ്കൃതമായി അവരുടെ പ്രസവസമയത്ത് പ്രസവമെടുക്കുവാൻ വയറ്റാട്ടിയെപോലും കിട്ടിയിരുന്നില്ല. ഇതൊക്കെയായിട്ടും നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് ശക്തി പകർന്ന് അവർ മുന്നോട്ടുതന്നെ പോയി.

നായർ സമുദായത്തിൽ നിലനിന്നിരുന്ന പുലകുളിയും കെട്ടുകല്യാണവും തെരണ്ടുകുളിയും മന്ത്രവാദവും ഉച്ചാടനം ചെയ്യുവാനായി ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെ നേതൃത്വത്തിൽ എൻ.എസ്.എസ് സംഘടിച്ചു. മരുമക്കത്തായവും, കൂട്ടുകുടുംബസമ്പ്രദായവും ഉത്തരവാദിത്വബോധമില്ലാത്ത വിവാഹബന്ധങ്ങളും മാറിയാലെ സമുദായത്തിന് പുരോഗതി ഉണ്ടാവൂ എന്നദ്ദേഹം വാദിച്ചു. ബഹുഭാര്യാത്വം ശിക്ഷാർഹമാകുകയും പകരം ഏകപത്നി സമ്പ്രദായവും ആളോഹരി ഭാഗവും നടപ്പിലാക്കുകയും ചെയ്യുന്ന നിയമനിർമ്മാണത്തിനുവേണ്ടി പ്രജാസഭയിലും സമുദായസമ്മേളനങ്ങളിലും വാദിക്കുകയുണ്ടായി.

മലയാളി മെമ്മോറിയലിലൂടെ പൊതുപ്രവർത്തനത്തിലേക്ക് കടന്നുവന്ന ഡോ. പൽപ്പു എസ്.എൻ.ഡി.പിയുടെ രൂപീകരണത്തിലും അതുവഴി പിന്നോക്ക സമുദായങ്ങൾ അനുഭവിക്കുന്ന അവശതകൾക്കെതിരെ പോരാടി, സർക്കാർ സർവ്വീസിൽ ഈഴവർക്ക് പ്രവേശനം അനുവദിക്കണമെന്നു ഈഴവ വിദ്യാർത്ഥികൾക്ക് സ്കൂൾ പ്രവേ



ശനം അനുവദിക്കണമെന്നുമായിരുന്നു മെമ്മോറിയലിലെ ആവശ്യങ്ങൾ. സ്വാമി വിവേകാനന്ദന്റെ നിർദ്ദേശപ്രകാരം കേരളത്തിലെ സാമൂഹികമാറ്റങ്ങൾക്കായി ശ്രീനാരായണഗുരുവിനെ കണ്ടെത്തുകയും അതുവഴി എസ്.എൻ.ഡി.പി യോഗത്തിന് രൂപം നൽകുകയും ചെയ്തു. വിദ്യാഭ്യാസം ലഭിച്ചാൽ അതുവഴി എല്ലാവിധ പുരോഗതിയും കൈവരിക്കാനാകുമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. സ്ത്രീവിദ്യാഭ്യാസത്തിനും സ്ത്രീകളുടെ പദവി ഉയർത്തുന്ന കാര്യത്തിലും ശ്രദ്ധാലുവായിരുന്ന അദ്ദേഹം ആ ലക്ഷ്യം മുൻനിർത്തി ധർമ്മസഹോദരിമഠം സ്ഥാപിച്ചു.

മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന് ഉദ്ഘോ

ഷിച്ച നവോത്ഥാനത്തിന്റെ ശുക്രനക്ഷത്രമായ ശ്രീനാരായണഗുരു സ്ത്രീപുരുഷ ബന്ധത്തെപ്പറ്റിയുള്ള ജനാധിപത്യപരമായ ധാരണയ്ക്കനുസരിച്ച് വിവാഹ സമ്പ്രദായം പരിഷ്കരിച്ചു. വിവാഹിതരാകുന്ന സ്ത്രീപുരുഷന്മാർക്ക് ചുരുങ്ങിയത് ഒരു മാസത്തെയെങ്കിലും പരസ്പരപരിചയം ഉണ്ടാവണമെന്ന് നിഷ്കർഷിച്ചു. വരന്റെ സഹോദരിയോ മറ്റുള്ള ബന്ധുക്കളോ കണ്ടെത്തുന്ന വധുവിനെ അവർക്കിഷ്ടപ്പെട്ടാൽ വിളിച്ചുകൊണ്ടുവരുന്ന സമ്പ്രദായമാണ് അന്ന് ഈഴവരുടെ ഇടയിൽ നിലനിന്നിരുന്നത്. പല സഹോദരൻമാർക്കായി ഒരു ഭാര്യ എന്ന പാഞ്ചാലി സമ്പ്രദായവും നിലനിന്നിരുന്നു. ഗുരു ഇതിനെയെല്ലാം ശക്തമായി എതിർത്തു. തന്റെ ജീവിത ദൗത്യത്തിന് ഗ്രഹസ്ഥാശ്രമം തടസ്സമായികണ്ട ആ ബ്രഹ്മചാരി ലൗകികരായ സാധാരണജനങ്ങളുടെ ജീവിതത്തിൽ നാനാവശങ്ങളിൽ നിന്ന് വെളിച്ചം പകർന്നു. ശ്രീനാരായണഗുരുവിലൂടെ ഉയർന്നു വന്ന നവോത്ഥാനപ്രസ്ഥാനം എസ്.എൻ.ഡി.പി.യോഗം സ്ത്രീകളുടെ സാമൂഹ്യനിലയെ വിദ്യാഭ്യാസത്തിലൂടെയും ആചാരപരിഷ്ക്കരണങ്ങളിലൂടെയും ഉയർത്തുവാൻ തീവ്രശ്രമങ്ങൾ നടത്തി. തെരണ്ടുകുളി, പുളികുടി, താലികെട്ടുകല്യാണം എന്നിവയ്ക്കെതിരെ അദ്ദേഹം ശക്തമായ നിലപാടെടുത്തു. പെൺകുട്ടികൾക്കും വിദ്യാഭ്യാസം ചെയ്യുവാനുള്ള അവകാശത്തിനു വേണ്ടി വാദിച്ചു. അങ്ങിനെ 1910 ലാണ് സർക്കാർ വക പെൺപള്ളിക്കൂടങ്ങൾ ഈഴവർക്കും ക്രിസ്ത്യാനികൾക്കുമായി തുറന്നുകൊടുത്തത്.

എസ്.എൻ.ഡി.പി യോഗത്തിന്റെ വളർച്ചയുടെ കാലഘട്ടത്തിൽ ശ്രീനാരായണ ഗുരുവും, ഡോ. പൽപ്പുവും, കുമാരനാശാനും അന്നത്തെ നവോത്ഥാന ചലനങ്ങളുടെ ചുക്കാൻ പിടിച്ചവരായിരുന്നു. ആദ്യത്തെ ഒന്നര ദശാബ്ദക്കാലം ജനറൽ സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിച്ച കുമാരനാശാൻ അധഃസ്ഥിതരായ എല്ലാ ജനവിഭാഗങ്ങളുടേയും മോചനവും സ്ത്രീകളുടെ സാമൂഹ്യ നിലയിലുള്ള ഉയർച്ചയും കാംക്ഷിച്ചിരുന്നു. 1907 ൽ മലയാള കവിതയുടെ കാൽപ്പനിക പ്രസ്ഥാനത്തിന് തുടക്കം കുറിച്ചുകൊണ്ടുള്ള വീണപൂവിന്റെ രചനയിലൂടെയാണ്. ഉന്നതമായ നവോത്ഥാന മൂല്യങ്ങൾ പ്രസരിപ്പിക്കുന്ന കവിതകളിലൂടെ അദ്ദേഹം കേരളത്തിന്റെ സാമൂഹിക മുന്നേറ്റപ്രക്രിയയെ ത്വരിതപ്പെടുത്തി. സ്ത്രീകളുടെ ജനാധിപത്യ അവകാശങ്ങളും ജാതിവിരുദ്ധ ആശയങ്ങളും മാനുഷിക ബന്ധങ്ങളെപ്പറ്റിയുള്ള ഉയർന്ന സങ്കൽപ്പങ്ങളും പുതിയ സദാചാര സങ്കല്പങ്ങളും കവിതയിലൂടെ അദ്ദേഹം അവതരിപ്പിച്ചു. വീണപൂവ്, നളിനി, ലീല, ചിന്താവിഷ്ടയായ സീത, പ്രരോദനം, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ എന്നിവയെല്ലാം സ്ത്രീ പ്രധാന കഥാപാത്രങ്ങളുമായി പിറന്ന കൃതികളാണ്.

തന്റെ എഴുത്തുകളിലൂടെയും പ്രവർത്തികളിലൂടെയും സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ചയാളാണ് ബ്രഹ്മാനന്ദസ്വാമി ശിവയോഗി. അദ്ദേഹത്തിന്റെ സ്ത്രീവിദ്യാപോഷിണി (1899) എന്ന കൃതി ശ്രദ്ധേയമാണ്. അക്കാലത്തെ യഥാസ്ഥിതികരെ വളരെയധികം വിറളിപിടിപ്പിച്ച എഴുത്തുകളായിരുന്നു അവയെല്ലാം, 1918 ൽ ആനന്ദമതപ്രചരണത്തിനായി ആനന്ദമഹാസഭ രൂപംകൊണ്ടു. ക്ഷേത്രാരാധനയും വിഗ്രഹാരാധനയും അദ്ദേഹം എതിർത്തിരുന്നു. ഹിംസയോടുകൂടിയ മതകർമ്മങ്ങൾ നടത്തരുത്, ക്ഷേത്രങ്ങളിൽ കൊണ്ടുപോയി താലികെട്ടുകല്യാണം നടത്തുന്നത് അവസാനിപ്പിക്കുക, ശവസംസ്കാര ചടങ്ങുകൾ ചുരുങ്ങിയ ചെലവിൽ നടത്തുക, പുലകുളി, യാഗം, വ്രതം, തീർത്ഥാടനം, ഭിക്ഷാടനം, വിഗ്രഹാരാധന തുടങ്ങിയവ അനാചാരങ്ങളാണെന്ന് അദ്ദേഹം വാദിച്ചു.

പണ്ഡിറ്റ് കറുപ്പന്റെ നേതൃത്വത്തിൽ 1910 ൽ 'വാലസമുദായ പരിഷ്ക്കാരിണി സഭ' രൂപീകരിച്ചു. ജാതിക്കും അയിത്തത്തിനുമെതിരായ പ്രവർത്തനങ്ങളാണ് കവിതയിലൂടെയും പൊതുപ്രവർത്തനങ്ങളിലൂടെയും അദ്ദേഹം ചെയ്തത്. സ്ത്രീ വിദ്യാഭ്യാസത്തിനും സ്ത്രീകളുടെ സാമൂഹ്യഉന്നമനത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് അദ്ദേഹം ഊന്നൽ നൽകി. വായനാശീലം വളർത്തുക, വായനശാലകൾ സ്ഥാപിക്കുക, നിശാപാഠശാലകൾ സ്ഥാപിക്കുക, കുട്ടികളെ സ്കൂളിലയയ്ക്കാൻ പ്രേരിപ്പിക്കുക. ഇതൊക്കെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽപെടുന്നു. അധഃസ്ഥിത സമുദായങ്ങളിലെ പെൺകുട്ടികൾക്ക് താമസവും ഭക്ഷണവും വിദ്യാഭ്യാസവും തൊഴിൽപരിശീലനവും നൽകാൻ 'അബലാശരണം' എന്ന സ്ഥാപനത്തിന്റെ പ്രധാനിയായി പ്രവർത്തിച്ചു. 1927 ൽ വിദ്യാഭ്യാസവകുപ്പിൽ 'അസിസ്റ്റന്റ് പ്രൊട്ടക്ടർ ഓഫ് ദി ഡിപ്രസ്ഡ് ക്ലാസസ് ' എന്ന ചുമതലയേറ്റു.

സാമൂഹികനവോത്ഥാനം എന്നും പുരുഷന്റെ മാത്രം പക്ഷത്തല്ല 50% അത് സ്ത്രീയുടെ പക്ഷത്തുമാണ്.സ്ത്രീയും പുരുഷനും ഒരുപോലെ പുരോഗമനപരമായി പരിഷ്ക്കരിക്കപ്പെട്ടെങ്കിൽ മാത്രമെ ഒരു സമൂഹം സമുദ്ധരിക്കപ്പെടുകയുള്ളു. 19-ാം നൂറ്റാണ്ടിലും 20- ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും സ്ത്രീയുടെ സാമൂഹികപദവി ശോചനീയമായിരുന്നു. സവർണ്ണ പുരുഷമേധാവിത്വം ഉണ്ടായിരുന്ന സമൂഹത്തിൽ സ്ത്രീകൾക്ക് നമ്പൂതിരിയെന്നോ അധഃസ്ഥിതരെന്നോ വ്യത്യാസമില്ലാതെ കൊടിയ അനാചാരങ്ങൾക്കും, യാതനകൾക്കും ചൂഷണങ്ങൾക്കും വിധേയരായിക്കൊണ്ടിരുന്നു. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ തിരുവിതാംകൂറിൽ മേൽജാതിക്കാരുൾപ്പെടെ നൂറിൽ തൊണ്ണൂറ്റിയെട്ട് സ്ത്രീകളും വിദ്യാഭ്യാസമില്ലാത്തവരായിരുന്നു.

കേരളീയ സമൂഹത്തിൽ പൊതുവേ വിദ്യാഭ്യാസകുതുകികളായിരുന്ന നമ്പൂതിരി സമുദായത്തിൽ പോലും സ്ത്രീകളുടെ വിദ്യാഭ്യാസം അങ്ങേയറ്റം നിയന്ത്രണവിധേയമായിരുന്നു. നമ്പൂതിരി സ്ത്രീകൾക്ക് വേദോച്ചാരണം നിഷിദ്ധമായിരുന്നു. കേൾക്കുന്നതുപോലും പാപമായി കരുതിയിരുന്നു. പെൺകുട്ടികൾക്ക് കലകൾമാത്രം അഭ്യസിക്കുവാനുള്ള സ്വാതന്ത്ര്യമേ ഉണ്ടായിരുന്നുള്ളൂ. ജനങ്ങളെ അവരുടെ വസ്ത്രധാരണം, ആഭരണങ്ങൾ, നടപ്പ്, ഭാഷ തുടങ്ങിയ

കാര്യങ്ങളിൽ പോലും ജാതിശാസനകൾകൊണ്ട് വേർതിരിച്ചിരുന്നു. സ്ത്രീകൾക്ക് മാറ് മറയ്ക്കൽ നിഷിദ്ധമായിരുന്നു. അധഃസ്ഥിതരായ സ്ത്രീകൾ കല്ലാഭരണങ്ങൾ പോലുള്ള പ്രാകൃതമായ ആഭരണങ്ങൾ ധരിക്കണമായിരുന്നു. ബ്രാഹ്മണരല്ലാതെ മറ്റാർക്കും കുടപിടിക്കാനുള്ള അവകാശമുണ്ടായിരുന്നില്ല. ഇതിനൊക്കെ വിരുദ്ധമായ ചെയ്തികൾ അധികാരഘടനയോടുള്ള വെല്ലുവിളിയായാണ് കരുതപ്പെട്ടിരുന്നത്. ഇത്തരം സാഹചര്യത്തിലാണ് പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തെക്കൻതിരുവിതാംകൂറിലെ ചാന്നാർ സ്ത്രീകൾ മാന്യമായ വസ്ത്രധാരണത്തിനുവേണ്ടിയുള്ള കലാപം നടത്തിയത്.കേരളത്തിലെ സാമൂഹിക നവോത്ഥാനത്തിന് വഴിയൊരുക്കിയ ആദ്യത്തെ ജനകീയ പോരാട്ടമായിരുന്നു അത്. രണ്ടു ഘട്ടമായി നടന്ന ഈ സമരത്തിന്റെ ആദ്യഘട്ടം മാറുമറയ്ക്കുന്നതിനും രണ്ടാമത്തെ ഘട്ടം മേൽമുണ്ട് ധരിക്കുന്നതിനുമായിരുന്നു.

തിരുവിതാംകൂറിലെ സവർണ്ണഹിന്ദുക്കൾ സ്ഥാപിച്ച മലയാളിസഭ പാശ്ചാത്യവിദ്യാഭ്യാസ വ്യാപനത്തിനും സ്ത്രീകളുടെ വിദ്യാഭ്യാസത്തിനും വിവാഹസമ്പ്രദായങ്ങൾ പരിഷ്ക്കരിക്കുന്നതിനും ശ്രമങ്ങൾ നടത്തി. മലയാള സാഹിത്യരതിലെ ആദ്യത്തെ ലക്ഷണമൊത്ത നോവലായ 'ഇന്ദുലേഖ'യിലൂടെ ചന്തുമേനോൻ വരച്ചു കാട്ടുന്ന ചിത്രങ്ങൾ ഇതിന്റെ പ്രതിഫലനമാണെന്നു പറഞ്ഞാൽ തെറ്റില്ല. മലയാള സാഹിത്യരംഗത്തെ സ്ത്രീസമത്വ ആശയങ്ങൾ നമുക്കു ദർശിക്കാം.

അയ്യൻകാളിയുടെ നേതൃത്വത്തിൽ രൂപീകരിച്ച സാധുജന പരിപാലന സംഘമായിരുന്നു കേരളത്തിലെ അധഃസ്ഥിതരായ സ്ത്രീകളുടെ വിമോചനത്തിന് പാതയൊരുക്കിയത്. ഈ സംഘടനയിൽ സ്ത്രീകളെയും പുരുഷന്മാരെയും ഒരേ പോലെ അംഗങ്ങളായി ചേർത്തു പുരുഷന്മാർക്ക് അരചക്രവും സ്ത്രീകൾക്ക് കാൽചക്രവുമായിരുന്നു അംഗത്വഫീസ്. സ്ത്രീകളെ സംഘടനയുടെ യോഗങ്ങളിലും പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുപ്പിച്ചു.സംഘത്തിന്റെ വാർഷിക സമ്മേളനങ്ങളിൽ സ്ത്രീകളെ കൊണ്ട് പ്രമേയങ്ങൾ അവതരിപ്പിച്ചു. അങ്ങനെ അവരെ പൊതുപ്രവർത്തനത്തിന്റെ മുന്നണിയിലേയ്ക്ക് കൊണ്ടുവരുവാനുള്ള വിവിധ മാർഗ്ഗങ്ങൾ അദ്ദേഹം അവലംബിച്ചു. വിമോചനത്തിന് വിദ്യാഭ്യാസം അനിവാര്യമാണെന്നു തിരിച്ചറിഞ്ഞ അയ്യൻകാളി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരേ പോലെ വിദ്യാലയ പ്രവേശനം ലഭിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനം നടത്തി. 1910 സ്ക്കൂൾ പ്രവേശന ഉത്തരവ് അധഃസ്ഥിതർക്കും നടപ്പാക്കി കിട്ടുന്നതിനു വേണ്ടി അദ്ദേഹം 'പഞ്ചമി' എന്ന പെൺകുട്ടിയെയും കൂട്ടി ഊരുട്ടമ്പലം സ്ക്കൂളിൽ എത്തുകയും അത് സംഘർഷത്തിന് വഴിവെയ്ക്കുകയും ചെയ്തു. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി പ്രജാസഭയിലും അദ്ദേഹം വാദിച്ചു. വിദ്യാലയപ്രവേശനത്തിനു വേണ്ടി ഒരു വർഷക്കാലം നീണ്ടുനിന്ന പണിമുടക്കിൽ പുരുഷന്മാരെപ്പോലെ സ്ത്രീകളും സജീവമായി പങ്കെടുത്തു.

1865 ൽ ദിവാൻ സർ.ടി മാധവറാവുവിന്റെ കാലത്ത് എല്ലാ വിഭാഗം സ്ത്രീകൾക്കും മാറുമറയ്ക്കുവാനുള്ള അവകാശം നൽകിയിരുന്നെങ്കിലും അന്നത്തെ സാമൂഹ്യ സാഹചര്യത്തിൽ അധഃസ്ഥിതരായ സ്ത്രീകൾക്ക് അതിനു കഴിയുമായിരുന്നില്ല. എന്നാൽ അയ്യൻകാളിയുടെ നേതൃത്വത്തിൽ അധഃസ്ഥിത സ്ത്രീകൾ ധരിച്ചിരുന്ന കമ്മലും മാലയും ഉപേക്ഷിക്കാൻ അയ്യൻകാളി ആഹ്വാനംചെയ്തു. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള ഉൾപ്പെടെയുള്ള സവർണ്ണരുടെ പിൻതുണയും ഇക്കാര്യത്തിൽ അയ്യൻകാളിക്ക് ലഭിച്ചിരുന്നു.

നവോത്ഥാനകാലത്ത് ഉയർന്നുവന്ന പ്രക്ഷോഭങ്ങൾ എല്ലാം തന്നെ സ്ത്രീകളുടെ മേൽ ജന്മിത്വസമൂഹവും പുരുഷമേധാവിത്വവും അടിച്ചേൽപ്പിച്ച അടിമത്വത്തിൽ നിന്നുമുള്ള മോചനത്തിന് ഒരു പരിധി വരെ വഴിയൊരുക്കി. സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ നടന്ന ഈ സാംസ്ക്കാരിക മുന്നേറ്റം കേവലം സ്ത്രീകളുടെ മാത്രം സമരമായിരുന്നില്ല. മറിച്ച് സ്ത്രീയും പുരുഷനും തുല്യപങ്കാളിത്തത്തോടെ നടത്തിയ ബഹുജന പ്രക്ഷോഭങ്ങളായിരുന്നു.

പിന്നിട്ട നൂറ്റാണ്ടിലെ സ്ത്രീകൾ ഫ്യൂഡലിസം അടിച്ചേൽപ്പിച്ച കിരാതനിയമങ്ങളുടെ നുകം പേറേണ്ടി വന്നവരാണ്. സ്ത്രീസമൂഹത്തിന് അനുഭവിക്കേണ്ടി വന്ന എണ്ണമറ്റ യാതനകൾ തിരിച്ചറിഞ്ഞ് അവ പരിഹരിച്ച് സ്ത്രീയെ അസമത്വത്തിൽ നിന്നും ജടിലമായ ജാത്യാചാരങ്ങളിൽ നിന്നും മോചിപ്പിച്ച് ജനാധിപത്യത്തിന്റെ ശുദ്ധവായു ശ്വസിക്കുവാൻ പ്രാപ്തരാക്കിയതിൽ പ്രധാന പങ്കു വഹിച്ചിട്ടുള്ളത് പുരുഷന്മാരായ സാമൂഹിക നവോത്ഥാന നായകന്മാർ കൂടിയാണ്. അവർ സ്ത്രീയെ കേവലപരമായ ഉപഭോഗവസ്തുവായി കണക്കാക്കിയിരുന്നില്ല. ചാതുർവർണ്ണ്യത്തിന്റെ അനുശാസനങ്ങളെ തകർത്തെറിഞ്ഞു കൊണ്ടാണ് അമ്മയും സഹോദരിയും ഭാര്യയും മകളുമായ സ്ത്രീ എന്ന തലത്തിൽ നിന്നും ഭാരതത്തിന്റെ ഭരണാധികാരികളാകുന്ന സ്ത്രീ എന്ന മഹത്വത്തിലേയ്ക്ക് നടന്നു കയറിയത്. ഈ മുന്നേറ്റം സാക്ഷ്യപ്പെടുത്തുന്നത് പ്രക്ഷോഭങ്ങളുടെ കനൽവഴികൾ താണ്ടിയ ചരിത്രമാണ്. എന്നാൽ ആധുനിക മുതലാളിത്ത സമൂഹം എന്തിനെയും കീഴ്പ്പെടുത്തി ഉപഭോഗവസ്തുവാക്കി അനുഭവിക്കുന്ന ഈ കാലത്ത് സ്ത്രീയുടെ മേലുള്ള കടന്നാക്രമണങ്ങൾ വർദ്ധിച്ചിരിക്കുന്നു. സ്ത്രീയ്ക്ക് അവളുടെ ശരീരം കേവലപരമായ ഭോഗവസ്തുവല്ല. ഈ സമൂഹത്തിലെ സമസ്ത നന്മകളേയും സ്വാംശീകരിക്കുന്നതിനും സ്ത്രീപുരുഷസമത്വത്തിനു വേണ്ടി പോരാടുന്നതിനുള്ള ഉപകരണം കൂടിയാണ്. ഇരുട്ടിൽ പതിയിരുന്നും ചതിക്കുഴികൾ തീർത്തും, മോഹവലയങ്ങളിൽ പെടുത്തിയും, പെണ്ണിന്റെ മാനം കവർന്നും, കച്ചവടചരക്കാക്കിയും ആസ്വാദിക്കുന്നവരുടെ മേൽ സ്ത്രീയും പുരുഷനും ഒന്നുചേർന്ന് സമത്വബോധത്തിന്റെ കൊടുവാൾ വീശി അധമസംസ്ക്കാരത്തിന്റെ ആൾരൂപങ്ങളെ തകർത്തെറിയണം. സാമൂഹിക നവോത്ഥാനം പകർന്നു നൽകിയ ഉൾക്കരുത്തുമായി വർത്തമാനകാല വെല്ലുവിളികളെ അതിജീവിക്കുവാൻ ഈ കൂട്ടായ്മയിലുടെ സ്ത്രീയ്ക്ക് കഴിയണം



# ദില്ലിയിലെ ചുമരുകളിൽ കാണുന്ന കാഴ്ചകൾ

**ഡോ. എൻ.എം.സണ്ണി**

*മലബാർ ക്രിസ്ത്യൻ കോളജ്, കോഴിക്കോട്*



ആധുനികോത്തരതയുടെ പ്രവാചകൻ എന്ന ആക്ഷേപത്തിന് ആവോളം വിധേയനായ എഴുത്തുകാരനാണ് അക്കാദമി അവാർഡ് ജേതാവുകൂടിയായ ഉദയ പ്രകാശ്. അദ്ദേഹത്തിന്റെ കൃതികളിലുടെ സഞ്ചരിക്കുമ്പോൾ വർത്തമാന കാലഭാരതത്തിന്റെ ഭ്രമപ്പെടുത്തുന്ന ചിത്രങ്ങൾ വായനക്കാർക്ക് മുന്നിൽ തെളിഞ്ഞു വരുന്നു എന്ന യാഥാർത്ഥ്യം അദ്ദേഹത്തെ നിശിതമായി വിമർശിക്കുന്നവർ പോലും സ്വകാര്യമായി അംഗീകരിക്കുന്നുണ്ട്. കഥയും കവിതയുമാണ് സാമൂഹ്യ വിമർശനത്തിനായി അദ്ദേഹം സ്വീകരിച്ച ആയുധങ്ങൾ. അത് അതിന്റെ മുഴുവൻ സാധ്യതകളുമുപയോഗിച്ച് ഏറെ കൃത്യതയോടെ ഉപയോഗിക്കുന്നു എന്നതാണ് ഇതര എഴുത്തുകാരിൽ നിന്ന് ഉദയ പ്രകാശിനെ വ്യതിരിക്തനാക്കുന്നത്. തന്റെ സൃഷ്ടികൾക്ക് കഥയുടെ ആവരണം ഉപയോഗിക്കുന്നുണ്ട് എന്ന് സമ്മതിക്കുന്ന കഥാകാരൻ പക്ഷേ അതിലൂടെ പറയുന്ന വസ്തുതകൾ ഏവരെയും അമ്പരപ്പിക്കുയും, സാധാരണ എഴുത്തുകാർ തുറന്ന് പറയാൻ മടിക്കുകയും ചെയ്യുന്ന സത്യങ്ങളാണ്. കവിത എഴുതുക എന്നാൽ ആത്മഹത്യ ചെയ്യാൻ തീരുമാനിക്കലാണ് എന്ന വി.ജി തമ്പിയുടെ വരികൾ ഉദയപ്രകാശിനെ സംബന്ധിച്ചിടത്തോളം സത്യമാണ്. ആഗോളീകരണത്തിന്റെ ഉപോല്പന്നങ്ങളായി രൂപം കൊണ്ട മത മൗലികവാദവും, നവലിബറൽ സിദ്ധാന്തങ്ങളും പാർശ്വവൽകൃത ന്യൂനപക്ഷ കീഴാള സമൂഹങ്ങളെ അവരുടെ പരിസരങ്ങളിൽ നിന്ന് ദയാദാക്ഷ്യണ്യമേതുമില്ലാതെ തുടച്ചുമാറ്റുന്നതിന്റെ ലൈവ് കാഴ്ചകൾ വായനക്കാർക്ക് അമ്പരപ്പോടും നിസ്സഹായതയോടും കൂടി മാത്രമെ നോക്കി നിൽക്കാനാവുകയുള്ളൂ. ഭരണകൂടം ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കന്മാരുടെ സഹായത്തോടെ നടപ്പിലാക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങളുടെയും, നൃശംസകളുടെയും ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലുകളാണ് ഈ കഥകൾ മുന്നോട്ടു വെയ്ക്കുന്നത്.

മൂന്ന് നീണ്ട കഥകളാണ് ദില്ലിയിലെ ചുമരുകൾ എന്ന പുസ്തകത്തിന്റെ ഉള്ളടക്കം. തൂപ്പുകാരനായ രാം നിവാസിന് ദില്ലിയിലെ ഒരു വലിയ കെട്ടിടം അടിച്ചു വാരുന്നതിനിടയിൽ അതിന്റെ ചുമരിലെ വലിയ ദ്വാരത്തിൽ നിന്ന് ലഭിക്കുന്ന കോടിക്കണക്കിന് രൂപയുടെ കള്ളപ്പണം അയാളുടെ ജീവിതത്തെ മാറ്റിമറിക്കുന്നതാണ് ആദ്യ കഥയായ ദില്ലിയിലെ ചുമരുകൾ എന്ന നീണ്ട കഥയുടെ പ്രമേയം. രാം നിവാസും അയാളുടെ പ്രായപൂർത്തിയാകാത്ത കാമുകി സുഷമയും കോടിക്കണക്കിന് രൂപയുടെ ബ്ലാക്ക് മണി ലഭ്യമായതിന്റെ ആഹ്ലാദത്തിൽ ജീവിതത്തിൽ ഒരിക്കൽ പോലും വന്നു ചേരാനിടയില്ലാതിരുന്ന സന്തോഷത്തിലേക്കും ആർഭാടത്തിലേക്കും നടന്നു കയറുകയാണ്, അതാകട്ടെ നമ്മുടെ രാജ്യത്തെ സങ്കല്പിക്കാൻ കഴിയാത്ത അഴിമതിയുടെ ആഴമറിയാൻ വായനക്കാരെ സഹായിക്കുന്നു.

മോഹൻദാസ് കീഴാള ജീവിതത്തിന്റെ അപഹരിക്കപ്പെട്ട ചരിത്രം അടയാളപ്പെടുത്തുന്ന കഥയാണ്. സ്വാതന്ത്ര്യാനന്തര ഭാരതം സമൂഹത്തിലെ അധ:സ്ഥിതരോടും പിന്നോക്ക ജനവിഭാഗങ്ങളോടും ചെയ്ത

ക്രൂരത പുരബ്നരാ ഗ്രാമത്തിലെ കാബാദാസിന്റെയും പുതലി ബായിയുടെയും മകനായ മോഹൻദാസ് എന്ന ഒരൊറ്റ ചെറുപ്പക്കാരന്റെ കണ്ണുനീരിൽ നിന്ന് തന്നെ സമൂഹത്തിന് തിരിച്ചറിയാനാവും. മോഹൻദാസ് എന്ന ദളിത് യുവാവ് തന്റെ മോഷ്ടിക്കപ്പെട്ട ഐഡന്റിറ്റി തിരിച്ചുപിടുക്കുന്നതിനുള്ള ശ്രമത്തിൽ ഭരണകൂടത്തിന്റെയും നീതി ന്യായ വ്യവസ്ഥയുടെയും ഇടപെടലിന്റെ ഭാഗമായി പരാജയപ്പെട്ടു പോകുന്നതിന്റെ സൂക്ഷ്മവശങ്ങളാണ് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ച ഈ നീണ്ട കഥ മുന്നോട്ട് വെക്കുന്ന പശ്ചാത്തലം. സാമ്രാജ്യത്വവും അഴിമതിയും, സവർണ്ണ ഫാസിസ്റ്റ് ശക്തികളുടെ സ്വകാര്യ അജണ്ടകളും രാജ്യത്തിന്റെ ഓരോ ഞരമ്പിലും മാരകമായ രോഗത്തിന്റെ വൈറസ് കണക്കെ പ്രവേശിച്ചതിന്റെ പ്രത്യക്ഷ പ്രമാണമായാണ് ഈ കഥ വായനക്കാരുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്നത്. ഒരു പക്ഷേ ആദ്യമായി കേന്ദ്ര സാഹിത്യ അക്കാദമി ഇന്ത്യൻഭാഷകളിലെ ഒരു കഥക്ക് അവാർഡ് നൽകുന്നത് മോഹൻദാസിനായിരിക്കാം. അത്ര തീവ്രവും വൈകാരികവുമായാണ് വർത്തമാനകാല ഇന്ത്യയുടെ പൊള്ളുന്ന ഒരു സത്യം കഥയുടെ പ്രമേയമായി സ്വീകരിച്ചു കൊണ്ട് ഉദയ് പ്രകാശ് വെളിപ്പെടുത്തുന്നത്. സാമ്രാജ്യത്വം രാജ്യത്തിന്റെ സ്വത്വത്തെ തന്നെ അപഹരിക്കുന്ന അപകടകരമായ സന്ദർഭം കഥയുടെ പശ്ചാത്തലത്തിൽ അനുവാചകന് അനുഭവപ്പെടുന്നതാണ്. രാഷ്ട്രപിതാവിനെയും അദ്ദേഹത്തിന്റെ ജന്മനാടിനെ തന്നെയും അപഹരിക്കുന്ന ആസുരകാലത്തിന്റെ ഭയാനക ചിത്രം യം എന്ന രൂപകത്തിലൂടെ തന്നെ അവതരിപ്പിച്ചിരിക്കുകയാണ്.

മാംഗോസിൽ ഒരു കുട്ടിയുടെ തല അസാധാരണമാംവിധം വലുതാവുകയും അതോടൊപ്പം തന്നെ ആ കുട്ടി അസാമാന്യമായ ബുദ്ധി വൈഭവം പ്രകടിപ്പിക്കുകയും ചെയ്യുന്നതിന്റെ കഥയാണ് വെളിപ്പെടുത്തുന്നത്. ഏതു നിമിഷവും മരണം കവർന്നെടുക്കാവുന്ന ജീവനുമായി ഇഴഞ്ഞു നീങ്ങുന്ന സൂര്യകാന്ത് ദരിദ്ര രാജ്യങ്ങളുടെ പ്രതിനിധിയായാണ് കഥയിൽ അവതരിപ്പിക്കപ്പെടുന്നത്. ദരിദ്ര പിന്നോക്ക രാജ്യങ്ങളിലെ അസാമാന്യമായ ബുദ്ധി കൗശലം പ്രകടിപ്പിക്കുന്ന കുട്ടികളെ നിരീക്ഷിക്കണമെന്ന പെന്റഗണിന്റെ നിർദ്ദേശം കഥക്ക് പുതിയൊരു വായന സാധ്യമാക്കുന്നുണ്ട്. സാമ്രാജ്യത്വ അധിനിവേശവും പ്രകൃതിയുടെ ചൂഷണവും ഇന്ത്യ പോലുള്ള പുതു ജനാധിപത്യ-വികസ്വര രാജ്യങ്ങളെ ഏതു രീതിയിൽ കീഴടക്കുന്നു എന്നതിന്റെ തെളിവായും നിരീക്ഷകർ ഈ കഥയെ വിലയിരുത്തുന്നുണ്ട്.

മൂന്ന് നോവല്ലകളാണ് ഈ പുസ്തകത്തിലടങ്ങിയിരിക്കുന്നത്. ദില്ലിയിലെ ചുമരുകളും,മാംഗോസിലും നഗരങ്ങളിലെ ചേരികളും അവിടങ്ങളിൽ അധിവസിക്കുന്ന മേൽവിലാസമില്ലാത്തവരും, ഭരണകൂടങ്ങളാൽ നിസ്സഹായരക്കാപ്പെട്ടവരുമായ ജനങ്ങളുടെ രോദനങ്ങളാണ് ഈ രണ്ടു കഥകളിലും ഉയർന്ന് കേൾക്കുന്നത്. മോഹൻദാസാകട്ടെ ഗ്രാമത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട ഒരു കീഴാള ജീവിതമാണ്. കഥപറച്ചിലിന്റെ രാജശിൽപ്പിയായ ഉദയ പ്രകാശ് തന്റെ തൂലികയുടെ മാസ്മരികതയിലൂടെ ഗ്രാമ-നഗരങ്ങളുടെ സ്പന്ദനങ്ങളെ അതിന്റെ മൗലികതയ്ക്ക് മങ്ങലേൽക്കാതെ വായനക്കാരുടെ മുന്നിൽ അവരിപ്പിച്ചിട്ടുണ്ട്.

With best compliments from

A.K.P.C.T.A BRANCH

St' Dominic College

Kanjirappally



**പത്മനാഭൻ കാവുമ്പായി**
പയ്യന്നൂർ കോളജ്
പയ്യന്നൂർ

# ടോപ് പെർഫോമർ



കുന്നിടിച്ചു, കുളമാക്കി,
വയൽ നികത്തി, വയറകത്തി,
വളമിറക്കി, വിളവെടുക്കും
പടമടിച്ചു, പടികൾ കേറി,
വരിയുടച്ചും, വരുതിയേറ്റീം,
വഴികൾ വെട്ടി, വരികൾ തെറ്റി,
കേരളം വളരുന്നു നിശ്ചിതവട്ടങ്ങളിൽ!

ആർക്കു വേണം നാട്? നന്മ?
നാട്ടുകാർ? മാഷിൻ
ആത്മരോഷം, പൊട്ടിയൊഴുകി
ബി കോം ക്ലാസിൽ.

ഏറെയുറിയുപ്പു കുറുകിയ
ധാർമ്മികച്ചുളിവിൽ
ഫോറിനത്തർ മണമുള്ള
ടവ്വൽ കൊണ്ടൊപ്പി
സുന്ദരന്മാർ മാഷെ നോക്കി
മന്ദഹസിച്ചു.
സുന്ദരിമാർ വോട്ടു ഫോർമാറ്റ്
നോട്ടമയച്ചു.

പിന്നിലെ ബഞ്ചിലായ്
ചുമർ ചാരിയിരിക്കും
റിയലെസ്റ്റേറ്റവറാന്റെ-
യിരട്ട മക്കൾ.
ലാപ്ടോപ്പ് വിരൽതുമ്പായ്
കുടിച്ച മക്കൾ - ഏതോ
സംഗതി യുടെ കമ്മീഷൻ
കാൽക്കുലേറ്റുന്നു.

തെല്ലു ബ്രേയ്ക്കതിനിടയിൽ
മാഷിൻ നെഞ്ചിൽ,
നിന്നൊരു സിൻസില ..

ഫോണെടുക്കെ,
പോയി മാഷേ റാഞ്ചിയവറാൻ
പത്തരയ്ക്കു മുറിച്ചയാൾ, ക്കൊരു
പണി കൊടുക്കണമിന്നു വൈകീ-
ട്ടമ്പലത്തിൽ കാണണം.

എലിമിനേറ്റു റൗണ്ടിലന്നാ സന്നിദാനന്ദൻ
പടിയിറങ്ങിയ പോലെ സങ്കടഭരിത നിമിഷങ്ങൾ-
നെഞ്ചിലൂറ്റിക്കൊണ്ടു മാഷു പുറത്തിറങ്ങുമ്പോൾ
പുത്തനാം പണ്ഡിറ്റുമുട്ടകൾ ക്ലാസ് പുഴുങ്ങുന്നു.



# അന്താരാഷ്ട്ര ക്രിസ്റ്റലോഗ്രഫി വർഷം - 2014

ഡോ.എം.ആർ.സുദർശനകുമാർ
എം.ജി.കോളജ്, തിരുവനന്തപുരം



രത്നക്കല്ലുകളിലും ഹിമചില്ലുകളിലും ഉപ്പുതരികളിലും പരിചിതമായ ക്രിസ്റ്റലുകൾ പ്രകൃതിയിലെല്ലായിടത്തുമുണ്ട്. അവയുടെ സൗന്ദര്യവും നിഗൂഢതയും ചരിത്രത്തിലുടനീളം ആളുകളെ അതിശയിപ്പിച്ചിരുന്നു. ഭാരതത്തിലും ചൈനയിലും രണ്ടായിരം വർഷങ്ങൾക്ക് മുമ്പുതന്നെ പഞ്ചസാരയുടെയും ഉപ്പിന്റെയും ക്രിസ്റ്റലുകളുണ്ടാക്കുന്ന പ്രക്രിയ അറിയാമായിരുന്നു. അന്നുമുതൽ തന്നെ ക്രിസ്റ്റലുകളുടെ ആന്തരിക ഘടനയും സ്വഭാവങ്ങളും പഠിക്കുവാൻ ആരംഭം കുറിച്ചിരുന്നു. ഈ പഠനം ക്രിസ്റ്റലുകളിൽ ആറ്റങ്ങളെങ്ങനെയാണ് ക്രമീകരിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കുന്നതിനും ഖരാവസ്ഥയുടെ ഭൗതിക രസതന്ത്രശാഖകളുടെയും ജീവശാസ്ത്രം, വൈദ്യശാസ്ത്രം എന്തിന് ഗണിതശാസ്ത്രത്തിന്റെ വികാസത്തിന് കാരണമായി.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലാണ് എക്സ്റേ ഉപയോഗിച്ച് ദ്രവ്യത്തിന്റെ ഘടന മനസ്സിലാക്കാം എന്ന് കണ്ടെത്തിയത്. ഇതാണ് എക്സ്റേ ക്രിസ്റ്റലോഗ്രഫിക്ക് വഴിതെളിച്ചത്. ഡി.എൻ.എ.യുടെ ഘടന, കോശങ്ങളിൽ പ്രോട്ടീന്റെ ഉല്പാദനം എന്നിവ മനസ്സിലാക്കുന്നതിനും പുതിയ പദാർത്ഥങ്ങളുടെയും ഔഷധങ്ങളുടെയും കണ്ടുപിടുത്തത്തിനുമിതു കാരണമായി. ജീവിതത്തിന്റെ സമസ്തമേഖലകളിലും നാം ഉപയോഗിക്കുന്ന പല ഉല്പന്നങ്ങളുടെയും വികാസത്തിന് എക്സ്റേ ക്രിസ്റ്റലോ

ഗ്രഫി ഉപയോഗിച്ചുള്ള ഗവേഷണം അനിവാര്യഘടകമായിരുന്നു. ഇങ്ങനെ എല്ലാ ശാസ്ത്രശാഖകൾക്കും അത്യന്താപേക്ഷിതമായ എക്സ്റേ ക്രിസ്റ്റലോഗ്രഫിയെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള അവബോധം കുറവാണ്. ഇത് മനസ്സിലാക്കിയാണ് ഐക്യരാഷ്ട്രസഭയുടെ പൊതുസഭ 2014ൽ 'അന്താരാഷ്ട്ര ക്രിസ്റ്റലോഗ്രഫി വർഷ'മായി ആചരിക്കുവാൻ ഉദ്ബോധിപ്പിച്ചത്. എക്സ്റേ ക്രിസ്റ്റലോഗ്രഫിയുടെ ജനനത്തിന്റെ നൂറുവർഷം തികയുന്നത് 2014ലാണ്.

ക്രിസ്റ്റലുകളുടെയും എക്സ്റേ ക്രിസ്റ്റലോഗ്രഫിയുടെയും ചരിത്രത്തിലേക്ക് നമുക്കൊന്നെത്തിനോക്കാം. ക്രിസ്റ്റലുകളുടെ ക്രമവും പ്രതിസാമ്യതയും (Symmetry) എല്ലാവരുടെയും വിസ്മയതതിന് കാരണമായിരുന്നു. എന്നാൽ ക്രിസ്റ്റലുകളെക്കുറിച്ചുള്ള ശാസ്ത്രാന്വേഷണം ആരംഭിക്കുന്നത് പതിനേഴാം നൂറ്റാണ്ടുമുതലാണ്. 1611ൽ ജോഹാൻസ് കെപ്ലർ ഹിമചില്ലുകിലെ ഷഡ്ഭുജ പ്രതിസാമ്യത അവയിലെ ജലകണങ്ങളുടെ ക്രമമായ സജ്ജീകരണം കൊണ്ടാണെന്ന് നിർദ്ദേശിച്ചു. നിക്കോളാസ് സ്റ്റെനോയാണ് ക്രിസ്റ്റൽ പ്രതിസാമ്യത ആദ്യമായി ശാസ്ത്രപരീക്ഷണത്തിന് വിധേയമാക്കിയത്. ഒരേ പദാർത്ഥത്തിന്റെ സമാന ക്രിസ്റ്റൽ മുഖങ്ങൾ തമ്മിലുള്ള കോൺ തുല്യമാണെന്ന് അദ്ദേഹം 1669ൽ സ്ഥാപിച്ചു. 1784ൽ Rene Just Hany ഒരേ ആകൃതിയും വലിപ്പവുമുള്ള കണങ്ങൾ അടുക്കിവെച്ച് ക്രിസ്റ്റൽ മുഖം സൃഷ്ടിക്കാമെന്ന് കണ്ടെത്തി. 1839ൽ Willem Hallones Miller ക്രിസ്റ്റൽ മുഖങ്ങൾക്ക് മൂന്ന് പൂർണ്ണ സംഖ്യകളുടെ ലേബൽ നൽകി. ഇതിനാണ് മില്ലർ ഇൻഡിസസ് (indices) എന്നു പറയുന്നത്. ഇന്നുമിത് പ്രചാരത്തിലുണ്ട്. Heny യുടെ പഠനം ക്രിസ്റ്റലുകളിൽ ആറ്റങ്ങളുടെയും തന്മാത്രകളുടെയുംനിയതമായ ക്രമീകരണമുണ്ടെന്ന ശരിയായ ആശയത്തിലെത്തിച്ചേരാൻ സഹായകരമായി. ഈ ക്രമീകരണങ്ങൾ Braveis Lattices എന്നാണ് അറിയപ്പെടുന്നത്. നിശ്ചിതമായ ഒരു അടിസ്ഥാന ഘടനാരൂപം (unit cell) ക്രമമായി ആവർത്തിക്കപ്പെടുമ്പോഴാണ് ക്രിസ്റ്റലുകൾ ഉണ്ടാകുന്നത്.




1895ൽ Withelm Conarod Roentgen X-rays കണ്ടുപിടിച്ചു. എക്സ്റേയുടെ ക്രിസ്റ്റൽ ഉപയോഗിച്ച് വിഭംഗനം (diffraction) നടത്താമെന്ന് നിർദ്ദേശിച്ചത് Max Von Laneയാണ്. അദ്ദേഹവും സംഘവും കോപ്പർ സൾഫേറ്റ് ക്രിസ്റ്റലിൽ എക്സ്റേ പതിപ്പിച്ച് അതിന്റെ വിഭംഗന മാതൃക (diffraction pattern) ഫോട്ടോഗ്രാഫിക് പ്ലേറ്റിൽ രേഖപ്പെടുത്തി. ഇതുപയോഗിച്ച് അദ്ദേഹം യൂണിറ്റ് സെല്ലിന്റെ വലിപ്പവും ക്രമീകരണവും ബന്ധിപ്പിക്കുന്ന നിയമം വികസിപ്പിച്ചു. ഈ കണ്ടെത്തലിന് അദ്ദേഹം 1914ലെ നൊബേൽ സമ്മാനത്തിന് അർഹനായി. William Henry Braggഉം അദ്ദേഹത്തിന്റെ മകൻ William Lawrence Braggഉം ഈ മേഖലയുടെ വികാസത്തിന് നിസ്തുലമായ സംഭാവനകൾ നൽകി. അവർ വികസിപ്പിച്ചെടുത്ത 'ബ്രാഗ് നിയമ'മാണ് എക്സ്റേ ക്രിസ്റ്റലോഗ്രഫിയുടെ അടിത്തറ പാകിയത്. ഈ കണ്ടുപിടുത്തത്തിന് അച്ഛനും മകനും 1915ലെ ഭൗതിക നോബേൽ സമ്മാനം പങ്കിട്ടു. 1914ൽ കറിയുപ്പിന്റെ ക്രിസ്റ്റൽ ഘടനയാണ് ആദ്യമായി കണ്ടെത്തിയത്. അയോണിക സംയുക്തങ്ങളെക്കുറിച്ച് അറിവ് പകർന്നത് ഈ കണ്ടെത്തലിലൂടെയാണ്. വജ്രവും ഗ്രാഫൈറ്റും കാർബണിന്റെ വിഭിന്ന സ്വഭാവമുള്ള രൂപാന്തരങ്ങളാണല്ലോ! ഇതിൽ വജ്രത്തിന്റെ ത്രിമാന ഘടന കണ്ടെത്തിയത് 1914ലാണ്. Fluorite, Calcite, Pyrite എന്നിവയുടെ ക്രിസ്റ്റൽ ഘടനയും 1914ൽ കണ്ടെത്തി. 1916ൽ ഗ്രാഫൈറ്റിന്റെ ഘടന കണ്ടെത്തി. പിന്നീട് അനേകം പദാർത്ഥങ്ങളുടെ ക്രിസ്റ്റൽ ഘടന കണ്ടെത്തുവാൻ ഈ സാങ്കേതിക വിദ്യ സഹായകരമായി.

1923ലാണ് ആദ്യമായി ഒരു കാർബണിക സംയുക്തത്തിന്റെ ക്രിസ്റ്റൽ ഘടന കണ്ടെത്തിയത്. Hexamethyleneteltramine ആയിരുന്നത്. Dorothy Crowfoot Hodgkin 1937ൽ കൊളസ്റ്ററോളിന്റെയും 1946ൽ പെനിസിലിന്റെയും 1956ൽ വിറ്റാമിൻ ബി12ന്റെയും ഘടന കണ്ടെത്തി. ഈ കണ്ടെത്തലുകൾക്ക് Hodgkin 1964ലെ രസതന്ത്ര നൊബേൽ സമ്മാനർഹയായി. 1969ൽ അവർ ഇൻസുലിൻ ഘടനയും കണ്ടെത്തി. മുപ്പതുവർഷത്തെ കഠിന പ്രയത്നത്തിനൊടുവിലാണതു കണ്ടെത്തിയത്. ഇതുപോലെ ധാരാളം ചരിത്രമുഹൂർത്തങ്ങളുണ്ടെങ്കിലും വിസ്താരഭയത്താൽ ദീർഘിപ്പിക്കുന്നില്ല. എല്ലാ കലാലയങ്ങളിലും അന്താരാഷ്ട്ര ക്രിസ്റ്റലോഗ്രഫി വർഷം ആചരിക്കപ്പെടട്ടെ!




# Mandatory 2% CSR spend set to kick in from April 1



Dr.P.S. Mohanakumar
*S.S.College, Kalady*

The new Bill on Corporate Social Responsibility (CSR) mandates that every company having a net worth of Rs 500 crore or more, or a turnover of Rs 1,000 crore or more, or a net profit of Rs 5 crore or more during any financial year must constitute a CSR committee consisting of three or more directors, with at least one independent director. At least 2% of the average net profit of the company made during three previous financial years must be spent on CSR activities. Changing nearly six decades old regulations for corporate reporting, the new Companies Act makes it mandatory for certain class of profitable enterprises to spend profits on social welfare activities. Such collective expenses are estimated to be about Rs15,000-20,000 crore a year. CSR activities shall include: eradication of hunger and poverty, promotion of education, promoting gender equality and women empowerment, reducing child mortality and improving maternal health, combating human immunodeficiency virus (HIV), acquired immune deficiency syndrome (AIDS), malaria and other diseases, ensuring environmental sustainability, employment enhancing vocational skills, social business projects, contribution to the Prime Minister's National Relief Fund. In case the firms are unable to spend the money, they have to provide reasons and disclose the same. The regulation makes it mandatory for the Directors of the company to supervise these spends and to set up a CSR committee to plan, strategize, implement, document and disclose the activities. Failure to comply could lead to consequences but the implications have not yet been outlined.

### None of the Above (NOTA)

The Election Commission of India (ECI) moved the Law Ministry in 2001 for an amendment to the rules to provide for a button in electronic voting machines in order to protect the identity and secrecy of a voter who does not want to vote for any candidate. That was the equivalent of the unmarked ballot paper of the earlier era. **None of the Above (NOTA)**, also known as "**against all**" or a "**scratch**" vote, is a ballot option in some jurisdictions or organizations, designed to allow the voter to indicate disapproval of all of




the candidates in a voting system. It is based on the principle that consent requires the ability to withhold consent in an election, just as they can by voting no on ballot questions.

Entities that include "None of the Above" on ballots as standard procedure include India ("None of the above"), Greece (ëåõêü, white, but unrelated to a political party of the similarly sounding name-however it is symbolic only), the U.S. state of Nevada (None of These Candidates), Ukraine (*Ïðîòè âñ³õ*), Spain (*voto en blanco*), and Colombia (*voto en blanco*). Russia had such an option on its ballots (*Ïðîòèâ âñåõ*) until it was abolished in 2006.Bangladesh introduced this option (¨¾ -ÈÝ) in 2008. Pakistan introduced this option on ballot papers for the 2013 Pakistan elections but later the Election Commission of Pakistan rejected this.

**2013 Global Retail Development Index (GRDI)**

A.T. Kearney's Global Retail Development Index (GRDI) has guided global retailers with their strategic investments for more than a dozen years, and the 2013 Index reflects some important changes to the retail environment . The GRDI ranks the top 30 developing countries for retail investment based on several macroeconomic and retail-specific variables (see appendix: About the Global Retail Development Index). The study is unique because it not only identifies the markets that are most successful today, but also focuses on those that offer the most potential. Some markets are flourishing and exciting, and some, frankly, are challenging for strategic .

The **BRIC markets** (Brazil, Russia, India, and China) remain the magnificent monsters for global retailers—huge, attractive markets—but their paths have diverged. This year's gems include Uruguay (3rd in the rankings), Mongolia (7th), Georgia (8th), and Armenia (10th), among others .

| Rank | Country |
|---|---|
| 1 | Brazil |
| 2 | Chile |
| 3 | Urugay |
| 4 | China |
| 5 | UAE |
| 14 | India |
| 15 | Sri Lanka |
| 16 | Saudi Arabia |

**Brazil:** On top again. Brazil tops the GRDI for the third consecutive year. Despite a GDP slowdown (1 percent in 2012), retail spending remains strong and is expected to rise 11 percent in 2013 thanks to continued expansion, organic growth, infrastructure improvements, and rising consumer confidence. Stronger employment rates and increased credit access for Brazil's middle class— —expected to grow to 113 million people by 2014, or roughly 56 percent of the population—are proving attractive to retailers.

**India:** Growth slowdown, but still strong. The global slowdown hasn't spared India, whose GDP growth rate slipped to 5 percent, down from a 10-year average of 7.8 percent. Same-store sales volume growth slowed in 2012 across retail, particularly for lifestyle and value-based formats. India falls nine spots in the GRDI to 14th; its previous low ranking was 6th place in the inaugural Index in 2002, and it was first as recently as 2009.

എറണാകുളം

# പ്രൊഫ. സെബാസ്റ്റ്യൻ കെ ആൻറണിക്ക് സ്വീകരണം നൽകി

മേയ് മാസം 12-ാം തിയതിയിലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് അനുസരിച്ച് സെൻറ്. ആൽബർട്ട്സ് കോളജ് മാനേജ്മെൻറ് പ്രൊഫ. സെബാസ്റ്റ്യൻ കെ ആൻറണിയെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു. അദ്ദേഹം മേയ് മാസം 27-ാം തിയതി തിരികെ സർവ്വീസിൽ പ്രവേശിച്ചു. എ കെ പി സി ടി എ പ്രവർത്തകരും പൂർവ്വ വിദ്യാർത്ഥികളും നാട്ടുകാരും അടങ്ങിയ ഒരു വൻ ജനാവലിയുടെ സാന്നിദ്ധ്യത്തിലാണ് അദ്ദേഹം തിരികെ സർവ്വീസിൽ പ്രവേശിച്ചത്.അന്ന് വൈകുന്നേരം എറണാകുളം എൻ ജി ഒ യൂണിയൻ ജില്ലാ കമ്മിററി ഹാളിൽ വച്ച് വിവിധ സർവ്വീസ് സംഘടനകളുടെ ആഭിമുഖ്യത്തിൽ അദ്ദേഹത്തിന് സ്വീകരണം നൽകി. സ്വീകരണ സമ്മേളനം സ. പി. രാജീവ് എം പി ഉദ്ഘാടനം ചെയ്തു. തൻെറ ഉദ്ഘാടന പ്രസംഗത്തിൽ സ. പി രാജീവ് സെൻറ് ആൽബർട്ട് കോളജിനു മുന്നിൽ സെബാസ്റ്റ്യൻ കെ. ആന്റണിയെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കാൻ വേണ്ടി എ കെ പി സി ടി എയുടെ നേതൃത്വത്തിൽ നടത്തിയ ഐതിഹാസിക സമരത്തെക്കുറിച്ച് പ്രതിപാദിച്ചു. പ്രൊഫ. സെബാസ്റ്റ്യൻ കെ ആൻറണിയെ സർവ്വീസിൽ പ്രവേശിക്കാൻ വേണ്ടി എ കെ പി സി ചി എ നടത്തിയ നിയമ പോരാട്ടങ്ങളും വിശദീകരിച്ചു. യോഗത്തിൽ ഡോ. രാജൻവർഗീസ്, എൻ ജി ഒ യൂണിയൻ ജില്ലാ പ്രസിഡൻറ് സ. സതീശൻ കെ എസ് ടി എ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിററി അംഗം സ.




സജീവൻ, കെ ജി ഒ എ ജില്ലാപ്രസിഡൻറ് ഗീവർഗീസ്, പുർവ്വ വിദ്യാർത്ഥി പ്രതിനിധി. അഡ്വ. ജുബിരാജ് പ്രൊഫ. ഡി സലിംകുമാർ എന്നിവർ അനുമോദന പ്രസംഗം നടത്തി. പ്രൊഫ. സെബാസ്റ്റ്യൻ കെ ആൻറണി അദ്ദേഹത്തെ പുറത്താക്കാനുള്ള കാരണങ്ങൾ മറുപടി പ്രസംഗത്തിൽ വിശദീകരിച്ചു. സംഘടന അദ്ദേഹത്തിനു നൽകിയ എല്ലാ സഹായസഹകരണങ്ങൾക്കും അദ്ദേഹം മറുപടി പ്രസംഗത്തിൽ നന്ദി പറഞ്ഞു. സംസ്ഥാന പ്രസിഡൻറ് ഡോ. കെ പി സുകുമാരൻ നായരുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജനറൽ സെക്രട്ടറി ഡോ. കെ ശ്രീവത്സൻ സ്വാഗതവും, പ്രൊഫ. ടോമിച്ചൻ ജോസഫ് നന്ദിയും പറഞ്ഞു.

കണ്ണൂർ- കാസർഗോഡ്



എ. കെ. പി. സി. ടി.എ കണ്ണൂർ- കാസർഗോഡ് ജില്ലാ സമ്മേളനം
ഐ.എസ്.ആർ.ഒ മുൻ ശാസ്ത്രജ്ഞൻ പി. എം. സിദ്ധാർത്ഥൻ ഉദ്ഘാടനം ചെയ്യുന്നു.




എ. കെ. പി. സി. ടി.എ കണ്ണൂർ– കാസർഗോഡ് ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി
മട്ടന്നൂരിൽ നടന്ന സാംസ്കാരിക സമ്മേളനം പ്രൊഫ. എം. എം. നാരായണൻ ഉദ്ഘാടനം ചെയ്യുന്നു.

# എ.കെ.പി.സി.ടി.എ ജില്ലാതല കുടുംബസംഗമവും യാത്രയയപ്പും



എ. കെ. പി. സി. ടി. എ കണ്ണൂർ- കാസർഗോഡ് ജില്ലാകമ്മിറ്റി കുടുംബസംഗമവും വിരമിക്കുന്നവർക്ക് യാത്രയയപ്പും നൽകി. സി. പി. ഐ (എം) ജില്ലാകമ്മിറ്റി അംഗം എൻ. ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. സർവ്വീസിൽ നിന്നും വിരമിക്കുന്നവർക്ക് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. കെ. ശ്രീവത്സൻ ഉപഹാരങ്ങൾ നൽകി. ജില്ലാ പ്രസിഡന്റ് പ്രമോദ് വെള്ളച്ചാൽ അദ്ധ്യക്ഷതവഹിച്ചു. മുൻ സംസ്ഥാന പ്രസിഡന്റ് ഡോ. എ. പി. കുട്ടികൃഷ്ണൻ, മുൻ ജില്ലാ പ്രസിഡന്റ് എം. അബ്ദുൾ റഹ്മാൻ, സംസ്ഥാന സെക്രട്ടറി വി. കുട്ട്യൻ മുൻ സംസ്ഥാന സെക്രട്ടറി ഡോ. കെ. പ്രദീപ്കുമാർ, മുൻ ജില്ലാ സെക്രട്ടറി പി. വി. രവീന്ദ്രൻ, സംസ്ഥാന അക്കാദമിക് കൺവീനർ സി. പത്മനാഭൻ, സംസ്ഥാന കമ്മിറ്റി അംഗം ഡോ. കെ. രാജൻ, മേഖല വനിതാ കൺവീനർ ഷീല എം. ജോസഫ് എന്നിവർ പ്രസംഗിച്ചു. ജില്ലാ സെക്രട്ടറി എ. നിഷാന്ത് സ്വാഗതവും ജില്ലാ വൈസ് പ്രസിഡന്റ് ഡോ. ടി. വി. രാമകൃഷ്ണൻ നന്ദിയും പറഞ്ഞു.

# സർവ്വകലാശാല സെൻട്രൽ ലൈബ്രറി കെട്ടിടത്തിന്റെ പണി ഉടൻ പൂർത്തിയാക്കണം



സർവ്വകലാശാല സെൻട്രൽ ലൈബ്രറി കെട്ടിടത്തിന്റെ പണി ഉടൻ പൂർത്തിയാക്കണമെന്ന് ആവശ്യപ്പെട്ട് കണ്ണൂർ സർവകലാശാല സംരക്ഷണസമിതി കൺവെൻഷൻ നടത്തി. വൈസ് ചാൻസിലർ ഖാദർ മാങ്ങാട് പി. എച്ച്. ഡി നേടിയതിലെ ക്രമക്കേട് അന്വേഷിക്കണമെന്നും ആരോപണ വിധേയനായ വി. സിയെ പുറത്താക്കണമെന്നും കൺവെൻഷൻ ആവശ്യപ്പെട്ടു. സംരക്ഷണ കൺവെൻഷൻ എൻ.ജി.ഒ യൂണിയൻ ഹാളിൽ പരിയാരം മെഡിക്കൽകോളേജ് ചെയർമാൻ എം. വി. ജയരാജൻ ഉദ്ഘാടനം ചെയ്തു. ടി. വി. രാജേഷ് എം. എൽ. എ മുഖ്യപ്രഭാഷണം നടത്തി. എ. നിഷാന്ത് അദ്ധ്യക്ഷനായി. ഡോ. പി. ബാബു ആന്റോ, ഡോ. പി. ഓമന, വി. കുട്ട്യൻ, ബിനോയ് കുര്യൻ, എം. ഷാജർ, പി. സി. എച്ച് ശശിധരൻ, കെ. പി. സുധീർചന്ദ്രൻ പി. കെ. ബൈജു എന്നിവർ സംസാരിച്ചു. പി. ജെ. സാജു സ്വാഗതവും വിജയൻ അടുക്കാടൻ നന്ദിയും പറഞ്ഞു.

# പാലക്കാട് ജില്ലാ വനിതാ കൺവെൻഷൻ

എ കെ പി സി ടി എ പാലക്കാട് ജില്ലാ വനിതാ കൺവെൻഷൻ 2014 ഫെബ്രുവരി 15 ശനിയാഴ്ച ശ്രീകൃഷ്ണപുരം വി ടി ഭട്ടതിരിപ്പാട് കോളജിൽ വച്ചു നടന്നു. ജില്ലാ വനിതാ കൺവീനർ പ്രൊഫ. ജ്യോതിലക്ഷ്മി (എൻ എസ് എസ് നെന്മാരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കൺവെൻഷൻ ബഹു. ഒററപ്പാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. ഗൗരിട്ടീച്ചർ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ഡോ. പാർവ്വതി, വി ടി ബി കോളജ്, മണ്ണമ്പററ, ഡോ. ഗീത, വിടി ബി കോളജ് മണ്ണമ്പററ, ഡോ. നയന , എൻ എസ് എസ് കോളജ് ഒററപ്പാലം, ഡോ. ബനൃന്ദാകുമാരി, മേഴ്സി കോളജ് പാലക്കാട്, പ്രൊഫ. സുധാകരൻ, ജില്ലാ സെക്രട്ടറി, എ കെ പി സി ടി എ പ്രൊഫ. എ ടി ചെറിയാൻ തുടങ്ങിയവർ സംസാരിച്ചു.






എ.കെ. പി.സി.ടി.എ പാലക്കാട് ജില്ലാസമ്മേളനം സ. ഹംസ എം. എൽ. എ ഉദ്ഘാടനം ചെയ്യുന്നു.

# സമഗ്രമായ വിദ്യാഭ്യാസനയം കേരളത്തിൻെറ വികസനത്തിന് അനിവാര്യം- ഡോ. ബി ഇക്ബാൽ




കൃത്യമായ രാഷ്യട്രീയ കാഴ്ചപ്പാട്, അക്കാദമിക സജീവത, ബുദ്ധിപരമായ സത്യസന്ധത എന്നിവയിലൂന്നിയ സമഗ്രമായ വിദ്യാഭ്യാസ നയം കേരളത്തിൻെറ വികസനത്തിന് അനിവാര്യമാണെന്ന് ഡോ. ബി ഇക്ബാൽ അഭിപ്രായപ്പെട്ടു. എ കെ പി സി ടി എ കോട്ടയം ഇടുക്കി ജില്ലാ സമ്മേളനം കോട്ടയം ബസേലിയോസ് കോളജിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേന്ദ്ര കേരള സർക്കാരുകൾ ഇതിന് കടകവിരുന്ന സമീപനങ്ങളാണ് ഈ മേഖലയിൽ സ്വീകരിക്കുന്നത്. സ്വയംഭരണ കോളജുകൾ വരുന്നതോടുകൂടി ഈ രംഗത്ത് നിലനില്ക്കുന്ന സാമൂഹിക നീതി പൂർണമായും നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടാവും. നവോത്ഥാന കാലത്ത് സമരത്തിലൂടെ നേടിയെടുത്ത എല്ലാ നേട്ടങ്ങളും ഇല്ലാതാകും. ജില്ലാ പ്രസിഡണ്ട് പ്രൊഫ. ജോജി അലക്സ് അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. കെ കെ രാജു, പ്രൊഫ. ടോമിച്ചൻ ജോസഫ് എ പത്മകുമാർ ജേക്കബ് സി നൈനാൻ എന്നിവർ ആശംസകൾ നേർന്നു. ഡോ. പി കെ പത്മകുമാർ റിപ്പോർട്ടും ഡോ. ബിജു തോമസ് കണക്കും അവതരിപ്പിച്ചു. പി ഹരികൃഷ്ണൻ പ്രമേയങ്ങൾ അവതരിപ്പിച്ചു.

ഉച്ചയ്ക്കു ശേഷം നടന്ന യാത്രയയപ്പ് സമ്മേളനം ഡോ. രാജൻ വർഗീസ് ഉദ്ഘാടനം ചെയ്തു. ഡോ. ബീന അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ. പി എസ് ഗീതാകുമാരി , കെ രാധാകൃഷ്ണൻ നായർ, പോൾ. വി കാരന്താ



നം എന്നിവർ ആശംസകൾ നേർന്നു.

ഭാരവാഹികളായി പ്രൊഫ. ജോജി അലക്സ് (പ്രസിഡണ്ട്) ഡോ. ബീന (വൈസ് പ്രസിഡൻറ്) ഡോ. പി കെ പത്മകുമാർ (സെക്രട്ടറി) ഡോ. ജോയ്സ് ജോസഫ്കുട്ടി ജോസഫ് (ജോ. സെക്രട്ടറി) ഡോ. ബിജു തോമസ്(ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

# വനിതാ സമ്മേളനം– ആലപ്പുഴ ജില്ല
# സമരങ്ങളെ ചോദ്യം ചെയ്യുന്നത് ചരിത്രനിഷേധം




തൊഴിലിടങ്ങളിലും പൊതു ജീവിതത്തിലും സ്ത്രീകൾ നേടിയ അവകാശങ്ങൾ നിരന്തരമായ സമരങ്ങളിലൂടെ നേടിയതാണെന്ന് വിസ്മരിക്കാൻ പാടില്ലെന്ന് അഡ്വ. സി എസ് സുജാത പ്രസ്താവിച്ചു. എ കെ പി സി ടി എ 56-ാം സംസ്ഥാന സമ്മേളനത്തിനു മുന്നോടിയായി വനിതാ- അക്കാദമിക് കമ്മിററികൾ സംയുക്തമായി കായംകുളം എം എസ് എം കോളജിൽ സംഘടിപ്പിച്ചു. വനിതാ സംഗമവും ചരിത്ര സെമിനാറും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ. സമരങ്ങൾക്കെതിരെ ചിന്തിക്കുന്ന ഒരു പുതിയ തലമുറ വളർന്നു വരുന്നുണ്ട്. ഇവർ ചരിത്രത്തെ നിഷേധിക്കുകയാണ്. നേടിയെടുത്ത അവകാശങ്ങൾ പോലും നഷ്ടപ്പെടുന്നതിന് ഇത് വഴിവെക്കുമെന്ന് അവർ മുന്നറിയിപ്പ് നല്കി. ഗാർഹിക പീഡനത്തിൽ കേരളം ഇന്ത്യയിൽ രണ്ടാം സ്ഥാനത്താണെന്നത് ലജ്ജാകരമാണെന്നും അഡ്വ. സുജാത ഓർമ്മിപ്പിച്ചു

എ കെ പി സി ടി എ സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ. പി എസ് ഗീതാകുമാരി അധ്യക്ഷത വഹിച്ച യോഗത്തിൽ സംഘടനാ ചരിത്രം അവതരിപ്പിച്ചു കൊാ് ഡോ. സി പത്മനാഭൻ സംസാരിച്ചു. സിണ്ടിക്കേററംഗം പ്രൊഫ. പി രഘുനാഥ് ആശംസകൾ അർപ്പിച്ചു. ഡോ. എസ് ആമിന, പ്രൊഫ. കെ ഗീതാകുമാരി, പ്രൊഫ. എം പ്രീത്, പ്രൊഫ. ആർ ഇന്ദുലാൽ തുടങ്ങിയവർ സംസാരിച്ചു




എ. കെ. പി.സി.ടി.എ തിരുവനന്തപുരം ജില്ലാസമ്മേളനം സി. പി. ഐ (എം) ജില്ലാ സെക്രട്ടറി സ. കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

# അക്കാദമിക് സെമിനാർ

എ കെ പി സി ടി എ മലപ്പുറം ജില്ലാ അക്കാദമിക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മമ്പാട് എം ഇ എസ് കോളജിൽ വെച്ച് ഓട്ടോണമസ് കോളജുകൾ പ്രശ്നങ്ങൾ- സാധ്യതകൾ എന്ന വിഷയത്തെക്കുറിച്ച് സെമിനാർ നടത്തി. കോഴിക്കോട് സർവ്വകലാശാല മുൻ സിണ്ടിക്കേറ്റ് അംഗം ഡോ. കെ കെ ബാലചന്ദ്രൻ സെമിനാർ ഉദ്ഘാടനം ചെയ്തു എ കെ പി സി ടി എ കണ്ണൂർ- കാസർകോട് ജില്ലാ സെക്രട്ടറി എ നിഷാന്ത് വിഷയം അവതരിപ്പിച്ചു. ഡോ മുഹമ്മദാലി, എ കെ പി സി ടി എ ജില്ലാ സെക്രട്ടറി ഡോ. സി അബ്ദുൾ മജീദ് എന്നിവർ ആശംസകൾ നേർന്നു. ഡോ. അബ്ദുൾ റഹ്മാൻ (കെ പി സി ടി എ) ശ്രീ. സലാഹുദ്ദീൻ (സിണ്ടിക്കേറ്റ് അംഗം- (സി കെ സി ടി) ശ്രീ. മുഹമ്മദ് അയൂബ് ( കെ പി സി എം എസ് എഫ്) ആതിര, മുസമ്മിൽ, മുബീൻ (എസ് എഫ് ഐ) ഷമീം (എം എസ് എഫ്) തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. ഡോ. ഗോപാലകൃഷ്ണൻ എം ബി സ്വാഗതവും, ശ്രീ അനസ് നന്ദിയും രേഖപ്പെടുത്തി. ചർച്ചയ്ക്ക് ശ്രീ എ നിഷാന്ത് മറുപടി പറഞ്ഞു.



എ.കെ.പി.സി.ടി.എ കൊല്ലം ജില്ലാ സമ്മേളനം
കെ.എൻ. ബാലഗോപാലൻ എം.പി ഉദ്ഘാടനം ചെയ്തു.

# എറണാകുളം ജില്ലാ സമ്മേളനം

എറണാകുളം ജില്ലാ സമ്മേളനം 15/02/2014 - ന് ശിക്ഷക് ഭവനിൽ വെച്ചു നടന്നു. ദേശാഭിമാനി കൊച്ചി മാനേജറും, സി.പി. ഐ (എം) സംസ്ഥാന കമ്മിറ്റി അംഗം സ.സി. എൻ മോഹൻ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ മേഖലയിലേക്ക് ഫിനാൻസ് ക്യാപിറ്റൽ കടന്നു വരുന്നതിന്റെയും വികസനം സാമ്പത്തിക മൂലധനത്തിന്റെ തടസരഹിതമായ ഒഴുക്കിനുവേണ്ടിയാണെന്ന അവസ്ഥ സംജാതമായിരിക്കുന്നെന്നു പൊതുസ്ഥാപന ജീർണ്ണതയുടെ പഴുതിലൂടെയാണ് സ്വകാര്യവത്കരണം വിദ്യാഭ്യാസമേഖലയിൽ പിടിമുറുക്കുന്നത് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എം.ജി. യൂണിവേഴ്സിറ്റി മുൻ പ്രോ.വൈസ് ചാൻസിലർ ഡോ. രാജൻ വർഗീസ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി പ്രൊഫ.കൃഷ്ണദാസ് സ്വാഗതം പറഞ്ഞ ചടങ്ങിൽ ജോയിന്റ് സെക്രട്ടറി ഡോ.മുരളികൃഷ്ണൻ നന്ദിയും പറഞ്ഞു.

**GOVERNMENT OF KERALA**
**Abstract**

Higher Education-Technical- Eligible leave as qualifying service for Career Advancement Scheme-Modified-Orders Issued

**HIGHER EDUCATION (G) DEPARTMENT**

**G.O. (Rt.) No: 721/2014/H.Edn Dated, Thiruvananthapuram, 01.04.2014**

*Read:*-(i)G.O(Rt) 1940/12/H.Edn dated 28-9-12

**ORDER**

Government issued clarifications regarding the implementation of Career Advancement Scheme of 6th AICTE pay revision, as per the G.O read above. As per clause XII of the G.O, no leave except casual leave shall be considered as qualifying service in Career Advancement Scheme.

Government have received representations requesting to include all eligible leave as qualifying service for Career advancement Scheme.

Government have examined the matter in detail and are pleased to modify clause XII of the G.O read above as follows.

clause XII: *All types of leave, which will be reckoned as qualifying service as per KSR will also be reckoned as qualifying service for Career advancement Scheme, for members of faculty covered under AICTE scheme.*

The G.O read above is modified to this extent only.

(By order of the Governor )
**T. J Varkey**
Under Secretary to Government

## GOVERNMENT OF KERALA

**Abstract**

Higher Education Department-Ph.D obtained/registered on or before 10.07.2009-Exempted from NET for appointment as Lecturer/Assistant Professor in Universities and affiliated Colleges-Orders issued.

**HIGHER EDUCATION (C) DEPARTMENT**

**G.O. (Ms.) No: 163/2014/H.Edn Dated, Thiruvananthapuram,**

**19.04.2014**

*Read*:-1.G.O(P)No.58/2010/H.Edn dated 27.03.2010. 2.G.O(P)No.392/2010/H.Edn dated 10.12.2010.

3.Letter.No.F.9-3/2010(PS)Misc dated 16.11.2012 from the Secretary, University Grants Commission, New Delhi.

4.Letter.No.UGC Cell.3/10416/2013/Coll.Edn dated 02.04.2013 from the Director of Collegiate Education, Thiruvananthapuram.

5.Letter.No.51/KSHEC.Govt./2013-14 dated 16.01.2014 from the Member Secretary, Kerala State Higher Education Council, Thiruvananthapuram.

## ORDER

Government, vide Order read as first paper above have implemented the Sixth UGC Scheme & Pay Revision in the State. Along with the minimum qualifications prescribed by the UGC, Clause 5.6 of the said G.O provide NET as the compulsory requirement for appointment at the entry level of Assistant Professor, subject to the exemptions to the degree of Ph.D in respect of those persons obtaining the award through a process of registration, course-work and external evaluation, as have been laid down by the UGC through its regulations, and so adopted by the University. As per UGC (Minimum qualifications required for the appointment and career advancement of teachers in Universities and Institutions affiliated to it) (3rd Amendment) Regulation 2009, candidates, who are or have been awarded Ph.D Degree in compliance of the "University Grants Commission(minimum standards and procedure for award of Ph.D Degree), Regulation, 2009, shall be exempted from the requirement of the minimum eligibility condition of NET/SLET for recruitment and appointment of Assistant Professor or equivalent positions in Universities/Colleges/Institutions.

Government have received several representations requesting to permit all those who acquired or registered for Ph.D before the University Grants Commission(minimum standards and procedure for award of Ph.D Degree), Regulations 2009 came into force, for appointment to the post of Assistant Professor in Universities & Colleges. The Director of Collegiate Education, in the letter read as fourth paper has reported that it will be a discrimination if those candidates who acquired Ph.D following the norms of Universities existed prior to the amendment of statutes of the concerned Universities are denied to take part in the selection process conducted by the PSC or by the managements. The various Universities in the State are of the opinion that exemption may be given to those candidates who have registered for Ph.D programme before the implementation of the new UGC Regulations, 2009 from the procedures and conditions stipulated in the Regulations as they have completed the programme and received Ph.D degree on the basis on the then Regulations of the University. The Member Secretary, Kerala State Higher Education Council, vide letter read as fifth paper above, opined that since candidates cannot be made victim to a restriction imposed during the continuation of a regconised course, all Ph.D holders who have registered for Ph.D Degree from UGC recognized universities before UGC promulgating the course work restriction shall be granted exemption from the same.

Government have examined the matter in detail and are pleased to order that candidates who had obtained Ph.D degree on or before 10.07.2009 and all candidates who have registered for Ph.D on or before 10.07.2009 and were subsequently awarded Ph.D degree shall be exempted from the requirement of NET for the purpose of appointment as Lecturer/ Assistant Professor in Universities & affiliated colleges in the State.

(By order of the Governor)
Ajikumaran S
Additional Secretary to
Government

GOVERNMENT OF KERALA

Abstract

Finance Department - KSRs - Enhancement of Special Casual Leave to employees undergoing Chemotherapy or Radiation - Sanctioned - Orders Issued.

FINANCE (RULES-B) DEPARTMENT

G.O(P)No. 447/2013/Fin. Dated, Thiruvananthapuram, 09/09/2013

Read:-1) G.O(P).334/201]7Fin. Dated, 06/08/2011. 2) G.O(P).508/2012/Fin. Dated, 22/09/2012.

ORDER

1. As per rule 19, Appendix VII, Part-I, Kerala Service Rules, employees who undergo chemotherapy or radiation for treatment of cancer are eligible for Special Casual Leave for a period not exceeding 45 days in a calender year, subject to the conditions specified therein.

2. It has been brought to the notice of the Government that 45 days of Special Casual Leave sanctioned to cancer patients to undergo chemotherapy or radiation is hardly sufficient to meet their treatment requirements.

3. Government after having examined the matter in detail are pleased to enhance the amount of Special Casual Leave up to a period of Six months subject to the conditions stipulated under rule 19, Appendix VII, Part-I, Kerala Service Rules, with effect from the date of this order.

4. Necessary amendments to KSRs will be issued separately.

By Order of the Governor

RAJESH KUMAR SINHA
Secretary Finance (Expenditure)

---

GOVERNMENT OF KERALA HIGHER EDUCATION (C) DEPARTMENT

No. 25518/C3/10/H.Edn

Thiruvananthapuram
Dated: 18.01.2014

Sir

From

Additional Chief Secretary to Govt.

To

The Accountant General (A&E), Kerala,
Thiruvananthapuram/Kottayam.

Sub:- Higher Education Department- Sixth UGC Scheme-Placement of Selection Grade Lecturers/Readers to the post of Associate Professor-Clarification-reg.

Ref:- I.G.O(P)No.58/2010/H.Edn dated 27.03.2010.
2.Letter No.I-36/2009-U.II dated 26.08.2010 from the Director, Ministry of Human Resource Development, Government of India.
3.Government Letter of even number dated 18.11.2011 & 02.06.2012.
4.Letter No.GE.10/GI/2680 dated 19.07.2012 from the Deputy Accountant General (A&E), Office of the Accountant General (A&E), Kerala, Branch Office, Kottyam.

I am to invite your attention to the reference cited and to inform that the provisions in para 6.1.9, 6.1.10 & 6.1.11 of the Government Order first cited allow re-designation of all Selection Grade Lecturers/Readers in service as Associate Professor on completion of three years service unconditionally. They are not supposed to satisfy any qualifying conditions for such re-designation and no separate order from Goverment is necessay for granting this benefit. Further, Ministry of Human Resource Development, Government of India, as per reference (2) cited(copy enclosed) has also conveyed the decision for such re-designation to the Selection Grade Lecturers/Readers who are appointed or promoted on or after 1/1/2006 till 30/6/2010. Hence, it is informed that all Selection Grade Lecturers/Readers as on 30/06/2010, may be re-designated as Associate Professors as and when they complete three years as Selection Grade Lecturers/Readers, without any separate placement/re-designation orders and their pay fixation may be done accordingly.

Yours faithfully

S.K RadhraKrishnan
Under Secretary to Government
(For Additional Chief Secretary to Govt.

## കേരള സർവ്വകലാശാല സെനറ്റ് തിരഞ്ഞെടുപ്പ്

## എ.കെ.പി.സി.ടി.എയ്ക്ക് ഉജ്ജ്വലവിജയം

**R.Mohanakrishanan**
M.G College, Thiruvananthapuram



**Oleena A.G**
M.G College Thiruvananthapuram



**S.Amina**
M.S.M College, Kayamkulam



**P.Sunil Kumar**
Sanathana Dharma College, Alappuzha



**M. Sirajudeen**
T.K.M. College of Engineering, Kollam



**Shaji. K**
St. Gregorios College, Kottarakara



**Suja Eapen**
Mar Ivanios College, Thiruvananthapuram



**Dr. S. Sreeja**
S.N. College, Kollam



**Jojo P.J**
Fatima Mata National College, Kollam



**Dr. T. Pradeep**
Sree Narayana College, Cherthala



## ഡോക്ടറേറ്റ്

കണ്ണൂർ സർവ്വകലാശാലയിൽ നിന്നും എഡ്യൂക്കേഷനിൽ ഡോക്ടറേറ്റ് നേടിയ **ബേബി പുഷ്പലത.** കണ്ണൂർ ജില്ലയിലെ കരിമ്പം കെ. ഇ. സാഹിബ് ട്രെയിനിംഗ് കോളജ് ബ്രാഞ്ച് സെക്രട്ടറിയാണ്. ഡോ. കെ. പി. സുരേഷിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.





കണ്ണൂർ സർവ്വകലാശാലയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേററ് നേടിയ **ഹേമലത പി.** ഒററപ്പാലം എൻ എസ് എസ് കോളജിലെ അസോസ്സിയേററ് പ്രൊഫസറാണ്.

ഇടുക്കി രാജകുമാരി എൻ. എസ് എസ് കോളജിൽ അസോസ്സിയേറ്റ് **പ്രൊഫ. പ്രവീൺ.** എൻ, കൊച്ചി സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചു. പ്രൊഫ. ടെസ്സമ്മ തോമസിന്റെ മേൽനോട്ടത്തിലുള്ള *Development of Biometric Authentication System Based on Fingerprint and Speech* എന്ന വിഷയത്തിലുള്ള ഗവേഷണത്തിനാണു ഡോക്ടറേറ്റ്





കതോലിക്കേറ്റ് കോളജ് കോമേഴ്സ് വിഭാഗം അധ്യാപകനും പാമ്പാടി കെ ജി കോളജ് കോമേഴ്സ് റിസർച്ച് സെന്ററിലെ സൂപ്പർവൈസിങ് ടീച്ചറുമായ **ഡോ. പി. എൻ. ഹരികുമാറിന്** കേരള സർവ്വകലാശാലയിൽ നിന്നും രണ്ടാമത്തെ പി.എച്ച്.ഡി ലഭിച്ചു. മാനേജ്മെന്റ് സ്റ്റഡീസിൽ ഗ്രീൻ മാർക്കറ്റിങ് എന്ന പ്രബന്ധത്തിനാണ് ഡോക്ടറേറ്റ് ലഭിച്ചത്.

കേരള യൂണിവേഴ്സിററിയിൽ നിന്നും ഹോം സയൻസിൽ ഡോക്ടറേറ്റ് നേടിയ **പി. ആർ. ഷീജ.** നീറമൺകര എൻ. എസ്. എസ് കോളജ് അദ്ധ്യാപികയാണ്. *Female Health Workers in Reproductive and child Health Programme in Tvpm District* എന്ന വിഷയത്തിൽ ഡോ.എസ്. കാമിനിയുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം





യൂണിവേഴ്സിറ്റി ഓഫ് ടോക്കിയോയുടെ ക്ഷണപ്രകാരം 2013 സെപ്റ്റംബർ 3 മുതൽ 4 വരെ നടന്ന *World Statistics Congress (WSC 2013)* ൽ പ്രബന്ധം അവതരിപ്പിച്ച **ഡോ. കെ. കെ. തമ്പി** എസ്.എൻ.എം കോളജ് മാല്യങ്കരയിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അസോസിയേറ്റ് പ്രൊഫസറും എ.കെ.പി.സി.ടി.എ ജില്ലാ കൗൺസിൽ അംഗവുമാണ്.

## അഭിവാദ്യങ്ങൾ

R.No. 36025/81
No. 244

KERALA PRIVATE COLLEGE TEACHER

Registered No. KL/TV (N)35/2012-2014
Rs. 11/- JUNE 2014

Makes you feel at home...

Munnar Heaven's

Munnar Tourist Home

www.munnarheaven.com||munnarheaven@gmail.com

Deluxe Room
Premium Room Honey Moon SuitFamily Room
Deluxe Dormitory(16 Bed)



24 Hrs. Hot & Cold Water | Cable TV | Intercom Facility |
Doctor On Call | Guide Service | WiFi Facility | Ample Car Parking |
Travel Desk | Tea Garden & Spice Plantaion Visit | Adventure Activities |

Near Police Station, Devikulam Road,
Munnar PO. Pin:- 685612
Ph:- 04865-230862, 233862

Reservation : +91 8281100444

Edited , Printed and Published by V.N.Murali, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01, Ph: 3012141
Chief Editor:Prof. Pramod Vellachal